one toothpaste
at effectively
s away germs

[redacted]

# ടോൾസ്റ്റായി

(ഒരു ലഘുജീവചരിത്രം)

THE SENGUPTA PUBLIC LIBRARY
PUTHIYARA.

ചിറയിൻകീഴ് ഭാസ്കരപിള്ള

കെ. ബി. പ്രസിദ്ധീകരണങ്ങൾ
തിരുവനന്തപുരം

210033

# കൌണ്ട് ലിയോ
# ടോൾസ്റ്റായി

THE SENGUPTA PUBLIC LIBRARY
PUTHIYARA.
f/113

ഗ്രന്ഥകർത്താ:
**ചിറയിൻകീഴ് കെ. ഭാസ്കരപിള്ള**
ബി. എ., ബി. എൽ.
Prizeman, University of Madras.

**കെ. ബി. പ്രസിദ്ധീകരണങ്ങൾ**
തിരുവനന്തപുരം.

പകർപ്പവകാശം. വില രൂപാ ഒന്ന്.

---

ഗ്രന്ഥകർത്താവിന്റെ ഒപ്പോ മുദ്രയോ ഇല്ലാത്ത പുസ്തകം
വ്യാജനിർമ്മിതമാകുന്നു.

ഒന്നാംപതിപ്പ് | പ്രതികൾ
1124 ചിങ്ങം | 500

ALL RIGHTS OF THIS BOOK
RESERVED BY THE
AUTHOR.

*Printed at*
*The Sri Vilas Press, Trivandrum.*

# പ്രസ്താവന

---

പ്രശസ്തസാഹിത്യകാരനും ചിന്തകനുമായ കൌണ്ടു് ലിയോ ടോൾസ്റ്റോയിയുടെ ഒരു ലഘുജീവചരിത്രമാണു പ്രകൃതഗ്രന്ഥം. ഈ പുസ്തകരചനയിൽ ഇംഗ്ലീഷ് ഭാഷയിലുള്ള അനേകം ഗ്രന്ഥങ്ങളെ ഉപജീവിച്ചിട്ടുണ്ടു്. അവയിൽ Aylmer Maude-ന്റെ ടോൾസ്റ്റോയിയുടെ ജീവചരിത്രം പ്രത്യേകം പ്രസ്താവ്യമാണു്. വസ്തുതകൾക്കു ക്രമീകരണത്തിനും ന്യൂനത സംഭവിക്കാതെ സ്വതന്ത്രമായ രീതിയിലാണു് ഈ ഗ്രന്ഥം രചിച്ചിട്ടുള്ളതു്. റഷ്യൻനാമധേയങ്ങൾ ഉച്ചാരണവൈഷമ്യം ചെക്കുന്നതുകൊണ്ടു കഴിയുന്നതും ആവശ്യമുള്ള പേരുകൾ മാത്രമേ ഇതിൽ ചേർത്തിട്ടുള്ളൂ. അതുപോലെതന്നെ മലയാളികൾക്കു് അപരിചിതങ്ങളായ ടോൾസ്റ്റോയികൃതികളെപ്പറ്റിയും ക്രൂലങ്കഷമായ നിരൂപണത്തിനു യത്നിച്ചിട്ടില്ല.

ഈ ഗ്രന്ഥരചനയിൽ മഹത്തായ പ്രോത്സാഹനം നൽകിയ അഭിവന്ദ്യഗുരുനാഥൻ ശ്രീ. കെ. എൻ. വാസുദേവപ്പണിക്കർ അവർകൾ, എം.എ.-യോടും കയ്യെഴുത്തുപ്രതി പരിശോധിച്ചുതന്ന വന്ദ്യപിതൃവ്യൻ ശ്രീ. വി. ഗോപാലപിള്ള അവർകൾ, ബി.എ.,എൽ.റ്റി.-യോടും ഞാൻ അതീവകൃതജ്ഞനാണു്. ആകർഷകമായ രീതിയിൽ ഈ ഗ്രന്ഥം മുദ്രണം ചെയ്തുതന്ന

ശ്രീവിലാസ് പ്രസ്സ് ഉടമസ്ഥൻ ശ്രീ: ജി. കേശവപിള്ളയ്ക്കും എന്റെ കൃതജ്ഞതാപൂർവ്വമായ അഭിനന്ദനം അർപ്പിക്കുന്നു. സഹൃദയാനുഗ്രഹം പ്രതീക്ഷിച്ചുകൊണ്ടു് എന്റെ ഈ ലഘുകൃതിയെ ഞാൻ സമർപ്പിച്ചുകൊള്ളുന്നു.

തിരുവനന്തപുരം,
15-1-124.

ഗ്രന്ഥകർത്താവു്.

# സമൎപ്പണം

അനുഗൃഹീതവാഗ്മിയും കലാമൎമ്മജ്ഞനുമായ
എന്റെ അഭിവന്ദ്യപിതൃവ്യൻ ചിറയിൻകീഴ്
ഒററവീട്ടിൽ ശ്രീ. വി. രാമകൃഷ്ണപിള്ള
അവർകളുടെ വന്ദ്യപാദങ്ങളിൽ.

# വിഷയാനുക്രമണിക


| അദ്ധ്യായം. | വിഷയം. | പുറം. |
|---|---|---|
| 1 | ജനനവും ശൈശവവും | 1 |
| 2 | വിദ്യാഭ്യാസം | 8 |
| 3 | യുദ്ധസേവനം | 16 |
| 4 | വിദേശസഞ്ചാരം | 25 |
| 5 | അദ്ധ്യാപകവൃത്തി | 33 |
| 6 | വിവാഹം | 41 |
| 7 | സാഹിത്യശ്രമങ്ങൾ | 51 |
| 8 | മാനസികപരിവർത്തനം | 60 |
| 9 | മതപഠനം | 69 |
| 10 | ആത്മപരിത്യാഗം | 77 |
| 11 | ക്ഷാമനിവാരണശ്രമങ്ങൾ | 87 |
| 12 | ബഹിഷ്കരണം | 96 |
| 13 | ചരമരംഗം | 107 |
| 14 | സാഹിത്യസമീക്ഷ | 113 |
| 15 | ജീവിതസന്ദേശം | 123 |

THE SENGUPTA PUBLIC LIBRARY
PUTHIYARA.



ടോൾസ്റ്റായി,

THE SENGUPTA PUBLIC LIBRARY
PUTHIYARA.

# ടോൾസ്ററായി

## അദ്ധ്യായം ഒന്നു്

### ജനനവും ശൈശവവും

റഷ്യാസാമ്രാജ്യത്തിന്റെ തലസ്ഥാനമായ മാസ്കോ പട്ടണത്തിൽ നിന്നും നൂററിമുപ്പതു മൈൽ തെക്കുമാറി തൂലാ എന്ന ഒരു നഗരമുണ്ടു്. ഈ നഗരത്തിന്റെ ദക്ഷിണഭാഗത്തായി 'യാസ്നയാ പാളിയാന' എന്ന ഒരു പുരാതന ഭവനം സ്ഥിതിചെയ്തിരുന്നു. വിശ്രുതമായ ഈ ഗൃഹം ക്രിസ്തുവർഷം 1828 ആഗസ്ററു മാസം 28-ാനു- ഒരു നൂതനശിശുവിന്റെ ജനനത്തിനു സാക്ഷ്യം വഹിച്ചു. വിശ്വസാഹിത്യത്തിൽ ലബ്ധപ്രതിഷ്ഠ സിദ്ധിച്ച അനേകം ഗ്രന്ഥരത്നങ്ങളുടെ കർത്താവായി അനന്തരകാലത്തു ലോകോത്തരകീർത്തി സമ്പാദിച്ച 'കൌണ്ട് ലിയോ ടോൾസ്ററായി' ആയിരുന്നു അന്നത്തെ ഉദയസൂര്യനോടൊപ്പം ലോകരംഗത്തിൽ ആവിർഭവിച്ച ആ ശിശു.

റഷ്യയിലെ പ്രഭുകുടുംബങ്ങളിൽ വച്ചു് ഏററവും പ്രമുഖമായ ഒന്നായിരുന്നു ടോൾസ്ററായി കുടുംബം. പേരും

പെരുമയുമാർജ്ജിച്ച പല പുരുഷകേസരികളുടെ പരിലാളനം കൊണ്ടു പരിപുഷ്ടമായ ഒരു പാരമ്പര്യം ആ കുടുംബത്തിനുണ്ടായിരുന്നു. റഷ്യാ ചക്രവർത്തിമാരുടെ വിശ്വാസവും അഭിനന്ദനവും ആർജ്ജിച്ചിരുന്ന ചില പൂർവ്വികർ ആ കുടുംബത്തിനു വിപുലമായ ഭൂസ്വത്തും കീർത്തിയും സമ്പാദിച്ചുകൊടുത്തു. എന്നാൽ ലിയോ ടോൾസ്റ്റോയിയുടെ പിതാമഹന്റെ കാലത്തു് കുടുംബാഭിവൃദ്ധിക്കു് അവിചാരിതമായി സ്തംഭനം നേരിട്ടു. ഒരു ഗവർണ്ണറായിരുന്ന അദ്ദേഹം രാജകോപത്തിനു പാത്രമായിത്തീർന്നു. ഗൌരവാവഹമായ ഭരണവൈകല്യങ്ങൾ ആരോപിച്ച് അദ്ദേഹത്തെ രാജ്യഭ്രഷ്ടനാക്കുകയുംചെയ്തു. തന്നിമിത്തം അനന്തരഗാമിയും ലിയോവിന്റെ പിതാവുമായിരുന്ന കൌണ്ടു് നിക്കൊളാസ് ടോൾസ്റ്റോയിക്കു സാമ്പത്തികമായ പരിക്ഷീണങ്ങൾ അഭിമുഖീകരിക്കേണ്ടിവന്നു.

നെപ്പോളിയനുമായുള്ള യുദ്ധത്തിൽ നിക്കൊളാസ് ദീർഘകാലം സേവനം അനുഷ്ഠിച്ചിരുന്നു. സത്യസന്ധത, ധീരത, സ്വഭാവദാർഢ്യം എന്നീ ഗുണവിശേഷങ്ങൾക്കു് അദ്ദേഹം ആവാസസ്ഥാനമായിരുന്നു. പിതാവിന്റെ മരണാനന്തരമുണ്ടായ സാമ്പത്തിക വൈഷമ്യങ്ങൾ പരിഹരിക്കുന്നതിനു് ഒരു ധനികകുടുംബത്തിൽ നിന്നും അദ്ദേഹത്തിനു വിവാഹം അന്വേഷിക്കേണ്ടിവന്നു. അങ്ങനെ ഇരുപത്തിയെട്ടുവയസ്സു പ്രായമുണ്ടായിരുന്ന നിക്കൊളാസ് മുപ്പത്തിരണ്ടുവയസ്സുള്ള മേരി വാൾക്കോൺസ്കീ'യെ വിവാഹംചെയ്തു. എണ്ണൂറു കൃഷീവല ഭൃത്യന്മാരും യാസ്നയാ പാളിയാനാ എന്ന വിശാലമായ

ഭൂസ്വത്തും അദ്ദേഹത്തിന സ്ത്രീധനമായി ലഭിച്ചു. കൌബേരമായ ഈ വിവാഹബന്ധം ഋണഭാരത്തിൽ നിന്നും അദ്ദേഹത്തെ മുക്തനാക്കി. മേരിയുടേയും നിക്കൊളാസിൻെറയും ദാമ്പത്യജീവിതത്തിൻെറ പരിണതഫലങ്ങളായി തുടരെ നാല്‌ ആൺ കുട്ടികളും ഒടുവിൽ ഒരു പെൺകുട്ടിയും ജനിച്ചു. അവരിൽ നാലാമത്തെ ശിശുവാണ്‌ ലിയോ ടോൾസ്റ്റോയി.

മേരി വാൾക്കോൺസ്കിയും പ്രശസ്തമായ ഒരു പ്രഭുകുടുംബത്തിലെ ജനനംകൊണ്ടു ധന്യയായിരുന്നു. വിദുഷിയായിരുന്ന മേരി അഞ്ചു ഭാഷകളിൽ പ്രഗത്ഭമായ പാണ്ഡിത്യം സമ്പാദിച്ചു. സംഗീതത്തിലും അവൾക്ക്‌ അന്യാദൃശ്യമായ പാടവം ഉണ്ടായിരുന്നു. അചഞ്ചലമായ ഈശ്വരഭക്തി അവരുടെ ഗുണവിശേഷങ്ങൾക്കു മകുടം ചാർത്തി. ഉത്തമ സ്ത്രൈണഗുണങ്ങളുടെ കേദാരമായിരുന്ന ആ സതീരത്നമെന്ന്‌ ആ മഹതിയുമായി സഹചര്യത്തിൽ വർത്തിച്ചിരുന്നവരിൽ നിന്നും ലിയോ മനസ്സിലാക്കിയിരുന്നു. എന്നാൽ മാതൃലാളന ഏൽക്കുന്നതിനുള്ള ഭാഗ്യം ആ ശിശുവിനു ലഭിച്ചില്ല. ലിയോ ജനിച്ചു പതിനെട്ടു മാസങ്ങൾ കഴിഞ്ഞപ്പോൾ മാതാവ്‌ ഇഹലോകവാസം വെടിഞ്ഞു.

മാതാവിൻെറ മരണശേഷം ഒരു അകന്ന ബന്ധുവായ 'ടാററിയാനാ എർഗോൾസ്കി' എന്ന സ്ത്രീയുടെ സംരക്ഷണയിൽ ലിയോ വളർന്നു വന്നു. ഈ സ്ത്രീയുടെ സ്നേഹപൂർവ്വമായ പെരുമാററം കൊണ്ടും സ്വഭാവമാധുര്യംകൊണ്ടും മാതൃവിയോഗം ആ ബാലൻ അറിഞ്ഞതേ

ത്തില്ല. ടാററിയാനായെ അമ്മായി എന്നാണ് ലിയോ വിളിച്ചുവന്നതു്. ഈ മഹതിയെപ്പററി രസകരമായ ഒരു കഥയുണ്ടു്. ലിയോവിൻെറ പിതാവായ നിക്കൊളാസ്സും ടാററിയാനായും പരസ്പരം അനുരാഗബദ്ധരായിരുന്നു. അവരുടെ വിവാഹം നടക്കുമെന്ന മട്ടായി. എന്നാൽ അതപ്പോഴേയ്ക്കും ദുർഘടമായ സാമ്പത്തിക ക്ലേശങ്ങൾ നിക്കൊളാസിനു നേരിടേണ്ടിവന്നു. ഋണഭാരത്തിൽ നിന്നും അദ്ദേഹത്തെ മുക്തനാക്കുന്നതിനു ടാററിയാനായുമായുള്ള വിവാഹം സഹായകമായിരിക്കുകയില്ലെന്നു് ടാററിയാനായ്ക്കു ബോദ്ധ്യമായി. അതിനാൽ അവർ തന്നെ നിക്കൊളാസിനെ ഒരു കുബേര കുടുംബത്തിൽ വിവാഹം ചെയ്യുന്നതിനു പ്രേരിപ്പിക്കുകയും മേരി വാൾക്കൊൺസ്കിയുമായുള്ള വിവാഹത്തിനു അനുമതി നൽകുകയും ചെയ്തു. ഭാര്യയുടെ അകാലമരണത്തിനുശേഷം നിക്കൊളാസ് അവരെ വിവാഹം ചെയ്യുന്നതിനു വീണ്ടും അഭിലഷിച്ചു. എന്നാൽ അവർ ആ അഭിലാഷം സ്നേഹപൂർവം നിരസിക്കുകയും കുഞ്ഞുങ്ങളെ വളർത്തുന്ന ചുമതല മാത്രം കയ്യേൽക്കുകയും ചെയ്തു.

യാസ്നയാ പാളിയാനാ അനേകശതം ഏക്കർ വിസ്താരമുള്ള ഭൂഭാഗമായിരുന്നു. ചെറിയ കുന്നുകൾ, കുളങ്ങൾ, കുല്യകൾ മുതലായവ കൊണ്ടു രമണീയമായ ആ സ്ഥലം സഞ്ചാരികൾക്കു് അഭയകേന്ദ്രമായി ഭവിച്ചു. ഭിക്ഷുക്കൾ, തീർത്ഥാടകന്മാർ, സന്യാസിമാർ, പാന്ഥന്മാർ മുതലായി എപ്പോഴും ഒരു സംഘം ആളുകൾ ആ പുരാതന ഭവനത്തിൻെറ പരിസരങ്ങളിൽ താവളമുറ

പ്പിക്കുന്നതു കാണാം. അവരോടെല്ലാം അനുഭാവപൂർവ്വം ആ കുടുംബാംഗങ്ങൾ പെരുമാറി വന്നു. ടാററിയാനായു മൊരുമിച്ചു ലിയോ ചിലപ്പോഴും ഈ പരദേശിസംഘ ത്തെ അവരുടെ കൂടാരങ്ങളിൽ പോയി സന്ദർശിച്ചു. ശാലീനമായ അവരുടെ ജീവിത രീതിയും സംഗീത തരംഗിതമായ ദേശീയനൃത്തങ്ങളും ശിശുവായ ലിയോ വിനെ വശീകരിച്ചു. നൈസർഗ്ഗികമായി ലിയോവിൽ അങ്കുരിച്ചിരുന്ന സംഗീത വാസനയെ പോഷിപ്പിക്കു ന്നതിനു വളർത്തമ്മ ചെയ്തിട്ടുള്ള സഹായവും അനല്പ മാണു്. മനോഹരങ്ങളായ ഗീതങ്ങൾ മധുരസ്വര ത്തിൽ ആലപിച്ചു ലിയോവിനെ ഉറക്കുന്നതിനു ടാററി യാനാ പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

സമസൃഷ്ടി സ്നേഹം, സത്യസന്ധത മുതലായ ഗുണ വിശേഷങ്ങൾ ടാററിയാനായുമായുള്ള നിരന്തരസാഹചര്യം നിമിത്തം ലിയോവിൽ അതിബാല്യത്തിൽ തന്നെ പ്രത്യക്ഷപ്പെട്ടു തുടങ്ങി. വളർത്തു പുത്രന്റെ സ്വഭാവ സംസ്കരണത്തിൽ ടാററിയാനായ്ക്കുള്ള പ്രേരകശക്തി മഹത്തായിരുന്നു. അനന്തര കാലത്തു തന്റെ ദിനചര്യ കുറിപ്പിൽ ടാററിയാനായെപ്പററി അദ്ദേഹം ഇപ്രകാരം അഭിപ്രായപ്പെട്ടു കാണുന്നു.

"ടാററിയാനായ്ക്കു് എന്റെ ജീവിത പരിപാടിക ളിൽ ഏററവും വലിയ പ്രേരകശക്തി ഉണ്ടായിരുന്നു സ്നേഹിക്കുവാനും സ്നേഹം എന്തെന്നു മനസ്സിലാക്കുവാനും ബാല്യത്തിൽ അവരാണു് എന്നെ പഠിപ്പിച്ചതു്. അവ രുടെ വാക്കുകളെക്കാളും ശക്തി ആ മഹതിയുടെ സാന്നി

ഷ്യത്തിനുണ്ടായിരുന്നു. സ്നേഹത്തിന്റെ മാധുര്യം ഞാനനുഭവിച്ചതും അവരോടൊരുമിച്ചു താമസിച്ചപ്പോഴാണു്. അനാഡംബരവും ശാന്തവുമായ ഒരു ജീവിതം നയിക്കുന്നതിനുള്ള അഭിവാഞ്ഛ എന്നിൽ സംജാതമാക്കിയതും ആ മഹതിയാണു്.

ലിയോവിനു് സഹോദരന്മാരോടുള്ള സ്നേഹവും ഭക്തിയും നിസ്സീമമായിരുന്നു. ഏററവും മൂത്തസഹോദരനായ നിക്കൊളാസിനു ലിയോവിൽനിന്നും അഞ്ചു വയസ്സിനേ പ്രായക്കൂടുതലുണ്ടായിരുന്നുള്ളു. നിക്കൊളാസ ഫലിതപ്രിയനും ഭാവനാസമ്പന്നനുമായിരുന്നു. സത്യനിഷ്ഠയിലും ഈശ്വരവിശ്വാസത്തിലും ആ ജ്യേഷ്ഠഭ്രാതാവു് ഇതര സഹോദരന്മാരെ അതിശയിച്ചിരുന്നു. ബുദ്ധികൊണ്ടും സ്നേഹംകൊണ്ടും ആ സഹോദരസംഘത്തിന്റെ നായകത്വം നിക്കൊളാസിൽ ലയിച്ചു. നിക്കൊളാസിന്റെ ഭാവനയിൽ നിന്നും രൂപം പ്രാപിച്ച ഒരു വസ്തുത പ്രത്യേകം പ്രസ്താവ്യമാണു്. ആ സഹോദരന്മാർ "ഉറുമ്പു സമാജം" എന്ന പേരിൽ ഒരു സംഘം രൂപീകരിച്ചു സകല പ്രാണികളോടും സമഭാവനയും സ്നേഹവുമാണു ആ സംഘത്തിന്റെ പ്രവർത്തനോദ്ദേശ്യം. ആ സംഘസ്ഥാപനത്തിന്റെ സ്മാരകമായി സമീപത്തുള്ള ഒരു ചെറു കുന്നിൽ നിക്കൊളാസ് ഒരു ചെടിക്കുഴ ഊന്നി നിർത്തി. അനന്തരകാലത്തു് ലിയോവിന്റെ ശവസംസ്കാരം അവിടെ വച്ചാണു നടത്തിയതു്. മററു രണ്ടു സഹോദരന്മാരോടും ലിയോവിനു വളരെ ആദരവും ഭക്തിയുമുണ്ടായിരുന്നു.

ബാലനായ ലിയോ ഉത്സാഹപൂൎണ്ണനായി വളൎന്നു. ഫലിതപ്രയോഗംകൊണ്ടു ശ്രോതാക്കളെ രസിപ്പിക്കുന്നതിനുള്ള പാടവം ലിയോവിനെ എല്ലാപേരുടേയും കണ്ണിലുണ്ണിയാക്കിത്തീൎത്തു. പ്രായത്തിൽ കവിഞ്ഞ ഉത്സാഹവും ആൎജ്ജവവും ആ ബാലൻ പ്രദൎശിപ്പിച്ചു. വ്യായാമം, കളി, വേട്ട, മുതലായവയിലും ലിയോവിനു താല്പൎയ്യം കുറവായിരുന്നില്ല. സമീപമുള്ള ചെറുകുന്നുകളിൽ സ്വച്ഛന്ദം വിഹരിച്ച് പ്രകൃതിയുടെ രാമണീയകത ആസ്വദിക്കുന്നതിലും ആ ബാലൻ ജാഗരൂകനായിരുന്നു. ഉന്മേഷഭരിതമായ ശൈശവത്തിലെ മധുരസ്മരണകൾ ലിയോവിന്റെ എല്ലാ കൃതിയിലും സ്പഷ്ടമായി കാണാം. ജീവിതത്തിലെ ഏററവും സുഖപൂൎണ്ണമായ ദിനങ്ങൾ ശൈശവത്തിൽ കഴിഞ്ഞുപോയതായി ലിയോ രേഖപ്പെടുത്തിയിട്ടുണ്ട്. യാതൊരു ക്ലേശാനുഭവങ്ങളും കൂടാതെ ആ പ്രഭുകുമാരന്റെ ശൈശവകാലം കഴിഞ്ഞുകൂടി എന്നു തന്നെ പറയാം.

# അദ്ധ്യായം രണ്ട്

## വിദ്യാഭ്യാസം

ലിയോവിന് എട്ടു വയസ്സു പ്രായമുണ്ടായിരുന്നപ്പോൾ മൂത്ത സഹോദരൻ്റെ വിദ്യാഭ്യാസ സൌകര്യത്തിനുവേണ്ടി ടോൾസ്റ്റോയി കുടുംബം മാസ്ക്കോയിലേയ്ക്കു താമസം മാററി. അവിടെ വച്ച് ഏററവും ദാരുണമായ ഒരത്യാഹിതം സംഭവിച്ചു. ലിയോവിൻ്റെ പിതാവ് അവിചാരിതമായി രക്തസമ്മർദ്ദം മൂലം കാലധർമ്മം പ്രാപിച്ചു. കുറച്ചു മാസങ്ങൾ കഴിഞ്ഞു് പിതാമഹിയും ചരമമടഞ്ഞു. അപ്പോഴേയ്ക്കും ടോൾസ്റ്റായി ബാലന്മാർ അനാഥരായിത്തീർന്നു. കുടുംബഭരണത്തിനു പ്രായപൂർത്തിയായ ആളില്ലാത്തതുകാരണം വിഷമം വർദ്ധിച്ചു. എന്നാൽ ടാററിയാനായുടെ മാതൃനിർവ്വിശേഷമായ വാത്സല്യം അനാഥരായ ആ ബാലന്മാർക്ക് അഭയവും ആശ്വാസവും നൽകി.

ഒരു ഗൃഹാദ്ധ്യാപകൻ്റെ മേൽനോട്ടത്തിൽ ലിയോവിൻ്റെ വിദ്യാഭ്യാസം സമാരംഭിച്ചു. റഷ്യൻഭാഷയും ഫ്രെഞ്ചുഭാഷയും ആ ബാലൻ അഭ്യസിക്കുവാൻ തുടങ്ങി. ഇതരസഹോദരന്മാരെപ്പോലെയുള്ള ധിഷണാവൈഭവം വിദ്യാഭ്യാസവിഷയത്തിൽ ലിയോ പ്രദർശിപ്പിച്ചില്ല. കുതിരസവാരിയിലും മററു വ്യായാമപരിപാടികളിലും ലിയോവിൻ്റെ ശ്രദ്ധ അധികമായി പതിഞ്ഞു. ബാല്യകാലംമുതൽക്കുള്ള നിഷ്ക്കർഷാപൂർവ്വമായ ആരോഗ്യ

പരിപാലനമാണ് അനന്തരജീവിതത്തിൽ തന്നെ അരോഗദൃഢഗാത്രനാക്കിത്തീർത്തതെന്നു ലിയോ 'ശൈശവം' എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്. ഏറിയ സമയവും കേളീനിരതനായെങ്കിലും കാൎയ്യങ്ങളിലുള്ള ഗ്രഹണപടുത, കൎമ്മകുശലത എന്നീ ഗുണവിശേഷങ്ങൾ ഗുരുനാഥന്റെ അഭിനന്ദനം സമ്പാദിച്ചു. ഭാവിയിൽ തന്റെ പ്രിയശിഷ്യൻ പ്രശസ്തനായ ചിന്തകനായിത്തീരുമെന്നു ഗൃഹാദ്ധ്യാപകൻ ദീർഘദർശനം ചെയ്തു.

ഗ്രന്ഥപാരായണാസക്തി ബാല്യംമുതൽ ലിയോവിൽ പ്രകടമായി കണ്ടിരുന്നു. നാടോടിപാട്ടുകൾ ശേഖരിക്കുന്നതിലും അവ കൎണ്ണാനന്ദകരമായി ഗാനം ചെയ്യുന്നതിലും ആ ബാലൻ പ്രത്യേകം ശ്രദ്ധപതിപ്പിച്ചു. ലിയോവിന്റെ ചിന്താശക്തിക്കു സജീവമായ പ്രേരണ നൽകിയതു ബാല്യകാലത്തു് ഹൃദിസ്ഥമായിരുന്ന ബൈബിളിലെ ചില ഭാഗങ്ങളും പ്രശസ്ത സാഹിത്യകാരനായ പുഷ്കിന്റെ ചെറുകഥകളുമായിരുന്നു. സ്വഭാവഗുണത്തിൽ ലീനമായിരുന്ന സത്യബോധം ഏതു ഗ്രന്ഥത്തിൽനിന്നും സാരാംശം ഗ്രഹിക്കുന്നതിനു് ആ ബാലനെ ശക്തനാക്കിത്തീർത്തു.

ലിയോവിനു പതിമൂന്നു വയസ്സു പ്രായമുള്ളപ്പോൾ ഉപരിപഠനാർത്ഥം ടോൾസ്റ്റോയി ബാലന്മാർ 'കാസൻ' എന്ന നഗരത്തിലേയ്ക്കു തിരിച്ചു. അഞ്ചാറുകൊല്ലം ഈ സഹോദരന്മാർ 'കാസൻ' സർവ്വകലാശാലയിൽ ചേർന്നു പഠിച്ചു. വിദ്യാഭ്യാസവിഷയങ്ങളിൽ രാജ്യഭരണശാസ്ത്രമാണു ലിയോവിനെ അധികം ആകർഷിച്ചതു്. തത്സം

ബന്ധമായ ഗ്രന്ഥങ്ങൾ ആ ബാലൻ തീക്ഷ്ണമായി പഠിച്ചു. ഭരണശാസ്ത്രാഭ്യസനത്തിന പൌരസ്ത്യഭാഷാഭിജ്ഞത അനപേക്ഷണീയമായിരുന്നു. തന്മൂലം അറബിഭാഷയിലും ടർക്കിഭാഷയിലും ലിയോ പാണ്ഡിത്യം നേടി. 1844-ൽ ലിയോ പ്രശസ്തമായവിധം മെട്രിക്കുലേഷൻ പരീക്ഷ പാസ്സായി. സാഹിത്യപരമായ വിഷയങ്ങളിലെല്ലാം ആ ബാലൻ ഉന്നതമായ സ്ഥാനം കരസ്ഥമാക്കി. ഇതിനകം ഇംഗ്ലീഷ്, ഫ്രെഞ്ച്, ജൎമ്മൻ, അറബിക്, റഷ്യൻ എന്നീ ഭാഷകളിൽ അവഗാഢമായ പാണ്ഡിത്യം ലിയോ സമ്പാദിച്ചുകഴിഞ്ഞു. സ്ഥിരോത്സാഹവും പരിശ്രമശീലവും ലിയോവിന്റെ വിദ്യാഭ്യാസ ജീവിതം ശോഭനമാക്കിത്തീൎത്തു.

ശൈശവം മുതൽ വേദനാജനകമായ ഏതു തരം ശിക്ഷയേയും ലിയോ വെറുത്തിരുന്നു. അദ്ധ്യാപകന്മാരുടെ ചൂരൽപ്രയോഗം ദുസ്സഹമായ പ്രതീതിയാണ് ആ ബാലനിൽ ഉളവാക്കിയതു. ശാസനകൊണ്ടു ഉദ്ദേശിക്കുന്ന ഫലം സ്നേഹംമൂലം ലഭിക്കുമെന്നുള്ള ബോധം ആ ബാലനിൽ ദൃഢമൂലമായി. ഭൃത്യജനങ്ങളെ അടിമകളെപ്പോലെ ക്രയവിക്രയം ചെയ്യുന്ന പതിവ് അന്നു റഷ്യയിൽ നടപ്പിലിരുന്നു. തന്മൂലം മൃഗീയവും ദുർഭരവുമായ പെരുമാററത്തിനു പ്രഭുകുടുംബങ്ങളിലെ പരിചാരകന്മാർ വിധേയരായി തീൎന്നു. മൃഗങ്ങളോടുപോലും ക്രൂരത കാണിക്കുന്നതു ലിയോ സഹിച്ചില്ല. ഒരിക്കൽ ക്ഷിപ്രകോപംനിമിത്തം ഒരു കുതിരയെ ലിയോ കണക്കററു പ്രഹരിച്ചു. അനേകദിവസം ഈ കഠിനകൃത്യം ലിയോവിനെ സങ്കടപ്പെടുത്തിയിട്ടുണ്ട്. സമസൃഷ്ടി

സ്നേഹവും ഭൂതദയയും ബാല്യംമുതൽതന്നെ ആ പ്രളകുമാരനിൽ പ്രകാശിച്ചിരുന്നു.

കാസൻ നഗരത്തിലെ ജീവിതം സുഖപ്രദമായിരുന്നുവെന്നു കഥാനായകൻ രേഖപ്പെടുത്തിയിട്ടുണ്ടു്. വിദ്യാലയം വിട്ടാൽ നൃത്തശാലയും സുഹൃൽസംഘങ്ങളും ലിയോവിന്റെ സമയം അപഹരിച്ചു. വിനോദവിഹാരങ്ങളിലുള്ള താൽപര്യം അനിയന്ത്രിതമായി തീർന്നതോടുകൂടി സർവ്വകലാശാലയിലെ പ്രഥമ പരീക്ഷയിൽ ലിയോവിനു പരാജയം വരിക്കേണ്ടിവന്നു. ഈ പരാജയം സാഹിത്യപഠനങ്ങളിൽനിന്നും ആ ബാലനെ പരാങ്മുഖനാക്കി. അക്കാലത്തു ജീവിത വിജയത്തിനു നിയമപഠനം അത്യന്താപേക്ഷിതമായിരുന്നു. അതിനാൽ നിയമക്ലാസിൽ ലിയോ ചേർന്നു. പ്രൊഫസറന്മാരുടെ പ്രസംഗങ്ങളിൽ വിരസത തോന്നിയെങ്കിലും പ്രഥമനിയമ പരീക്ഷയെ ലിയോ നിഷ്പ്രയാസം തരണംചെയ്തു.

സർവ്വകലാശാലയിലെ വിദ്യാഭ്യാസ രീതി ആ പ്രളകുമാരനെ ആകർഷിച്ചില്ല. ഉൽക്കർഷേച്ഛുവായ ആ ബാലനു് അന്നത്തെ പാഠ്യപദ്ധതികളും അപര്യാപ്തമായി തോന്നി. യഥാർത്ഥത്തിൽ വിജ്ഞാനവികാസത്തിനു അന്നത്തെ പഠനക്രമം സഹായകമായിരുന്നില്ല. സ്വതന്ത്രമായ ചിന്താരീതി വിദ്യാർത്ഥികളിൽ പരിപോഷിപ്പിക്കുന്നതിനും യാതൊരു ശ്രമവും അദ്ധ്യാപകർ ചെയ്തിരുന്നുമില്ല. വിജ്ഞാനതൃഷ്ണയ്ക്കു് ഉപശമം നൽകാനുള്ള യാതൊരു ഉപായവും അന്നത്തെ അദ്ധ്യയന

രീതിയിൽ ലിയോവിനു കാണുവാൻ കഴിഞ്ഞില്ല. മാനസോല്ലാസം നൽകുന്ന ഏതു വിജ്ഞാനശാഖയെപ്പററിയും അറിവു സമ്പാദിക്കുന്നതിൽ ലിയോ പ്രത്യേകം ശ്രദ്ധിച്ചു. അസാധാരണമായ ധാരണാശക്തിയാൽ അനുഗൃഹീതനായിരുന്ന ആ ബാലനു് ഏതും ഹൃദിസ്ഥമാക്കുന്നതിൽ അന്യാദൃശമായ വൈഭവമുണ്ടായിരുന്നു.

സർവ്വകലാശാലാവിദ്യാഭ്യാസ രീതിയോടുള്ള അതൃപ്തിയും കുടുംബപരിതസ്ഥിതികളും ലിയോവിന്റെ വിദ്യാഭ്യാസ പുരോഗതിക്കു വിരാമം നൽകി. ജ്യേഷ്ഠസഹോദരൻ വിദ്യാഭ്യാസം നിർത്തി ഗൃഹത്തിലേയ്ക്കു മടങ്ങിയിരുന്നു. ഭരണ ലാഘവത്തിനുവേണ്ടി കുടുംബസ്വത്തുക്കൾ സഹോദരന്മാർ തമ്മിൽ ആളോഹരിയായി ഭാഗിച്ചു. ലിയോവിനു 5,400 ഏക്കർ ഭൂമിയും 330 കൃഷീവല ഭൃത്യന്മാരും ഓഹരിയായി ലഭിച്ചു. ഇപ്പോഴേയ്ക്കും ലിയോവിന്റെ ഉത്തരവാദബോധം തുറിച്ചുനോക്കി. വിദ്യാഭ്യാസം തുടർന്നു പോകുന്നതിന് ഇവ പ്രതിബന്ധങ്ങളായിത്തീർന്നു. ഒടുവിൽ വർഷാവസാനപരീക്ഷയ്ക്കു മുമ്പുതന്നെ സ്കൂൾ രജിസ്റ്ററിൽ നിന്നും തന്റെ പേരു നീക്കം ചെയ്യണമെന്നു ലിയോ വിദ്യാലയാധികൃതരോടു് അപേക്ഷിച്ചു. അപേക്ഷ അനുവദിച്ചതോടുകൂടി കാസൻ നഗരത്തിലെ സുഖലോലുപമായ ജീവിതവും അവസാനിച്ചു. കലാശാലയിൽനിന്നും ഒരു ബിരുദം സമ്പാദിക്കാൻ ഇടയാകാതെ പോയതിൽ ലിയോവിനു സങ്കടമുണ്ടായിട്ടില്ല. എന്നാൽ അനന്തര ജീവിതം വിജ്ഞാനസമ്പാദനത്തിനുവേണ്ടി വിനിയോഗിക്കാൻ ദൃഢപ്രതിജ്ഞ ചെയ്തുകൊണ്ടാണു് താരുണ്യത്തിലേയ്ക്കു

കാൽവെച്ച അ യുവാവു ജീവിതരംഗത്തിൽ പ്രവേശിച്ചതു്.

കസാൻ നഗരത്തിലെ ജീവിതകാലം മുതൽ കഥാപുരുഷൻ ക്രമമായി ദിനചര്യ കുറിപ്പുകൾ സൂക്ഷിച്ചുവന്നു. രസകരങ്ങളായ പല സംഭവങ്ങളും അവയിൽ രേഖപ്പെടുത്തിയിട്ടുണ്ടു്. ലിയോവിൻെറ മരണശേഷമാണു് ഈ കുറിപ്പുകൾ മുദ്രണവിധേയമായതു്. യൗവ്വനകാലസാഹസികങ്ങളും ചാപലങ്ങളും ആത്മാർത്ഥതയോടും സത്യബോധത്തോടും കൂടി ദിനചര്യ കുറിപ്പുകളിൽ രേഖപ്പെടുത്തിയിട്ടുണ്ടു്. ജീവിതത്തിനു് എന്തെങ്കിലും ഒരുദ്ദേശ്യം ഉണ്ടായിരിക്കണമെന്നും അതു് മനുഷ്യരാശിക്കു ഗുണം ചെയ്യുവാനായിരിക്കണമെന്നും ലിയോ ദൃഢമായി വിശ്വസിച്ചിരുന്നതായി ദിനചര്യ കുറിപ്പുകൾ സാക്ഷ്യം വഹിക്കുന്നു. സ്വഭാവ രൂപീകരണത്തിനു് ഉപയുക്തമായ നിയമങ്ങൾ എഴുതി അവയെ പ്രവൃത്തിരൂപത്തിൽ വരുത്തുന്നതിനും ആ യുവഹൃദയം വ്യാപരിച്ചിരുന്നതായി തെളിവുകൾ ഉണ്ടു്.

ലിയോ മതവിശ്വാസത്തിൽ നിഷ്ഠനായിരുന്നില്ല പള്ളിയിൽ പോയി പ്രാർത്ഥന നടത്തുന്നതിൽ ഭക്തിയുടെ കണികപോലുമില്ലെന്നു് അദ്ദേഹം വിശ്വസിച്ചു. എന്നാൽ ഏകാന്തമായിരുന്ന പലപ്പോഴും ആ യുവാവു് ഈശ്വരപ്രാർത്ഥന ചെയ്തിട്ടുണ്ടു്. അക്കാലത്തെ ദിനചര്യാകുറിപ്പിൽ ലിയോ ഇപ്രകാരം അഭിപ്രായപ്പെട്ടു കാണുന്നു. "ദൈവത്തിൽ എനിക്കു വിശ്വാസമുണ്ടു്. പക്ഷേ ഏതു ദൈവത്തിലാണെന്നു ചോദിച്ചാൽ എനി

കു പറയാൻ അറിഞ്ഞുകൂടാ. പതിനാറു വയസ്സു മുതൽ പള്ളിയിൽ പോകുന്ന പതിവു് ഞാൻ മതിയാക്കി, ക്രിസ്തുവിനെപ്പററി എനിക്കു ബഹുമാനമുണ്ടു് എന്നാൽ ക്രിസ്തുമതതത്വങ്ങളിൽ എനിക്കു വിശ്വാസമുണ്ടായിരുന്നോ എന്നു സംശയമാണു്. ഏററവും പൂണ്ണനായ ഒരു മനുഷ്യനായി തീരണമെന്നും അതിലേയ്ക്കു വേണ്ട മാനസികവും കായികവുമായ ശക്തി സമ്പാദിക്കണമെന്നും ആയിരുന്നു എൻെറ അഭിവാഞ്ഛ."

യുവപ്രായത്തിൽ കഥാപുരുഷനെ വശീകരിച്ചതു് ഡിക്കൻസ്, പുഷ്കിൻ, റൂസ്സോ മുതലായ പ്രശസ്ത സാഹിത്യനായകന്മാരുടെ കൃതികളായിരുന്നു. സാമാന്യജനങ്ങളുടെ ജീവിതക്ലേശങ്ങളും രീതികളും തന്മയത്വമായി ചിത്രീകരിച്ചിരുന്ന പ്രസ്തുത ഗ്രന്ഥങ്ങൾ യുവാവായ ലിയോവിൻെറ മനസ്സിൽ മായാത്ത മുദ്ര പതിച്ചു. മനുഷ്യൻെറ മാനസിക പരിവത്തനങ്ങളും സ്വഭാവ വൈവിദ്ധ്യങ്ങളും മനസ്സിലാക്കുന്നതിനു് ഈ ഗ്രന്ഥങ്ങൾ ലിയോവിനെ പ്രാപ്തനാക്കി. ഗ്രന്ഥപാരായണാസക്തി ജീവിതാവസാനംവരെ അദ്ദേഹം നിലനിത്തിവന്നു.

കാസൻ നഗരത്തിൽനിന്നും വന്നശേഷം ലിയോ രണ്ടു കൊല്ലക്കാലം ഗ്രാമവസതിയിൽ താമസിച്ചു. ഈ സമയം ആ യുവാവു് ഗൃഹഭരണകാൎയ്യങ്ങളിൽ സമഗ്രമായ ശ്രദ്ധ പതിപ്പിച്ചു. കൃഷീവല വൎഗ്ഗത്തിൽപ്പെട്ട പരിചാരകന്മാരുടെ അഭിവൃദ്ധിക്കു വേണ്ടിയും എന്തെങ്കിലും പ്രവത്തിക്കണമെന്നു് അദ്ദേഹത്തിനു് ആഗ്രഹ

മുണ്ടായിരുന്നു. കേവലം മൃഗങ്ങളെക്കാളും ശോചനീയമായിരുന്നു അവരുടെ അവസ്ഥ. എന്നാൽ സാമൂഹ്യവ്യവസ്ഥിതിയിൽ പറയത്തക്ക പരിവർത്തനമെന്തെങ്കിലും വരുത്തുവാൻ ലിയോ ശക്തനായില്ല. എങ്കിലും സഹഭൃത്യരോട് മനുഷ്യോചിതമായി പെരുമാറുന്നതിനും അവരുടെ സുഖദുഃഖങ്ങളിൽ ഭാഗഭാക്കാകുന്നതിനും വിശാലഹൃദയനായ ആ പ്രഭുകുമാരന് അനല്പമായ സന്തോഷമുണ്ടായിരുന്നു.

യാസ്നയാപോളിയാനായിലെ ജീവിതം ലിയോവിനു ആശാസാഫല്യം നൽകിയില്ല. എന്തെങ്കിലും ബിരുദം സമ്പാദിക്കണമെന്നുള്ള മോഹം ആ യുവാവിൽ അങ്കുരിച്ചു. സെയിൻറ് പീറേഴ്സ്ബർഗിലുള്ള സർവ്വകലാശാലയിൽ ചേർന്നു വീണ്ടും പഠനം തുടങ്ങി. നിയമപഠനത്തിലാണു ലിയോ ഉൽസുകനായത്. എന്നാൽ അവിടെയും ആദ്യപരീക്ഷ ജയിച്ചതോടുകൂടി ഉത്സാഹം മന്ദീഭവിക്കയും അനന്തരപരീക്ഷകൾക്കു ചേരാതെ അദ്ധ്യയനം നിർത്തുകയും ചെയ്തു സെയിൻറ് പീറേഴ്സ്ബർഗിൽനിന്നും പ്രവർത്തനരംഗം ഗ്രാമവസതിയിലേയ്ക്കു മാറി. ഗ്രാമപ്രദേശങ്ങളിലെ ലളിത ജീവിതം ലിയോവിനെ പ്രവൃദ്ധോന്മേഷനാക്കിത്തീർത്തു. ഇക്കാലം സംഗീതാഭ്യസനത്തിലും അദ്ദേഹം ഗണ്യമായ ശ്രമം ചെയ്തിരുന്നു. കൃഷീവലന്മാർക്കുവേണ്ടി ഒരു പാഠശാലയും അദ്ദേഹം നടത്തിവന്നു മൂന്നുകൊല്ലക്കാലം ഇങ്ങനെ ഉദ്ദേശ്യരഹിതമായ ഒരു സ്വതന്ത്രജീവിതം നയിച്ചു. യൗവ്വനത്തിന്റെ മദമധുരതയിൽ മത്തനായി രമണീയമായ ആ ഗ്രാമപ്രദേശത്തിൽ ആ പ്രഭുകുമാരൻ കഴിഞ്ഞുകൂടി.

# അദ്ധ്യായം മൂന്ന്

## യുദ്ധസേവനം

ഗ്രാമജീവിതം സുഖപ്രദമായിരുന്നെങ്കിലും പ്രവൃത്തിരാഹിത്യം ടോൾസ്റ്റോയിയെ നിരുന്മേഷനാക്കി. അക്കാലം മൂത്തസഹോദരനായ നിക്കൊളാസ് കാക്കസസ് പർവ്വതപ്രദേശങ്ങളിൽ യുദ്ധസേവനം അനുഷ്ഠിക്കുകയായിരുന്നു. ലിയോവിന്റെ ഉദ്ദേശ്യശൂന്യമായ ജീവിതം കണ്ടിട്ടു സൈനികവൃത്തി സ്വീകരിക്കുന്നതിന് ആ ജ്യേഷ്ഠഭ്രാതാവു പ്രേരിപ്പിച്ചു. ഈ പ്രേരണയുടെ ഫലമായി 1851 ഏപ്രിൽ മാസത്തിൽ ലിയോ സഹോദരനോടുകൂടി യുദ്ധരംഗത്തിലേയ്ക്കു തിരിച്ചു. കാക്കസസ് പർവ്വതപ്രദേശങ്ങളുടെ താഴ്‌വരകളിൽ റഷ്യയും അതിർത്തിദേശത്തിലെ മലവർഗ്ഗക്കാരുമായി തുടങ്ങിയ യുദ്ധം അപ്പോഴും അവസാനിച്ചിരുന്നില്ല.

ഇന്നത്തെപ്പോലെ യാത്രാസൌകര്യം അന്നില്ലായിരുന്നു. അതുകൊണ്ടു ഗ്രാമവസതിയിൽനിന്നും യുദ്ധരംഗത്തിൽ എത്തിച്ചേരുന്നതിനു ഒരു മാസം വേണ്ടിവന്നു. വണ്ടിയിലും വള്ളത്തിലും അവർ സഞ്ചരിച്ചു. യുദ്ധരംഗത്തിൽ എത്തിച്ചേർന്ന ഉടൻ തന്നെ നിക്കൊളാസ് സമരത്തിൽ വ്യാപൃതനായി. അനുജനാകട്ടെ പട്ടാളത്തിൽ ചേരാതെ ഉല്ലാസപ്രദങ്ങളായ സവാരികളിലും സാഹസസഞ്ചാരങ്ങളിലുമായി ചില മാസങ്ങൾ കഴിച്ചു. മനോഹരങ്ങളായ പർവ്വതപ്രദേശങ്ങളും അവയുടെ അധിത്യകകളിൽനിന്നും

ഉത്ഭവിച്ചിരുന്ന ഉഷ്ണപ്രവാഹിനികളും ലിയോവിനെ ഹഠാദാകർഷിച്ചു.' ലിയോവിൻെറ അനന്തര കാലത്തെ കൃതികളിൽ ഈ പ്രകൃതിരാമണീയകത പ്രതിഫലിച്ചു പ്രകാശിക്കുന്നുണ്ടു്. അധികകാലം കഴിയുന്നതിനുമുമ്പു ലിയോ പട്ടാളത്തിൽ കേഡററായി ചേൎന്നു. ഉദ്യോഗസംബന്ധമായ പ്രാരംഭ പരീക്ഷകളെല്ലാം അദ്ദേഹം നിഷ്പ്രയാസം ജയിച്ചു.

സൈന്യസേവനം വിചാരിച്ചിരുന്നപോലെ ഉല്ലാസകരമായിരുന്നില്ല. വനവർഗ്ഗക്കാരുമായി ഒളിപ്പോരു നടത്തുക ഗ്രാമങ്ങളെ നശിപ്പിക്കുക, കൂട്ടക്കൊല ചെയ്യുക, എന്നീ കിരാതമായ പ്രവൃത്തികൾ ദൈനംദിനകൃത്യങ്ങളായിത്തീർന്നു. ക്രൂരതയോടു സ്വാഭാവികമായി വെറുപ്പുണ്ടായിരുന്ന ലിയോവിനു് ഈ യുദ്ധമുറകളിൽ കഠിനമായ വിപ്രതിപത്തിയുണ്ടായതു്. യുദ്ധസേവനത്തിൽ ആ യുവഭടനു് ഏററവും ഉത്സാഹപ്രദമായി തോന്നിയതു മലവർഗ്ഗക്കാരുടെ ഇടയിലുള്ള ജീവിതമായിരുന്നു. അനാഡംബരതയും നിഷ്കപടതയും അദ്ദേഹം അവരിൽ ദർശിച്ചു. മലവാസികളിൽ സ്ത്രീകൾ അംഗലാവണ്യംകൊണ്ടു് അനുഗൃഹീതകളും വിലാസവതികളുമായിരുന്നു. പുരുഷന്മാരുമായി യഥേഷ്ടം വിഹരിക്കുന്നതിൽ സ്ത്രീകൾക്കു സാന്മാർഗ്ഗിക പ്രതിബന്ധങ്ങൾ ഉണ്ടായിരുന്നില്ല. ഉന്മേഷഭരിതരും സംതൃപ്തരുമായിരുന്ന ആ ഗിരിവർഗ്ഗക്കാർ വിശ്രമവേളകളിൽ ലിയോവിനു് അതിരററ ആനന്ദം തന്നെ നൽകി. "ദകോസക്സ്" എന്ന ഗ്രന്ഥത്തിൽ ഈ പർവ്വതപ്രദേശത്തിലെ ജീവിതരീതിയുടെ സ്പഷ്ടമായ ഒരു ചിത്രം ലിയോ നമുക്കു പ്രദാനം

ചെയ്യുന്നുണ്ടു്. 'കോസക്സി'ലെ മിക്ക സംഭവങ്ങളും ആത്മാനുഭവങ്ങളാണു്.

യുദ്ധാനന്തരാവസരത്തിലും സാഹിത്യാഭിരുചി ടോൾസ്റ്റോയിയെ വിട്ടുപിരിഞ്ഞിരുന്നില്ല. ഇക്കാലത്താണു വിശ്വസാഹിത്യത്തിനു ടോൾസ്റ്റോയി പ്രദാനം ചെയ്തിട്ടുള്ള ഏററവും മനോഹരമായ "ശൈശവം" എന്ന ഗ്രന്ഥത്തിൻെറ ആവിർഭാവം. അനേകം തവണ മാററിയെഴുതി കുററവും കുറവും തീർത്തതിനു ശേഷമാണു് ഈ ഗ്രന്ഥം പ്രസിദ്ധീകരണത്തിന് അയച്ചതു്. പീറേറഴ്സ്ബർഗ്ഗിലെ പ്രശസ്ത സാഹിത്യമാസികയായ 'കോണ്ടമ്പററി' എന്ന മാസികാഗ്രന്ഥത്തിൽ ടോൾസ്റ്റോയിയുടെ പ്രഥമസാഹിത്യസന്താനം രംഗപ്രവേശം ചെയ്തു. പത്രാധിപർ അഭിനന്ദനാശിസ്സുകൾ കൊണ്ടു ലേഖകനെ പ്രോത്സാഹിപ്പിച്ചതല്ലാതെ ധനപരമായ സഹായം നൽകുന്നതിൽ പരാങ്മുഖനായിരുന്നു. 'ശൈശവ'ത്തിലെ കഥയും പ്രതിപാദനരീതിയും സഹൃദയലോകത്തിൻെറ മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രീഭവിച്ചു. പ്രശസ്തനായ ഒരു സാഹിത്യകാരൻെറ ഉദയം അനുവാചകലോകം ആ ആദ്യകൃതിയിൽ തന്നെ ദർശിച്ചു. പ്രതിപാദനസമ്പ്രദായത്തിൻെറ നവീനത്വം റഷ്യയിലെ സാഹിത്യത്തിൽ ഒരു പരിവർത്തനമുണ്ടാക്കുവാൻ പര്യാപ്തമാണെന്നു നിരൂപകന്മാർ അഭിപ്രായപ്പെട്ടു. "ശൈശവ"ത്തിൽ ടോൾസ്റ്റോയിയുടെ വ്യക്തിപ്രാഭവം സ്പഷ്ടദൃഷ്ടമാണു്. കഥാനായകൻ ടോൾസ്റ്റോയിയുടെ ഒരു പ്രതിഛായ എന്നുവേണം പറയാൻ. എന്നാൽ സംഭവരീതികളുടെ ക്രമീകരണം നോക്കുമ്പോൾ വെറും ആത്മകഥയാണെന്നു പറയാനും

നിവൃത്തിയില്ല. യാഥാർത്ഥ്യങ്ങളുടെ ആത്മാർത്ഥമായ ചിത്രീകരണം കാണുമെങ്കിലും അവയ്ക്കുള്ള അനന്യാദൃശമായ അനുഭവസ്വാരസ്യം ആസ്വാദ്യമെന്നു പ്രസ്താവിക്കുവാൻ നിർവ്വാഹമുള്ളൂ.

കാക്കസസിലെ ജീവിതം ഒരു വിധത്തിൽ ഉല്ലാസപ്രദമായിരുന്നു. കുതിര സവാരി, മൃഗയാവിനോദം എന്നിവ കൂടുതൽ ഉന്മേഷത്തെ പ്രദാനംചെയ്തു. കായിക വ്യായാമങ്ങളിലും ടോൾസ്റ്റോയി നിതരാം ശ്രദ്ധ പതിപ്പിച്ചിരുന്നു. പട്ടാളത്തിൽ പ്രതീക്ഷയ്ക്കനുസരിച്ച ഉദ്യോഗക്കയററങ്ങൾ അദ്ദേഹത്തിനു ലഭിച്ചില്ല. ആ സംഗതി ചിലപ്പോൾ മനോവിഷാദം ഉണ്ടാക്കി. എന്നാൽ ആ ധീരയോദ്ധാവിൻെറ സ്ഥിരോത്സാഹത്തെയും ആർജ്ജവശീലത്തെയും ഈ വിഷാദത്തിനു സ്പർശിക്കുവാൻ കഴിഞ്ഞില്ല. ഇക്കാലം ടോൾസ്റ്റോയിയുടെ അന്തരംഗം ശാന്തമായ ചിന്താമണ്ഡലത്തിൽ വിഹരിച്ചിരുന്നതായി ലക്ഷ്യങ്ങൾ ഉണ്ടു്. മാനവധർമ്മത്തെപ്പററിയുള്ള സമീക്ഷകളിലും തത്വങ്ങളുടെ അന്വേഷണത്തിലും അദ്ദേഹം വ്യാപരിച്ചിരുന്നതായി ദിനചര്യാ കുറിപ്പുകൾ തെളിവു നൽകുന്നു. അക്കാലത്തെ ഡയറിയിൽ അദ്ദേഹം ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ടു്. "ആത്മസുഖത്തിനുവേണ്ടി മാത്രം ജീവിക്കുന്നവൻ നിന്ദ്യനാണു്; ശ്ലാഘയ്ക്കുവേണ്ടി പ്രയത്നിക്കുന്നവൻ ബലഹീനനാണു്. എന്നാൽ അന്യൻെറ നന്മയ്ക്കുവേണ്ടി യത്നിക്കുന്നവനാണു് ഉത്തമൻ; ഈശ്വരബോധത്തിനുവേണ്ടി യഥാർത്ഥമായ ശ്രമം ചെയ്യുന്നവൻ ഏററവും മഹാനുമാണു്. ജീവിതത്തിനു് ഒരു ലക്ഷ്യമേയുള്ളൂ.,

അതു നന്മയാണു്. അപരനു തിന്മയെ ചെയ്യുന്നതു തനിക്കും തിന്മയാണു്. അന്യനു നന്മയെ ചെയ്യുന്നതിലാണു തന്റേയും നന്മ സ്ഥിതിചെയ്യുന്നതു്." കേവലം യുവാവായ ടോൾസ്റ്റോയിയുടെ ചിന്താമണ്ഡലത്തിൽ നിരന്തരം ചർച്ചാവിഷയങ്ങളായ സംഗതികളാണു മേൽപറഞ്ഞവ. ഭാവിജീവിതത്തിലെ പ്രശസ്ത പരിക്ഷണങ്ങൾക്കുള്ള പീഠികയായിട്ടു വേണം അവയെ വിചാരിപ്പാൻ.

'കോണ്ടംപററി' മാസികയിൽ വീണ്ടും ടോൾസ്റ്റോയിയുടെ രണ്ടു കൃതികൾകൂടി ആവിർഭവിച്ചു. അവ 'ദി റെയിഡ്,' 'ഒരു വാളണ്ടീയരുടെ കഥ' എന്ന രണ്ടു കഥാഗ്രന്ഥങ്ങളായിരുന്നു. കാക്കസസിലെ യുദ്ധസംഭവങ്ങളെ അധികരിച്ചു രചിച്ചിട്ടുള്ളതാണു മേൽപറഞ്ഞ രണ്ടു ഗ്രന്ഥങ്ങളും. യുദ്ധസേവനത്തിനിടയിൽ വേറെയും ചില സാഹിത്യതല്ലജങ്ങൾ അദ്ദേഹം സഹൃദയലോകത്തിനു സംഭാവനചെയ്തിട്ടുണ്ടു്: 'ബാല്യം,' 'ഒരു ബില്ലിയാർഡ്മാർക്കറുടെ സ്മരണകൾ' മുതലായ ഗ്രന്ഥങ്ങൾ ഇക്കാലത്തു് എഴുതി തീർന്നവയാണു്. ഈ കഥാഗ്രന്ഥങ്ങളെല്ലാം ആത്മകഥാംശങ്ങൾകൊണ്ടു സുരഭിലമാണെന്നുള്ളതിൽ പക്ഷാന്തരമില്ല. യാത്രാമദ്ധ്യേ ഉണ്ടായ ഒരു കൊടുങ്കാററിനെ ആസ്പദമാക്കി 'സ്നോ സ്റ്റോം' എന്ന ഒരു പുസ്തകം അദ്ദേഹം രചിക്കയുണ്ടായി. പ്രസ്തുത ഗ്രന്ഥങ്ങളിലെ ലളിതമായ വർണ്ണനാരീതിയും പ്രതിപാദനസമ്പ്രദായവും സാമാന്യജനങ്ങളെപ്പോലും വശീകരിച്ചു. ടോൾസ്റ്റോയിയുടെ വിവരണഗ്രന്ഥങ്ങൾക്കു പ്രചുരമായ പ്രചാരം ഇതിനകം സിദ്ധിച്ചുകഴിഞ്ഞു.

കലാമർമ്മജ്ഞനും സൌന്ദര്യാരാധകനുമായ ടോൾസ്റ്റോയിക്കു ഭടവൃത്തിയിൽ സ്വാഭാവികമായി വെറുപ്പാണുണ്ടായിരുന്നതു്. പാവനവും സത്യാത്മകവുമായ ഒരു ജീവിതം നയിക്കുന്നതിനു സൈന്യസേവനം അപര്യാപ്തമായി ടോൾസ്റ്റോയിക്കു ബോദ്ധ്യപ്പെട്ടു. ദുർഘടമായ പല ഘട്ടങ്ങളും പട്ടാളജീവിതത്തിൽ അദ്ദേഹത്തിനു് അനുഭവദൃഷ്ടമായി. കർമ്മകുശലനായ അദ്ദേഹത്തെ ഒരു 'എൻസൈൻ' ആയി നിയമിച്ചെങ്കിലും പ്രവൃത്തിരഹിതമായ കാക്കസസിലെ ജീവിതത്തിൽ പ്രായേണ വിരസതയാണു വന്നുചേർന്നതു്. ഏതാണ്ടു് ഈ സമയം റഷ്യയും ടർക്കിയും തമ്മിൽ യുദ്ധം തുടങ്ങി. ക്രിമിയായിലാണു് ആദ്യം യുദ്ധം പടർന്നുപിടിച്ചതു്. പാലസ്റ്റൈൻ പ്രദേശത്തിന്മേലും ക്രിസ്ത്യൻ ജനസമുദായത്തിന്മേലും ടർക്കിക്കുണ്ടായിരുന്ന ആധിപത്യത്തെ ധ്വംസിക്കുന്നതിനുള്ള ശ്രമമാണു ക്രിമിയൻ യുദ്ധത്തിന്റെ ഉത്ഭവഹേതു. കാക്കസസിലെ സേവനം വിരസമായിത്തീർന്നതിനാൽ ടോൾസ്റ്റോയിയുടെ അപേക്ഷപ്രകാരം അദ്ദേഹത്തെ ഡാന്യൂബ് നദീതീരത്തു യുദ്ധസേവനത്തിനു നിയമിച്ചു. കഥാനായകന്റെ യുദ്ധരംഗം ഇപ്പോൾ കാക്കസസ് പർവ്വതനിരയിൽനിന്നും ക്രിമിയൻ സമതലത്തിലേയ്ക്കു് മാറി. ക്രിമിയൻ യുദ്ധം മഹത്തായ ഒരു യൂറോപ്യൻ യുദ്ധമായിരുന്നു. യൂറോപ്പിലെ പ്രധാന രാഷ്ട്രങ്ങളെല്ലാം ഈ യുദ്ധത്തിൽ പങ്കെടുത്തിരുന്നു.

1854 മാർച്ചു മാസത്തിൽ ഡാന്യൂബ് തീരത്തിലുള്ള യുദ്ധരംഗത്തിൽ ടോൾസ്റ്റോയി എത്തിച്ചേർന്നു. ആദ്യം

യുദ്ധം സിലിസ്ത്രിയായിലായിരുന്നു. എന്നാൽ ആ രംഗത്തുനിന്നും റഷ്യയ്ക്കു പിൻമാറേണ്ടി വന്നു. ബുക്കാറെസ്റ്റ് ആയിരുന്നു അടുത്ത യുദ്ധകേന്ദ്രം. ബുക്കാറെസ്റ്റിൽ ഗണ്യമായ പ്രവൎത്തനമുണ്ടായിരുന്നില്ല. തന്നിമിത്തം പലപ്പോഴും വിശ്രമംതന്നെ ആ സേനാനായകനു വരിക്കേണ്ടി വന്നു. എന്നാൽ ഇക്കാലത്തും സാഹിത്യപരിശ്രമങ്ങൾ അദ്ദേഹം ഉപേക്ഷിച്ചിരുന്നില്ല. ഗെത്തേ, കാർ, പുഷ്കിൻ, ഡിക്കൻസ്, സ്കില്ലർ, താക്കറേ മുതലായ പ്രശസ്ത സാഹിത്യനായകന്മാരുടെ കൃതികളെല്ലാം പലവുരു അദ്ദേഹം പാരായണംചെയ്തു. വിശ്രമവിഹാരത്തിൽ വിരക്തിവന്നപ്പോൾ സജീവമായ സമരരംഗത്തിലേയ്ക്കു തന്നെ മാററണമെന്നു ടോൾസ്റ്റോയി അപേക്ഷിച്ചു. അതനുസരിച്ചു സെബാസ്റ്റപ്പൂളിലേയ്ക്കു് അദ്ദേഹം നിയമിതനായി. ഉഗ്രമായ യുദ്ധവ്യഗ്രതയിലാണു് അദ്ദേഹം ആ രംഗത്തിൽ ആവിർഭവിച്ചതു്. രണഭീകരതകളും യാതനകളും നേരിട്ടു കാണുന്നതിനും അനുഭവിക്കുന്നതിനും ടോൾസ്റ്റോയിക്കു് ഇപ്പോൾ സന്ദർഭം ലഭിച്ചു. സെബാസ്റ്റപ്പൂളിലെ റഷ്യാക്കാരുടെ താവളം പ്രതിയോഗിയുടെ നിരന്തരമായ ആക്രമണത്തിനു വിധേയമായിരുന്നു. എന്നാൽ ദേശാഭിമാനികളും ധീരന്മാരുമായ റഷ്യൻഭടന്മാർ വളരെക്കാലം ശത്രുവിനെ പ്രതിരോധിച്ചുനിന്നു. 'മലാക്കോവ്' നഗരത്തിന്റെ പതനത്തോടുകൂടി സെബാസ്റ്റപ്പൂളിലെ യുദ്ധം അവസാനിച്ചു. റഷ്യൻസൈന്യത്തിനു നേരിട്ട പരാഭവം ടോൾസ്റ്റോയിക്കു് അതീവസങ്കടമുണ്ടാക്കി. ഒന്നരക്കൊല്ലക്കാലത്തെ ക്രിമി

യായിലെ യുദ്ധസേവനത്തിനുശേഷം ടോൾസ്ററായി
യുടെ സൈന്യസേവനം സമാപിച്ചു.

സമരനിരതനായിരുന്നപ്പോഴും സാഹിത്യസേവ
യിൽ ടോൾസ്റ്റായി വിമുഖനായിരുന്നില്ല. 'യൌവ്വനം',
'ദി വുഡ്ഫെല്ലിംഗ്,' 'ഒരു കേഡററിൻെറ കഥ'
എന്നീ ഗ്രന്ഥങ്ങൾ അദ്ദേഹം ഇക്കാലം എഴുതിയിട്ടുള്ള
താണ്. തുടൎന്നു യുദ്ധവൎണ്ണനാപരങ്ങളുമായ സെബാസ്റ്റപ്പൂൾ
ലേഖനപരമ്പര അദ്ദേഹം പ്രസിദ്ധപ്പെടുത്തി. സെബാ
സ്റ്റപ്പൂളിനെപ്പററിയുള്ള ലേഖനങ്ങൾ യുദ്ധത്തിൻെറ നര
കയാതനകളെ സ്ഫടികസ്ഫുടമായി ചിത്രീകരി
ക്കുന്നവയായിരുന്നു. അന്തരീക്ഷസാരസ്യംകൊണ്ടും ദേശാ
ഭിമാനസ്ഫുരണംകൊണ്ടും സുന്ദരങ്ങളായ ഈ ലേഖന
പരമ്പരകൾ ഫ്രെഞ്ചുഭാഷയിലേയ്ക്കു വിവൎത്തനംചെയ്യുന്ന
തിനു റഷ്യാ ചക്രവൎത്തി ആജ്ഞാപിച്ചുവത്രേ. യുദ്ധ
വൎണ്ണനകൾ സത്യത്തിന്മേൽ സംഘടിതമായിരിക്കണ
മെന്നുള്ള ദൃഢമായ അഭിപ്രായം ടോംസ്റ്റായിക്കുണ്ടായി
രുന്നു. യഥാൎത്ഥസംഗതികൾ അതേപടി വൎണ്ണിക്കു
മ്പോൾ വിഷമതകൾ പലതും നേരിടേണ്ടിവരും. യുദ്ധ
യാതനകളേയും യുദ്ധത്തിൻെറ നിരൎത്ഥകതയേയുംപററി
ശക്തിമത്തായി പ്രപഞ്ചനം ചെയ്യുമ്പോൾ ദേശാഭിമാ
നികളായ റഷ്യാക്കാരുടെ രണശൂരതയ്ക്കു ഹാനി സംഭ
വിക്കുമോയെന്ന ഭയവും അദ്ദേഹത്തിന് ഉണ്ടാകാതിരു
ന്നില്ല. കഴിഞ്ഞകാലത്തെ ചരിത്രരേഖകൾ വച്ചുകൊണ്ടു
വിദൂരതയിൽനിന്നു യുദ്ധവൎണ്ണനചെയ്യുകയല്ല ആ ചരി
ത്രകാരൻ സ്വീകരിച്ച മാർഗ്ഗം. അക്ഷികൾക്കു ലക്ഷീ

ഭവിച്ചിട്ടുള്ള സംഭവങ്ങളുടെ കലർപ്പില്ലാത്ത വിവരണമാണു സെബാസ്റ്റപ്പൂൾ ലേഖനങ്ങളിൽ നമുക്കു ലഭിക്കുന്നതു്.

സ്നേഹത്തിലും അഹിംസയിലും അധിഷ്ഠിതമായിരുന്ന ടോൾസ്റ്റോയിയുടെ മതബോധം യുദ്ധത്തെ വെറുക്കുകയും ഭത്സിക്കുകയും ചെയ്തു. സുഖലോലുപമായ ജീവിതവും പട്ടാളത്തിലെ നിഷ്ക്കൃഷ്ടനീതിയും തമ്മിൽ കടകവിരുദ്ധമായിരുന്നതുകൊണ്ടു ഭടവൃത്തിയോടു സ്വാഭാവികമായി ഒരു വിപ്രതിപത്തിയും അദ്ദേഹത്തിനുണ്ടായിരുന്നു. സെബാസ്റ്റപ്പൂൾ ലേഖനപരമ്പരയിലും സ്വകാര്യകുറിപ്പുകളിലും ഈ വസ്തുത അദ്ദേഹം പ്രകാശിപ്പിച്ചിട്ടുണ്ടു്. യുദ്ധസേവനത്തെപ്പററിയുള്ള ടോൾസ്റ്റോയിയുടെ മനോഭാവം സാമാന്യജനതയുടേതിൽനിന്നും ഭിന്നമായിരുന്നു. തന്നിമിത്തം അദ്ദേഹത്തിന്റെ സൈന്യസേവനകാലം സുഖപ്രദമായിരുന്നില്ലെന്നു പ്രസ്താവിക്കുന്നതിൽ അപാകമില്ല.

# അദ്ധ്യായം നാലു്

## വിദേശസഞ്ചാരം.

യുദ്ധസേവനാനന്തരം പീറേറഴ്സ് ബർഗിൽ ടോൾസ്റ്റോയി സ്ഥിരതാമസമുറപ്പിച്ചു. സാഹിത്യലോകത്തിൽ പ്രശസ്തനായ അദ്ദേഹത്തിന് ആ നഗരത്തിലെ സഹൃദയസമാജം സാമാജികത്വം നൽകി സൽക്കരിച്ചു. സമകാലിക സാഹിത്യമാസികകളിൽവച്ച് മികച്ച ഒരു സ്ഥാനം അന്ന് 'കൊണ്ടംബററി' മാസികാഗ്രന്ഥത്തിനുണ്ടായിരുന്നു. വിശ്രുതസാഹിത്യകാരന്മാരുടെ ലേഖനങ്ങൾ, സാഹിത്യനിരൂപണങ്ങൾ മുതലായവകൊണ്ടു് ആ മാസിക സഹൃദയലോകത്തിന്റെ അഭിനന്ദനാംഗീകാരം സമ്പാദിച്ചുകഴിഞ്ഞു. ടോൾസ്റ്റോയിയുടെ സാഹിത്യസേവനങ്ങൾക്കു പ്രോത്സാഹനം നൽകിയതു് ഈ മാസികയുടെ പത്രാധിപസമിതിയായിരുന്നു. പുരോഗമനസാഹിത്യകാരന്മാരുടെ ഒരു സുഹൃത്സമാജം അന്നു് പീറേറഴ്സ്ബർഗിൽ രൂപീകൃതമായി. കഥാനായകൻ ആ സുഹൃത്സംഘത്തിലെ ഒരു പ്രമുഖാംഗമായിരുന്നതായി കാണുന്നു. പ്രസിദ്ധ കവിയായിരുന്ന 'ഫെററു്'മായി ഇക്കാലത്താണു് ടോൾസ്റ്റോയി പരിചയബന്ധത്തിൽ ഏർപ്പെട്ടതു്. ഈ സ്നേഹബന്ധം നാൾക്കുനാൾ ദൃഢപ്പെട്ടുവന്നു. ജീവിതാവസാനംവരെ അവർ തമ്മിലുള്ള മൈത്രി നിലനിന്നുപോന്നതായി ഈ ജീവചരിത്രം തെളിവു നൽകുന്നുണ്ടു്. വാദപ്രതിവാദങ്ങളിൽ

ഏർപ്പെട്ടക ടോൾസ്റ്റായിക്ക് എപ്പോഴും രസാവഹമായിരുന്നു. പ്രതിപക്ഷബഹുമാനം ഇക്കാര്യത്തിൽ അദ്ദേഹം ദീക്ഷിച്ചിരുന്നില്ല. ലൌകികമഹിമയെ പരിഗണിക്കാതെ ആരേയും അദ്ദേഹം കർക്കശമായി നിരൂപണം ചെയ്യും. സ്വന്തം കുററങ്ങളെ ഒരിക്കലും മറച്ചുവെയ്ക്കാൻ അദ്ദേഹം ശ്രമിക്കുകയില്ല. ആത്മാർത്ഥതയില്ലാത്ത ഒരു കപടലോകത്തിലാണു് താൻ ജീവിക്കുന്നതെന്നു് അദ്ദേഹത്തിനു തോന്നിയിരുന്നു.

1856-ൽ ടോൾസ്റ്റായിയുടെ മൂന്നാമത്തെ സഹോദരൻ 'ഡെമിററ്റി' അകാലചരമം പ്രാപിച്ചു. ഈ ദുസ്സഹദുഃഖം കനിഷ്ഠസോദരനെ ക്രമാധികം വേദനിപ്പിച്ചു. ഡെമിററ്റി സ്വഭാവഗുണംകൊണ്ടു് ആദരണീയനായിരുന്നെങ്കിലും അയാളുടെ അവസാനകാലം ബന്ധുജനങ്ങളിൽ വെറുപ്പുണ്ടാക്കിത്തീർത്തു. ഒരു വേശ്യയെ അയാൾ ഭാര്യയായി സ്വീകരിച്ചു. മാനസികവും ശാരീരികവുമായ ദുരന്തയാതനകൾ അയാളുടെ ആയുർദൈർഘ്യത്തെ കുറയ്ക്കുകയും ചെയ്തു. സഹോദരന്റെ ജീവിതസായാഹ്നത്തിൽ വന്നുചേർന്ന ക്രമക്കേടുകളും അനുഭവങ്ങളും ടോൾസ്റ്റായിയിൽ കുറച്ചല്ലാത്ത മാനസികപരിവർത്തനം വരുത്തുന്നതിനു പ്രേരകമായി ഭവിച്ചു.

പീറേറഴ്സ്ബർഗിൽ താമസിക്കുമ്പോൾ അധഃസ്ഥിതരായ കൃഷീവലന്മാരുടെ ഉന്നമനാർത്ഥം ചില പദ്ധതികൾ ടോൾസ്റ്റായി ആസൂത്രണം ചെയ്തു. ഈ പദ്ധതികൾ വിദഗ്ദ്ധന്മാരായ പലരുമായിട്ടുണ്ടായ ചർച്ചകളിൽനിന്നും ജന്മമെടുത്തവയാണു്. അടിമകളായ

കൃഷീവലന്മാർ പ്രഭുകുടുംബങ്ങളിലെ പ്രശസ്തിയെ പ്രഖ്യാപനം ചെയ്തിരുന്ന ധനവിശേഷമായിരുന്നു. അതിനാൽ ഭൌതികമഹിമയിൽ ഉയന്നവരുടെ മാനസികപരിവത്തനമാണു് അത്തരം പദ്ധതികളുടെ വിജയത്തിനു അത്യന്താപേക്ഷിതമെന്നു് ടോൾസ്റ്റായി അനുമാനിച്ചു. നിയമത്തിൻെറ നിർബ്ബന്ധത്തേക്കാൾ സ്നേഹത്തിൻെറ ശക്തിയിലാണു് ആ പ്രശ്നത്തിൻെറ പരിഹാരം അദ്ദേഹം ദശിച്ചതു്. കൃഷീവലന്മാരുടെ ഉദ്ധാരണത്തിനുള്ള പദ്ധതി വിപ്ലവാത്മകമായിരുന്നു. പ്രഭുകുടുംബങ്ങളിലെ ഭൂമിയെ കൃഷിക്കാക്കായി വീതിച്ചുകൊടുക്കുന്നതിനും അതിൽ സ്ഥാപിച്ചുള്ള ഋണബാദ്ധ്യതകളെ തീക്കുന്നതിനു് അവരെ ബദ്ധരാക്കുന്നതിനുമുള്ള ഒരു വ്യവസ്ഥയാണു ടോൾസ്റ്റായി പ്രയോഗക്ഷമമായി കണ്ടതു്. എന്നാൽ കൃഷീവലന്മാർ ഈ പദ്ധതിയിൽ സംശയാലുക്കളായിത്തീന്നു. സന്ദേഹനിവാരണത്തിനുവേണ്ടി ദിവസംതോറും അദ്ദേഹം യോഗങ്ങൾ വിളിച്ചുകൂട്ടി അവരെ ഉൽബോധിപ്പിച്ചുവന്നു. ഈ ശ്രമങ്ങൾക്കു ക്ഷിപ്രഫലം ലഭിച്ചില്ലെങ്കിലും അനന്തരകാലത്തു് അവ സഫലങ്ങളാകുകതന്നെ ചെയ്തു.

യുവസഹജമായ മനോവ്യാപാരങ്ങൾക്കു ടോൾസ്റ്റായി അതീതനായിരുന്നില്ല. നഗരവാസത്തിനിടയിൽ 'വലേരിയാ' എന്ന ഒരു സ്ത്രീയുമായി അദ്ദേഹം പ്രേമപരവശനായിത്തീന്നു. ഈ സ്നേഹബന്ധം വിവാഹത്തിൽ കലാശിക്കുമെന്നു തന്നെ സ്നേഹിതരും ബന്ധുജനങ്ങളും തീർച്ചപ്പെടുത്തി. എന്നാൽ രണ്ടുപേരുടെയും സ്വഭാവത്തിലുണ്ടായിരുന്ന വൈരുദ്ധ്യം അകൽച്ചയ്ക്കാണു

കൂടുതൽ പ്രേരണ നൽകിയുള്ളു. 'വലേരിയാ'യുമായുള്ള പ്രണയവ്യാപാരങ്ങളുടെ അനുഭവസ്മരണകൾ "കുടുംബ സുഖം" (Family Happiness) എന്ന ഗ്രന്ഥത്തിൽ ടോൾസ്റ്റായി മനോഹരമായി പ്രകാശിപ്പിച്ചിട്ടുണ്ടു്. വലേരിയാ ഉത്തമയായ ഒരു ഭാര്യയായിരിക്കുമെന്നുള്ള സംഗതിയിൽ അദ്ദേഹത്തിനു അഭിപ്രായാന്തരമുണ്ടായിരുന്നില്ല. എന്നാൽ സമാധാന പൂർണ്ണമായ ദാമ്പത്യജീവിതത്തിനു സ്വഭാവൈകൃം അനുപേക്ഷണീയമാണെന്നുള്ള അഭിപ്രായം അദ്ദേഹത്തിൽ രൂഢമൂലമായിരുന്നു. ഈ വിചാരം വലേരിയായുമായുള്ള ബന്ധത്തെ ശിഥിലമാക്കിതീർത്തു.

പീറേറഴ്സ്ബർഗ്ഗിൽനിന്നും ഗ്രാമവസതിയായ യാസ്നയാ പാളിയാനായിലേക്കാണു ടോൾസ്റ്റായി മടങ്ങിയതു്. അനന്തര ജീവിതം സാഹിത്യാരാധനയിൽ തന്നെ കഴിച്ചുകൂട്ടി. വിശ്രമവേളകളിൽ ഗ്രന്ഥപാരായണത്തിലും സംഗീതാഭ്യസനത്തിലും അദ്ദേഹം നിരതനായിരുന്നു. കൃഷീവലോദ്ധാരണത്തിന്നും അദ്ദേഹം നിഷ്കർഷാപൂർവ്വം ശ്രമിച്ചു. ഗ്രാമജീവിതത്തിൽ കളികളിലും കായിക വ്യായാമങ്ങളിലും പ്രത്യേകം ശ്രദ്ധപതിപ്പിച്ചിരുന്നതായും അദ്ദേഹം തന്നെ രേഖപ്പെടുത്തിയിട്ടുണ്ടു്. മൃഗയാവിനോദം അന്നു പ്രഭുക്കന്മാരുടെ ഒരു സാധാരണ വിനോദമായിരുന്നു. ടോൾസ്റ്റായിയും ചില സമയം ഈ സാഹസവിനോദങ്ങളിൽ വിഹരിച്ചിട്ടുണ്ടു്. ഒരിക്കൽ ഗ്രാമവസതിയുടെ പരിസരങ്ങളിലുള്ള കനകങ്ങളിൽ അദ്ദേഹം നായാട്ടുന്നതിനു പോയി. അവിചാരി

തമായി ഒരു കാട്ടുപന്നിയുമായി അദ്ദേഹം നേരിട്ടു. ക്രുദ്ധനായ ആ മൃഗവുമായി യുദ്ധത്തിലേർപ്പെട്ട അദ്ദേഹം ഈശ്വരസഹായംകൊണ്ടു രക്ഷപ്പെട്ടെന്നു പറയാനുള്ളൂ. കാട്ടുപന്നി ഏൽപ്പിച്ച മുറിവു ശാശ്വത സ്മരണയ്ക്കു ടോൾസ്റ്റോയിയുടെ ഫാലപ്രദേശത്ത് ഒരു രേഖ അവശേഷിപ്പിച്ചുവെന്നുള്ളതും പ്രസ്താവ്യമാണ്.

ടോൾസ്റ്റോയി സ്വാഭാവികമായി സഞ്ചാരപ്രിയനായിരുന്നു. വിദേശസഞ്ചാരം വിജ്ഞാനവികാസത്തിന് അത്യന്താപേക്ഷിതമാണെന്നു അദ്ദേഹം വിശ്വസിച്ചു. യുദ്ധസേവനത്തിനുശേഷം വിദേശസഞ്ചാരത്തിനു അദ്ദേഹത്തിനു സൗകര്യം ലഭിച്ചില്ല. റഷ്യയിലെ സ്വൈരജീവിതം ഭഞ്ജിച്ച് യൂറോപ്പിലെ ഇതര രാജ്യങ്ങൾ സന്ദർശിക്കണമെന്നു ടോൾസ്റ്റോയി തീർച്ചയാക്കി. 1857 ഫെബ്രുവരിയിൽ അദ്ദേഹം പാരീസിലേയ്ക്കു തിരിച്ചു. പാരീസ് നഗരം പരിഷ്കാര കേന്ദ്രമായിരുന്നു. നാഗരികതയുടെ നഗ്നചിത്രങ്ങൾ പാരീസിൽ അദ്ദേഹം ദർശിച്ചു. 'ടർഗനവ്', 'നെക്രസാവ്' തുടങ്ങിയ സാഹിത്യ നായകന്മാർ അന്ന് പാരീസിൽ ഉണ്ടായിരുന്നു. ഫ്രാൻസിലെ പ്രശസ്ത കലാകാരന്മാർ, നടന്മാർ, സാഹിത്യകാരന്മാർ എന്നിവരുമായി പരിചയബന്ധത്തിൽ ഏർപ്പെടുന്നതിന് ഇപ്പോൾ ടോൾസ്റ്റോയിക്കു സന്ദർഭം ലഭിച്ചു. എന്നാൽ പാരീസിലെ ജീവിതത്തിൽ വൈരസ്യം തോന്നുവാൻ ഒരു കാരണമുണ്ടായി. യാദൃശ്ചികമായി ഒരു വധശിക്ഷയ്ക്കു ദൃക്സാക്ഷ്യം വഹിക്കുവാൻ കഥാനായകനു സംഗതിവന്നു. ഈ സംഭവം അദ്ദേഹത്തിന്റെ മാനസിക സമചിത്തതയെ ഇളക്കി. അനേക

ദിവസം അദ്ദേഹത്തിനു നിദ്രപോലും ഉണ്ടായില്ല; മരണശിക്ഷയെ അന്നു മുതൽ ടോൾസ്റ്റോയി വെറുത്തുതുടങ്ങി. ടോൾസ്റ്റോയിയുടെ കഥകളിൽ ഈ വിചാരഗതി സ്പഷ്ടമായി നമുക്കു ദർശിക്കുവാൻ കഴിയും.

പാരീസിൽനിന്നും ചരിത്രനായകൻ പ്രകൃതിരമണീയമായ സ്വിററ്സർലണ്ടിൽ എത്തി. ജനിവായിൽ അദ്ദേഹത്തിൻെറ അടുത്ത ചില ബന്ധുക്കൾ താമസിച്ചിരുന്നു. ഹിമാവൃതമായ പർവതപ്രദേശങ്ങളിൽ പര്യടനം നടത്തുന്നതിൽ അദ്ദേഹം അളവററ ആനന്ദമനുഭവിച്ചു. അനന്തരകാലത്തു് ടോൾസ്റ്റോയിയുടെ സാഹിത്യകൃതികളിൽ കാണുന്ന പ്രകൃതിവർണ്ണനയ്ക്കു് പ്രചോദനം നൽകിയതു് ജനീവായിലെ അന്നത്തെ താമസമായിരുന്നു എന്നു വേണം വിചാരിപ്പാൻ. ട്യൂറിൻ, സൂറിച്ച്, ബർലിൻ മുതലായ നഗരങ്ങൾ സന്ദർശിച്ചിട്ട് അദ്ദേഹം ജൂലായ് മാസത്തിൽ റഷ്യയിൽ തിരിച്ചെത്തി. ജ്യേഷ്ഠസഹോദരനോടും സഹോദരിയോടും കൂടി ടോൾസ്റ്റോയി മാസ്കോയിലേയ്ക്കു താമസം മാററി. മാസ്കോയിൽ വന്നു ചേർന്നതും അദ്ദേഹത്തിൻെറ വാസഗൃഹം വീണ്ടും സഹൃദയന്മാരുടേയും സാഹിത്യകാരന്മാരുടേയും സമ്മേളനരംഗമായി പരിണമിച്ചു. ആത്മസുഹൃത്തായിരുന്ന 'ഫേററും' ഇപ്പോൾ മാസ്കോയിൽ എത്തിച്ചേർന്നു. തത്വചിന്തകന്മാർ, സാഹിത്യപ്രവർത്തകർ തുടങ്ങി അനേകം സന്ദർശകർ ആ സാഹിത്യനായകനെ ദൈനംദിനവലയം ചെയ്തു.

ഇടക്കിടയ്ക്കു പീറേറഴ്സ് ബർഗ്ഗിലും യസ്നായായിലുമായി ടോൾസ്റ്റോയി താമസിച്ചു. നഗരജീവി

തത്തിൽനിന്നും വിശ്രമം തേടുന്നതിന് അദ്ദേഹം ചില പ്പോൾ ഗ്രാമവസതിയിൽ അഭയം പ്രാപിച്ചിരുന്നു. ടാററിയാനായുമായുള്ള സഹവാസവും അദ്ദേഹത്തെ അങ്ങോട്ടാകർഷിച്ചു. സ്നേഹസമ്പന്നയായ ആ മദ്ധ്യവയസ്കയുടെ ഉപദേശങ്ങളും പരിചരണങ്ങളും ആ യുവാവ് അതിരററ് വിലമതിച്ചിരുന്നു. യാസ്നയായിലെ കൃഷീവലന്മാരുടെ ഉൽകർഷത്തിനുവേണ്ടിയുള്ള ശ്രമം ഇപ്പോഴും അദ്ദേഹം ഉപേക്ഷിച്ചിരുന്നില്ല. കൃഷിയിലുള്ള താൽപര്യവും അവരുമായി അദ്ദേഹത്തെ അടുപ്പിച്ചു.

സ്വൈരജീവിതത്തിനു വീണ്ടും വിഘാതമുണ്ടായി. ജ്യേഷ്ഠസഹോദരനായ നിക്കോളാസ് ക്ഷയരോഗഗ്രസ്തനായിത്തീർന്നു. ചികിത്സാർത്ഥം സഹോദരന്മാർ ബർലിനിലേയ്ക്കു തിരിച്ചു. ജർമ്മനിയിൽ സഹോദരന്റെ രോഗശുശ്രൂഷയെക്കാളും സഞ്ചാരത്തിനാണ് അധിക സമയവും ടോൾസ്റ്റോയി വിനിയോഗിച്ചത്. റഷ്യയിലെ നിരക്ഷരതയെ നിർമ്മാർജ്ജനം ചെയ്യുന്നതിനു ടോൾസ്റ്റോയി ചില പദ്ധതികൾ നിശ്ചയിച്ചുറച്ചിരുന്നു. അതിനാൽ ജർമ്മനിയിലെ വിദ്യാഭ്യാസരീതി മനസ്സിലാക്കുന്നതിലും അദ്ദേഹം ശ്രദ്ധിച്ചു. ഇതിനിടയ്ക്കു സഹോദരന്റെ സുഖക്കേടു വർദ്ധിച്ചതിനാൽ ഹയർസ് എന്ന സുഖവാസ നഗരത്തിലേയ്ക്കു നിക്കോളാസിനെ മാററി. എന്നാൽ നിക്കോളാസിനു രോഗശമനം ഉണ്ടായില്ല 1860 സെപ്റ്റംബർ 20-ാനു സ്നേഹമൂർത്തിയായ ആ ജ്യേഷ്ഠസഹോദരൻ ഇഹലോകവാസം വെടിഞ്ഞു. സഹോദരന്റെ മരണം ടോൾസ്റ്റോയിയെ സംബന്ധിച്ചിടത്തോളം ഒരു തീരാനഷ്ടമായിരുന്നു, ബാല്യകാലം

മുതൽ അദ്ദേഹത്തിന്റെ സ്വഭാവരൂപീകരണത്തിൽ നിക്കൊളാസിനു അത്ഭുതാവഹമായ പ്രേരകശക്തിയുണ്ടായിരുന്നു. സാധുജനസേവനം ജീവിതവ്രതമായി വരിച്ചിരുന്നതിനാൽ നിക്കൊളാസിന്റെ മരണം സ്ഥിതിഭേദമെന്യേ എല്ലാവരേയും സന്തപ്തരാക്കി. ഭ്രാതൃമരണം ടോൾസ്റ്റോയിയുടെ ചിന്താഗതിയേയും വല്ലാതെ ബാധിച്ചു.

സഹോദരന്റെ മരണശേഷം ടോൾസ്റ്റോയി ഹെയർസ് നഗരം വിട്ടു. അനന്തരം അദ്ദേഹം ഇററലിയിലുള്ള പുരാതന നഗരങ്ങൾ പലതും സന്ദർശിച്ചു. പാരീസുവഴി സഞ്ചാരമദ്ധ്യേ അദ്ദേഹം ലണ്ടനിലെത്തി. ഈ യാത്രയിൽ വിദ്യാഭ്യാസപ്രവൎത്തനങ്ങൾ പഠിക്കുന്നതിലാണ് അദ്ദേഹം ശ്രദ്ധകൊടുത്തത്. ലണ്ടനിൽ താമസിക്കവേ, പെട്ടെന്നു റഷ്യയിലേയ്ക്കു തിരിക്കേണ്ടി വന്നു. റഷ്യയിൽ വലിയ പരിവൎത്തനങ്ങൾ അപ്പോഴേയ്ക്കും സംഭവിച്ചുകഴിഞ്ഞിരുന്നു. അടിമകളുടെ മോചനത്തിനുവേണ്ട നിയമങ്ങൾക്കു രാജകീയാനുമതി ലഭിച്ചു. തന്മൂലം അടിമകളായ കൃഷീവലന്മാരും പ്രഭുക്കന്മാരുമായുണ്ടാകുന്ന തൎക്കങ്ങൾ തീൎക്കുന്നതിനു വിപുലമായ അധികാരത്തോടുകൂടി സ്വന്തം പ്രവിശ്യയായ തൂലായിൽ ടോൾസ്റ്റോയിയെ ഒരു മദ്ധ്യസ്ഥ ഉദ്യോഗസ്ഥനായി നിയമിച്ചു. ഈ ഉദ്യോഗം സ്വീകരിക്കുന്നതിനു വേണ്ടിയാണു ടോൾസ്റ്റോയി പെട്ടെന്നു ലണ്ടൻ വിട്ടതു്. പത്തുമാസത്തെ വിദേശവാസത്തിനു ശേഷം അദ്ദേഹം റഷ്യയിൽ തിരിച്ചെത്തി.

# അദ്ധ്യായം അഞ്ച്

## അദ്ധ്യാപകവൃത്തി.

ഔദ്യോഗികജീവിതം ആദ്യഘട്ടത്തിൽ സുഖപ്രദ
മായിരുന്നു. പ്രഭുക്കന്മാരും കുടിയാനവന്മാരായ കൃഷീ
വലന്മാരും തമ്മിലുള്ള തർക്കങ്ങറം ഒത്തുതീർക്കുന്നതി
നാണു ടോൾസ്റ്റയി നിയുക്തനായതു്. നീതിബോധ
ത്തോടുകൂടി തീർപ്പുകൾ ചെയ്യുന്നതിൽ എപ്പോഴും
അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു. കർഷകരുമായി പെരുമാ
റുന്നതിൽ വളരെ വിഷമതകറം അദ്ദേഹത്തിനു അനുഭ
വിക്കേണ്ടിവന്നു. ചിലപ്പോൾ അവരുമായുള്ള വാദപ്ര
തിവാദങ്ങളിൽ ക്ഷമതന്നെയും അസ്തമിച്ചു. എന്നാൽ
അക്ഷമയോടുകൂടിയോ ബോധശൂന്യമായോ യാതൊരു
പ്രവൃത്തികളും അദ്ദേഹം ചെയ്തിരുന്നില്ല. പ്രഭുക്കന്മാരു
മായി ഇടപെടുന്ന കാര്യം, അതിലും വിഷമമായിരുന്നു.
സുഖലോലുപരും ധനികരുമായിരുന്ന പ്രഭുക്കന്മാർ കഥാ
നായകനെ ദേഹോപദ്രവമേല്പിക്കുമെന്നുകൂടി ഭീഷണി
പ്പെടുത്തി. പക്ഷെ ആ ധീരപുരുഷൻ അത്തരം ഭീഷണി
കളിൽ അസ്ഥൈര്യനായില്ല. ഒരു സഹൃദയനും സൌന്ദ
ര്യാരാധകനുമായിരുന്ന ആ കലാകാരനു് കുറച്ചുകഴിഞ്ഞ
പ്പോറം ക്രമീകൃതമായ പഞ്ചായത്തുജോലി വിരസമായി
ത്തോന്നി. കൂടാതെ മദ്ധ്യസ്ഥതീരുമാനങ്ങളെ അകാര
ണമായി അപ്പീൽകോടതികറം അസ്ഥിരപ്പെടുത്തി വന്ന
തുകൊണ്ടു് തന്റെ വിധി പ്രത്യക്ഷത്തിൽ പ്രയോജന

കരമായല്ലന്നു ടോൾസ്റ്റോയിക്കു ബോദ്ധ്യപ്പെട്ടു. ഈ വിചാരവും ഉദ്യോഗജീവിതത്തിൽ വിരസത വളിപ്പിച്ചു. ഏതായാലും ഒരു കൊല്ലക്കാലത്തെ ഔദ്യോഗികജീവിതത്തിനുശേഷം അനാരോഗ്യം കാരണമാക്കി അദ്ദേഹം ഉദ്യോഗം വെടിഞ്ഞു. സിവിൽനിയമങ്ങളുടെ അർത്ഥശൂന്യതയേയും നിയമപാലകന്മാരുടെ നെറികേടിനേയും പററി ടോൾസ്റ്റോയി പിന്നീട് രചിച്ചിട്ടുള്ള സാഹിത്യകൃതികളിൽ അവലോകനം ചെയ്തിട്ടുണ്ട്.

യാസ്നയായിലെ താമസം ടോൾസ്റ്റോയിക്ക് ഉല്ലാസപ്രദമായിത്തീൎന്നു. സ്നേഹിതനും സാഹിത്യകാരനുമായിരുന്ന 'ഫെററ്' യാസ്നയായുടെ സമീപം സ്ഥിരതാമസമുറപ്പിച്ചു. കഥാനായകൻ ഫെററിന്റെ വസതിയിലെ ഒരു നിത്യസന്ദർശകനായി. സാഹിത്യപരമായ ചർച്ചകളും നിരൂപണങ്ങളും ആ സുഹൃത്സദസ്സിന്റെ സമയം അപഹരിച്ചു. പ്രസിദ്ധസാഹിത്യകാരനായിരുന്ന ടർഗനവും ഈ സമ്മേളനങ്ങളിൽ സംബന്ധിക്കുക പതിവായിരുന്നു. ചിലപ്പോൾ ഈ സമ്മേളനം അസുഖകരമായ ഫലങ്ങളും ഉളവാക്കിയിട്ടുണ്ട്. സ്വാഭിപ്രായം നിർഭയം പ്രസ്താവിക്കുന്ന ഒരു പതിവു ടോൾസ്റ്റോയിക്കുണ്ടായിരുന്നു. ഈ സ്വഭാവരീതി സ്നേഹിതന്മാരെപ്പോലും ശത്രുക്കളാക്കിത്തീൎത്തു. ഫെററിന്റെ വസതിയിൽ കൂടിയ ഒരു സായാഹ്നസമ്മേളനത്തിൽ ടോൾസ്റ്റോയിയുടെ നിശിതവിമർശസ്വഭാവം ഫെററിനെ വിഷമിപ്പിച്ചു. ടർഗനവിന്റെ പുത്രിയുടെ വിദേശവിദ്യാഭ്യാസം ചർച്ചാവിഷയമായി. മാതൃഭാഷയേയും സാമൂ

ഷ്യാചാരങ്ങളേയും വിഗണിച്ചുകൊണ്ടുള്ള വിദേശാചാരാഭ്യസനം ഗർഹണീയമാണെന്ന് ടോൾസ്റ്റായി അഭിപ്രായപ്പെട്ടു. ഈ പ്രസ്താവനയുടെ ഭാവവും സ്വരവും ക്ഷിപ്രകോപിയായിരുന്ന ടർഗനവിനെ കോപവിഹ്വലനാക്കി. അയാൾ ടോൾസ്റ്റായിയുടെ നേർക്കടുത്തു. പ്രഹരപ്രയോഗത്തിൽ അവസാനിക്കുന്നതിനുമുമ്പു ഫെററ്റിന്റെ നയകുശലത സമരകുതുകികളായ ആ സാഹിത്യനായകന്മാരെ അകററി. അന്നത്തെ സമ്മേളനം അങ്ങനെ പിരിഞ്ഞു. അടുത്ത ദിവസം തന്നെ ടർഗനവ് പശ്ചാത്താപം പ്രകടിപ്പിച്ച് ഒരു കത്തെഴുതി. സ്നേഹിതൻ തെററു സമ്മതിച്ചതിൽ ടോൾസ്റ്റായിക്കു സന്തോഷമായി. എങ്കിലും ടർഗനവുമായുള്ള സാഹചര്യം അനാശാസ്യമാണെന്ന് അദ്ദേഹത്തിനു തോന്നി. തന്നിമിത്തം ആ സൗഹൃദ്ബന്ധം അവസാനിപ്പിക്കാൻതന്നെ ടോൾസ്റ്റായി തീരുമാനിച്ചു. നാലഞ്ചുമാസം പരസ്പരം വിരോധഭാവത്തിൽ അവർ കഴിച്ചുകൂട്ടി. എന്നാൽ കാലംകഴിഞ്ഞതോടുകൂടി ടോൾസ്റ്റായിക്കു തന്റെ പ്രവൃത്തിയിൽ സങ്കടമുണ്ടായി. ടർഗനവിനോടു ക്ഷമിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ടോൾസ്റ്റായി ഒരു കത്തയച്ചു. തെററു സമ്മതിക്കുന്നതും പശ്ചാത്താപം പ്രകടിപ്പിക്കുന്നതും ഉത്തമമനുഷ്യധർമ്മമായി അദ്ദേഹം പരിഗണിച്ചു.

മദ്ധ്യസ്ഥനായി ജോലി ചെയ്യവേ ടോൾസ്റ്റായി വിദ്യാഭ്യാസപരമായ പ്രവർത്തനങ്ങളിലും സവിശേഷം ശ്രദ്ധ പതിപ്പിച്ചിരുന്നു. അക്കാലത്തെ വിദ്യാഭ്യാസരീതിക്കു ഒരു നവീകരണം ആവശ്യമാണെന്ന ബോധം

അദ്ദേഹത്തിൽ വളരെ മുമ്പുതന്നെ അങ്കുരിച്ചു. വിദേശപര്യടനങ്ങളിൽ ഈ സംഗതി അദ്ദേഹം പ്രത്യേകം ഓർമ്മിച്ചിരുന്നു. ഫ്രാൻസ്, ജർമ്മനി, ഇംഗ്ലണ്ട് മുതലായ രാജ്യങ്ങളിലെ വിദ്യാഭ്യാസരീതിയിലുള്ള പ്രമുഖാംശങ്ങൾ ഗ്രഹിച്ച് റഷ്യയ്ക്കനുയോജ്യമായ രീതിയിൽ വിദ്യാഭ്യാസം പരിഷ്കരിക്കുന്നതിന ടോൾസ്ററായി ശ്രമിച്ചു. ഈ ആശയം പ്രയോഗക്ഷമമാക്കുന്നതിന് അദ്ദേഹം കാലവിളംബം വരുത്തിയില്ല. ആദർശങ്ങൾ പ്രസംഗിച്ചതുകൊണ്ടു ഫലമില്ലെന്ന് അദ്ദേഹത്തിന അറിയാമായിരുന്നു. നിരക്ഷരരായ സാമാന്യജനതയ്ക്കുവേണ്ടി ഒരു പാഠശാല ഏർപ്പെടുത്തി തന്റെ വിദ്യാഭ്യാസാദർശങ്ങൾ നടപ്പിൽ വരുത്താനുള്ള പദ്ധതി അദ്ദേഹത്തിന്റെ വിദ്യാഭ്യാസപരിഷ്കരണത്തിലുള്ള പ്രഥമപദമായി പരിണമിച്ചു. ഉടൻ 'യാസ്നയാ പാളിയാന' എന്ന നാമധേയത്തിൽ ഒരു വിദ്യാഭ്യാസമാസികയും അദ്ദേഹം പ്രസിദ്ധം ചെയ്തു. ബോധന മാർഗ്ഗങ്ങളിൽ വരുത്താവുന്ന പരിഷ്കാരങ്ങളെ ഈ മാസികമുഖേന അദ്ദേഹം പൊതുജനങ്ങളെ മനസ്സിലാക്കി. അതുവരെ അംഗീകൃതമായിരുന്ന സകല പദ്ധതികൾക്കും സമൂലമായ പരിവർത്തനമാണ് ടോൾസ്ററായി തന്റെ മാസികമൂലം നിർദ്ദേശിച്ചത്. മാസികാപ്രവർത്തനം ധനനഷ്ടത്തിൽ കലാശിച്ചെങ്കിലും ഉദ്ദേശ്യസാഫല്യം അതുകൊണ്ടുണ്ടാകുമെന്നുള്ള പ്രതീക്ഷ അദ്ദേഹത്തിന ആശ്വാസം നൽകി.

ടോൾസ്റ്റോയിയുടെ വിദ്യാഭ്യാസാദർശങ്ങൾ നവീനങ്ങളായിരുന്നു. അദ്ദേഹത്തിന്റെ ആശയങ്ങൾ കേവലം

വിപ്ലവകരമെന്നു തന്നെ പറയാം. വിദ്യാഭ്യാസത്തെ ടോൾസ്റ്റോയി ഇപ്രകാരം നിർവ്വചിച്ചിരിക്കുന്നു: "സമീകരണത്തിനുള്ള ആശയത്തിലും വിജ്ഞാനാഭിവൃദ്ധിയിലേക്ക് നിരന്തരം നീങ്ങിക്കൊണ്ടിരിക്കുന്ന സ്വഭാവബോധത്തിലും അധിഷ്ഠിതമായ പ്രവർത്തനരീതിയാണു വിദ്യാഭ്യാസം." ആ വിദ്യാഭ്യാസപരിഷ്ക്കർത്താവിൻെറ അഭിപ്രായത്തിൽ അദ്ധ്യാപകൻെറ ചുമതല ബഹുമുഖമാണു്. അദ്ധ്യാപകൻ തനിക്കറിയാവുന്ന സംഗതികൾ വിദ്യാർത്ഥിയുടെ മാനസികവളർച്ചയ്ക്കനുയോജ്യമായി അവരിൽ പകരുവാൻ യത്നിക്കണമെന്ന് അദ്ദേഹം സിദ്ധാന്തിച്ചിരുന്നു. പരീക്ഷയോ ഉദ്യോഗമോ ആയിരിക്കരുതു് വിദ്യാഭ്യാസ ലക്ഷ്യം എന്നും അദ്ദേഹം വിവക്ഷിച്ചു. ഈ സംഗതികൾ മാസികമുഖാന്തിരം ടോൾസ്റ്റോയി വിശദമായി പൊതുജനങ്ങളെ ഉൽബോധിപ്പിച്ചുവന്നു. പ്രശസ്ത സാഹിത്യകാരനായിരുന്നതുകൊണ്ടു് അർഹിക്കുന്ന പ്രാധാന്യത്തോടും ബഹുമാനത്തോടും കൂടി സാമാന്യജനത ടോൾസ്റ്റോയിയുടെ ഉപന്യാസങ്ങൾ വായിച്ചുതുടങ്ങി. ഉപന്യാസങ്ങളിൽ നിർദ്ദിഷ്ടമായ രീതിതന്നെ അദ്ദേഹം സ്വന്തം പാഠശാലയിലും അനുവർത്തിച്ചു. പാഠശാലയിലെ അഭ്യസനരീതിയും നിരീക്ഷണഫലങ്ങളും അപ്പഴപ്പോൾ മാസികയിൽ പ്രതിപാദിച്ചിരുന്നു. ക്രമേണ ഈ നവീന പദ്ധതികൾ പൊതുജനങ്ങളുടെ ഗാഢമായ ശ്രദ്ധയെ ആകർഷിച്ചു.

ഗ്രാമപാഠശാലയുടെ പ്രവർത്തനം രസാവഹമാണു്. വിദ്യാർത്ഥികൾക്കു സ്ക്കൂളിൽ വരുന്നതിനു സമയക്ലിപ്തം വച്ചിരുന്നില്ല. താമസിച്ചു വരുന്നതു കുററകരമല്ലാതി

രുന്നതുകൊണ്ട് അദ്ധ്യേതാക്കൾ സമയം തെറ്റാതെ വരുന്നതിൽ ശ്രദ്ധ കാണിച്ചിരുന്നു. സ്ലേറ്റോ പുസ്തകമോ ആരും കൊണ്ടുവരേണ്ട ആവശ്യമില്ല. ധാരണാശക്തിക്കു മാത്രം കൊടുക്കത്തക്കവണ്ണം കാണാതെ പഠിക്കേണ്ട ആവശ്യവും ഉണ്ടായിരുന്നില്ല. വിദ്യാർത്ഥികൾക്കു യഥേഷ്ടം പഠിക്കുകയോ കളിക്കുകയോ ചെയ്യാം. പരീക്ഷയില്ല; പഴയ പാഠങ്ങൾ ആവർത്തിച്ചു പഠിക്കേണ്ട ആവശ്യവുമില്ല. അദ്ധ്യാപകനും വിദ്യാർത്ഥിയും തമ്മിൽ യാതൊരു അകൽച്ചയുമില്ല. തുറന്ന സ്ഥലത്തോ മുറികളിലോ യഥേഷ്ടം അദ്ധ്യയനം നടത്തും. വിദ്യാഭ്യാസവിഷയത്തിൽ നിർബന്ധം പ്രബലിച്ചിരുന്നില്ല. ചൂരൽ പ്രയോഗവും താഡന രീതിയും നിശ്ശേഷം വർജ്ജിച്ചിരുന്നു. ഓരോ വിദ്യാർത്ഥിയുടേയും സ്വഭാവരീതി മനസ്സിലാക്കി അവനിൽ വിജ്ഞാനാസക്തി ഉൽപ്പാദിപ്പിക്കുന്നതിൽ അദ്ധ്യാപകൻ പ്രത്യേകം ശ്രദ്ധിച്ചു. കുട്ടികൾക്കു കായികാഭ്യാസം നൽകുന്നതിലും നിഷ്കർഷിച്ചിരുന്നു. ഇങ്ങനെ പോകുന്നു ആ പുതിയ പദ്ധതി

ഗ്രാമീണർ ബാലന്മാരെ യാസ്നയാ പാളിയാനാ സ്കൂളിൽ അയച്ചു പഠിപ്പിക്കുന്നതിൽ താൽപര്യം പ്രദർശിപ്പിച്ചു. ആ പാഠശാലയിൽ പഠിപ്പിക്കാത്ത വിഷയങ്ങൾ ഉണ്ടായിരുന്നില്ല. സ്കൂളിന്റെ പ്രശസ്തിയും അദ്ധ്യയനരീതിയും ക്ഷണം നാടെല്ലാം വ്യാപിച്ചു. വിദ്യാഭ്യാസരീതിയിൽ വരുത്തിയ വിപ്ലവാത്മകമായ പരിഷ്കാരം സാമാന്യജനങ്ങൾ ഹൃദ്യമായി സ്വീകരിച്ചതിൽ ടോൾസ്റ്റോയി ചരിതാർത്ഥനായി. പുതിയ പഠനക്രമം സ്വീകാര്യമായിത്തീർന്നതോടുകൂടി സമീപസ്ഥലങ്ങളിൽ കൂടുതൽ

സ്കൂളുകൾ സ്ഥാപിച്ചു തുടങ്ങി. നൂതനപദ്ധതികളുടെ വിജയത്തിന്റെ കാരണം അദ്ധ്യാപകന്മാരുടെ സേവനസന്നദ്ധതയും വിദ്യാർത്ഥികളും അദ്ധ്യാപകന്മാരും തമ്മിലുണ്ടായിരുന്ന നൈസർഗ്ഗികവും പാവനവും ആയ സ്നേഹബന്ധവുമാണെന്നു ടോൾസ്റ്റോയി തന്നെ പ്രസ്താവിച്ചു കാണുന്നു.

ബാലവിദ്യാർത്ഥികളുടെ സ്വഭാവരീതിക്കും രുചിഭേദത്തിനും അനുയോജ്യമായ പാഠപുസ്തകങ്ങൾ അന്നു വിരളമായിരുന്നു. തന്മൂലം ടോൾസ്റ്റോയിക്കു വളരെ ബുദ്ധിമുട്ടുണ്ടായിട്ടുണ്ടു്. ബൈബിളിലെ കഥകൾ പ്രതിപാദനരീതി കൊണ്ടു് കുട്ടികളെ പഠിപ്പിക്കുന്നതിനു പര്യാപ്തങ്ങളാണെന്നു് അദ്ദേഹം കരുതി. ദേശീയകഥകൾ, നാടോടിപാട്ടുകൾ, ഗ്രാമീണവിനോദങ്ങൾ മുതലായവയിൽ വിദ്യാർത്ഥികൾക്കു പ്രത്യേക താൽപര്യം ജനിപ്പിക്കുന്നതിനു ടോൾസ്റ്റോയി ശ്രമിച്ചു. അവയിൽ അദ്ദേഹം കലയും സൌന്ദര്യബോധവും ദർശിച്ചു. സാമൂഹ്യജീവിതത്തിൽ അനുഷ്ഠാനയോഗ്യമായ പല സംഗതികളും അവയിൽ അന്തർഭവിച്ചിട്ടുള്ളതായി അദ്ദേഹം കണ്ടു. വ്യാകരണം, ഭൂമിശാസ്ത്രം, ഗണിതം മുതലായവ നിഷ്കർഷിച്ചു പഠിപ്പിച്ചിരുന്നില്ല. സാമാന്യജ്ഞാനത്തിനുവേണ്ടിയുള്ള ബോധനമാർഗ്ഗമേ അദ്ദേഹം ആ വിഷയങ്ങളിൽ സ്വീകരിച്ചിരുന്നുള്ളു. ചിത്രരചനയിലും സംഗീതാഭ്യസനത്തിലും വിദ്യാർത്ഥികൾക്കു് അഭിരുചിയുണ്ടാക്കുവാൻ അദ്ദേഹം യത്നിച്ചു. ഭാവനാസമ്പന്നരും ധിഷണാശാലികളുമായ ബാലന്മാർ അന്നത്തെ വിദ്യാർ

ന്ധിസംഘത്തിൽ ഉൾപ്പെട്ടിരുന്നതായി ടോൾസ്റ്റോയി അഭിമാനപൂർവ്വം പ്രസ്താവിച്ചിട്ടുണ്ട്.

യാസ്നയാ പോളിയാനാ സ്കൂളിൽ ഫീസ് ചുമത്തിയിരുന്നില്ല. കുട്ടികൾ ശുചിയായി വസ്ത്രധാരണം ചെയ്യുന്നതിൽ പ്രത്യേകം നിഷ്കർഷ പാലിച്ചിരുന്നു. അതു പോലെതന്നെ അസത്യംപറയുന്നതിനെയും കഥാനായകൻ നിരോധിച്ചിരുന്നു. പ്രായഭേദംപോലും ഗണിക്കാതെ കൊച്ചുകുട്ടികളുമായി അദ്ദേഹം മഞ്ഞിൽ ഉരുണ്ടും ചാടിയും ഉത്സാഹഭരിതമായി കളിച്ചുവന്നു. പ്രഭുസ്ഥാന ഗൌരവം അദ്ദേഹത്തിന്റെ പെരുമാററത്തിൽ സ്പർശിച്ചിരുന്നതേയില്ല. സ്നേഹം ഒന്നുകൊണ്ടു മാത്രം അദ്ദേഹം വിദ്യാർത്ഥികളുടെ ജേതാവായിത്തീർന്നു. ഈ പുതിയ വിദ്യാഭ്യാസരീതി വിദേശരാജ്യങ്ങളിൽനിന്നും വിദ്യാഭ്യാസപ്രവർത്തകന്മാരെ റഷ്യയിലേക്കു ആകർഷിച്ചു. അദ്ധ്യയനക്രമത്തിലുള്ള നവീനത്വം അവരുടെ ആദരപൂർവ്വമായ പ്രശംസയ്ക്കു പാത്രമായി.

മൂന്നുകൊല്ലം അദ്ധ്യാപകവൃത്തി അംഗമായി തുടർന്നു. കാപട്യത്തിനും സ്വാർത്ഥതയ്ക്കും അദ്ധ്യാപകജീവിതത്തിൽ സ്ഥാനമില്ലാതിരുന്നതുകൊണ്ടു അക്കാലം സുന്ദരവും ഉന്മേഷപൂർണ്ണവുമായിരുന്നുവെന്നു ടോൾസ്റ്റോയി അനന്തരകൃതികളിൽ സൂചിപ്പിച്ചിട്ടുണ്ട്.

## അദ്ധ്യായം ആറ്

### വിവാഹം.

ശ്രമാവഹമായ അദ്ധ്യാപകവൃത്തി ടോൾസ്റ്റോയിയുടെ ആരോഗ്യത്തെ അധഃപ്പതിപ്പിച്ചു. ക്ഷയരോഗബാധ ശങ്കിക്കത്തക്കവണ്ണം ശരീരം ക്ഷീണിച്ചുതുടങ്ങി. ആരോഗ്യപരിപാലനാർത്ഥം അദ്ദേഹം വാൾഗാ നദിയുടെ തീരത്തിലുള്ള ഒരു സുഖവാസസ്ഥലത്തെയ്ക്കു തിരിച്ചു. മാസ്ക്കോവഴി യഥാക്രമം 'സമാരാ' എന്ന സുഖവാസകേന്ദ്രത്തിൽ അദ്ദേഹം എത്തിച്ചേർന്നു. മാസ്കോയിലെ തൽക്കാലവാസത്തിനിടയിൽ ചീട്ടുകളിയിൽ ഭ്രമം വന്നുകൂടി! ഒരു ദിവസത്തെ കളിയിൽ തന്നെ ഒരു ഭീമമായ തുക നഷ്ടപ്പെടുകയും ചെയ്തു. ഈ നഷ്ടം പരിഹരിക്കുന്നതിനു "ദി കോസക്ക്സ്" എന്ന ഗ്രന്ഥം ഒരു പ്രസാധീകരണശാലയ്ക്കു വിററു. വളരെ കാലമായി കയ്യെഴുത്തുപ്രതിയായിക്കിടന്ന ആ ഗ്രന്ഥത്തിന്ന് അങ്ങനെ ദിനകരകരസ്പർശമേല്ക്കുവാൻ ഇടയായി. ഒന്നരമാസം ടോൾസ്റ്റോയി 'സമാരാ'യിൽ താമസിച്ചു. ആരോഗ്യം പൂർവ്വാധികം പുഷ്ടമായി. രോഗബാധ നിശ്ശേഷം നീങ്ങി.

ടോൾസ്റ്റോയി സുഖവാസസ്ഥലത്തായിരുന്നപ്പോൾ സ്വഗൃഹത്തിൽ സംഭ്രമജനകമായ ഒരു സംഭവമുണ്ടായി. യാസ്നയായിൽ സഹോദരി മേരിയായും ടാററിയാനായും മാത്രമേ ഉണ്ടായിരുന്നുള്ളു. ആകസ്മികമായി ഒരു

ദിവസം അസംഖ്യം പോലീസ് ഉദ്യോഗസ്ഥന്മാർ ആ പുരാതന ഗൃഹം വളഞ്ഞു. ഒരു രഹസ്യസങ്കേതം ആ ഗൃഹത്തിൽ ഉണ്ടെന്നുള്ള പോലീസ് റിപ്പോർട്ടിനെ ആസ്പദമാക്കിയാണ് അന്നത്തെ ഭവനപരിശോധന നടന്നത്. ആ പ്രഭുകുടുംബം ഇങ്ങനെ ഒരു പരിശോധനയ്ക്കു വിധേയമായപ്പോൾ സോഫിയാ തുടങ്ങിയ സ്ത്രീജനങ്ങൾ വല്ലാതെ പരിഭ്രമിച്ചു. കൃഷീവലന്മാർക്കും മററും ടോൾസ്റ്റോയിയുടെ പ്രവൎത്തനങ്ങളിൽ സംശയവും ജനിച്ചു. എന്തോ പ്രബലമായ രാജദ്രോഹം ടോൾസ്റ്റോയി ചെയ്തിട്ടുണ്ടെന്നു പൊതുവെ സംസാരമായി. എന്നാൽ പരിശോധനയിൽ ഗവണ്മെന്റിന് അപകടം നേരിടത്തക്ക യാതൊന്നും അവിടെനിന്നും ലഭിച്ചില്ല. എങ്കിലും ഈ പരിശോധന സമീപവാസികളുടെ ദൃഷ്ടിയിൽ ആ പ്രഭുകുടുംബത്തെ അപഹാസ്യമാക്കി.

തന്റെ അസാന്നിദ്ധ്യത്തിൽ ഗൃഹപരിശോധന നടന്നതിൽ ടോൾസ്റ്റോയി ഖേദിച്ചു. ആത്മാഭിമാനത്തിനു സാരമായ ക്ഷതം സംഭവിച്ചതായി ആ പ്രഭുമുഖ്യനു തോന്നി. അകാരണമായി താൻ സംശയാർഹനായതിൽ അദ്ദേഹത്തിനു രോഷവും പ്രതികാരേച്ഛയും ഏകസമയം ഉണ്ടായി. ഗൃഹസമാധാനഭഞ്ജകമായ ഈ സംഭവത്തെ വിവരിച്ചും തന്റെ നിരപരാധിത്വത്തെ വ്യക്തമാക്കിക്കൊണ്ടും ടോൾസ്റ്റോയി ചക്രവൎത്തിക്കു നേരിട്ട് ഒരു ഹർജി സമർപ്പിച്ചു. അടിസ്ഥാനരഹിതമായ പോലീസ് റിപ്പോർട്ടുമൂലംകൊണ്ടു ഇപ്രകാരം ഒരു ഭവനപരിശോധന നടത്തേണ്ടിവന്നതിൽ ഖേദം

പ്രകടിപ്പിച്ച് ചക്രവൎത്തി തിരുമനസ്സിൽ നിന്നും മറുപ
ടിയും ലഭിച്ചു. എങ്കിലും ടോൾസ്റ്റായിക്കു സമാധാനമാ
യില്ല. ഗവൺമെന്റിനോടും രാജാധികാരത്തോടുമുള്ള
വെറുപ്പു അന്നു മുതൽ അത്യുഗ്രഹത്തിൽ പ്രകടമായിത്തീൎന്നു.

ആരോഗ്യം വീണ്ടെടുത്തു 'സമാറാ'യിൽനിന്നും
തിരിച്ചു വന്നതിനു ശേഷം 'ബെഴ്സ്' കുടുംബവു
മായി ടോൾസ്റ്റായി കൂടുതൽ സമ്പൎക്കം പുലൎത്തി. ഡാക്ടർ
ബെഴ്സും മാഡം ബെഴ്സും സ്വഭാവഗുണത്തിലും പ്രശ
സ്തിയിലും മികച്ച സ്ഥാനം കരസ്ഥമാക്കിയിരുന്നു.
മാസ്കോയുടെ സമീപം വസിച്ചിരുന്ന അവർ ആ പ്രഭു
ഭവനത്തിൽ നിത്യസന്ദൎശകരായിത്തീൎന്നു. കഥാപുരുഷനു
ഈ കുടുംബത്തോടു മുമ്പിനാലെ തന്നെ വളരെ സ്നേഹവും
ബഹുമാനവും ഉണ്ടായിരുന്നു. എന്നാൽ സന്തത സഹ
ചര്യം ആ സ്നേഹബന്ധത്തെ ദൃഢമാക്കിത്തീൎത്തു. ഡാക്ടർ
ബെഴ്സിനു മൂന്നു പെൺകുട്ടികൾ മാത്രമേ ഉണ്ടായി
രുന്നുള്ളൂ. അവരിൽ മൂത്ത മകൾ 'ലിസാ'യും, രണ്ടാമ
ത്തവൾ 'സോണിയാ'യും വിദ്യാസമ്പന്നമാരായിരുന്നു.
മൂന്നാമത്തെ മകൾ 'താനിയ' സുന്ദരിയും സംഗീതവിദു
ഷിയുമായിരുന്നുവെന്നു പ്രസ്താവിച്ചു കാണുന്നു.

ഡാക്ടർ ബെഴ്സിന്റെ ദ്വിതീയപുത്രി സോണിയാ
യായിരുന്നു കഥാനായകന്റെ ഭാൎയ്യാപദത്തിനു അൎഹ
യായ സതീരത്നം. ടോൾസ്റ്റായിയെ ഉത്തമഗുണങ്ങ
ളുടെ കലവറയായി ആ സ്ത്രീ വിചാരിച്ചിരുന്നു. വിവാ
ഹത്തിനു മുമ്പുതന്നെ കുടുംബസ്നേഹിതനായ ടോൾസ്റ്റാ
യിയുമായി അടുത്തു പരിചയിക്കുവാൻ അവൾക്കു സന്ദർഭം

ലഭിച്ചിട്ടുണ്ടു്. സുന്ദരിയും ഗുണസമ്പന്നയുമായിരുന്ന
സോണിയാ’ ഉത്തമ ഭാര്യയായിത്തീരുമെന്നു ടോൾ
സ്റ്റായിയും അഭിമാനിച്ചു. 1862 സെപ്റ്റംബർമാസം
23-ാംനു- ടോൾസ്റ്റായിയുടെ വിവാഹം സാഘോഷം നട
ന്നു. അന്നു അദ്ദേഹത്തിനു മുപ്പത്തിനാലു വയസ്സും, വധു
വിനു പതിനെട്ടു വയസ്സും പ്രായമുണ്ടായിരുന്നു. വിവാ
ഹാനന്തരം മധുവിധു ആഘോഷിക്കാൻ ഗ്രാമവസതി
യാണു ഉത്തമമെന്നു് ടോൾസ്റ്റായി തീർച്ചയാക്കി. ഭാര്യാ
പദത്തിലേയ്ക്കു നവോഢയായ സോണിയായെ സ്വാഗതം
ചെയ്യുന്നതിനു മുമ്പു തന്റെ പൂർവ്വകാല ചരിത്രത്തിന്റെ
രേഖാസമാഹാരമായ ദിനചര്യക്കുറിപ്പുകൾ മുഴുവനും
അവരുടെ ശ്രദ്ധാപൂർവ്വമായ പാരായണത്തിനു അദ്ദേഹം
സമർപ്പിച്ചു. യുവസഹജമായ ചാപല്യങ്ങളുടേയും സാഹ
സപ്രവൃത്തികളുടേയും ആത്മാർത്ഥവും സത്യപൂർവ്വവു
മായ മുദ്രകൾ ആ ഡയറിയുടെ എല്ലാ ഭാഗത്തും പതി
ഞ്ഞിരുന്നു. ഉത്തമ ഗുണങ്ങളുടെ കേദാരമായി ഭർത്താ
വിനെ വിഭാവനം ചെയ്തിരുന്ന ആ മഹിളാരത്നം, ഡയ
റിയുടെ പുറങ്ങൾ മറിച്ചു കഴിഞ്ഞപ്പോഴേയ്ക്കും സങ്കടാ
ധിക്യത്താൽ അസ്തപ്രജ്ഞയായി. നിദ്രയുടെ അനുഗ്രഹം
പോലുമില്ലാതെ അന്നു രാത്രി അവർ ബാഷ്പാകുല
യായി കഴിച്ചുകൂട്ടി. എന്നാൽ ഭൂതകാല ചരിത്രത്തെ
വിസ്മരിച്ചു് ആ ഡയറി അവർ തിരിച്ചു ഭർത്താവിനെ
ഏല്പിച്ചു. ഒരു സാധാരണ യുവാവു ഗോപനം ചെയ്യു
മായിരുന്ന സ്വകാര്യചരിത്രങ്ങളും ചാപല്യവിവരണങ്ങ
ളും ടോൾസ്റ്റായി സ്വഭാര്യയെ അറിയിക്കുവാൻ താല്പര്യ
പ്പെട്ടതു് ആത്മാർത്ഥതയുടേയും സത്യബോധത്തിന്റേയും

പ്രകടമായ ആഹ്ലാദം നിമിത്തമാണെന്നേ പറയാൻ നിവൃത്തിയുള്ളൂ.

നഗരജീവിതം ടോൾസ്റ്റായിക്ക അരോചകമായിത്തീൎന്നു. അതിനാൽ വിവാഹാനന്തരം ഏറിയകൂറും ഗ്രാമവസതിയിൽത്തന്നെ അദ്ദേഹം കഴിച്ചുകൂട്ടി. സാഹിത്യപരമായ തന്റെ നേട്ടങ്ങളെ ആസ്വദിക്കുന്നതിനും അഭിനന്ദിക്കുന്നതിനുമുള്ള വൈഭവവും സഹൃദയത്വവും ഭാൎയ്യക്കുണ്ടായിരുന്നതിനാൽ ആ കലാകാരന്റെ കുടുംബജീവിതം സുഖകരവും ഭാസുരവുമായിരുന്നു. അദ്ദേഹത്തിന്റെ പ്രബന്ധങ്ങളുടെ പരിശോധകയായി ആ സ്ത്രീരത്നം വൎത്തിച്ചുവന്നു. സൌന്ദൎയ്യപ്പിണക്കത്തിനോ മററു ഭൎത്സനങ്ങൾക്കോ യാതൊരു സന്ദൎഭവും ഉണ്ടായിരുന്നില്ല. കുടുംബഭരണവ്യഗ്രതയിൽ മഗ്നനായപ്പോഴും വിദ്യാഭ്യാസമാസികയിലും പാഠശാലയിലും ടോൾസ്റ്റായിക്കുണ്ടായിരുന്ന ശ്രദ്ധ കുറഞ്ഞുതുടങ്ങി. കൂടാതെ വിദ്യാഭ്യാസപദ്ധതികളിൽ വിപ്ലവകരമായ പരിവൎത്തനങ്ങൾ വരുത്തുന്നതിനെ ഗവൎമ്മെണ്ടധികൃതരും അംഗീകരിച്ചില്ല. മാസിക, പ്രസിദ്ധീകരണത്തിനുമുമ്പു പരിശോധനയ്ക്കു വിധേയമാക്കണമെന്നുകൂടി അവർ ശഠിച്ചു. എന്നാൽ മാസികയുടെ പ്രവൎത്തനങ്ങൾ നിൎത്തിവച്ചു കൊണ്ടു് ആ വിഷമത്തിന്ന കാരണമുണ്ടായില്ല.

വിവാഹശേഷം ടോൾസ്റ്റായി കേവലം കുടുംബഭരണത്തിൽ മാത്രം മുഴുകി കാലം കഴിച്ചുകൂട്ടി. വസ്തുവകകൾ സമ്പാദിക്കുക, തേനീച്ച വളൎത്തുക, കൃഷിപ്പണിയിൽ പരിഷ്കാരങ്ങൾ വരുത്തുക മുതലായ ലാഭകരമായ

സംഗതികൾ അദ്ദേഹത്തിൻെറ ശ്രദ്ധയെ ഗ്രസിച്ചു. സാഹിത്യപരമായ ശ്രമങ്ങളും അദ്ദേഹം നിശ്ശേഷം ഉപേക്ഷിച്ചില്ല. എങ്കിലും കുടുംബാഭിവൃദ്ധിക്കു വേണ്ട കാര്യങ്ങളിലാണു മുഖ്യമായി അദ്ദേഹം വ്യാപരിച്ചതു്. അടിമകളാണു് അക്കാലത്തു് കൃഷിജോലി ചെയ്തിരുന്നതു്. എന്നാൽ അടിമകളും പ്രഭുക്കന്മാരും തമ്മിൽ നിരന്തരം സംഘട്ടനം ഉണ്ടാകാറുണ്ടായിരുന്നു. തന്നിമിത്തം അടിമകൾ കൃഷിപ്പണിയിൽ നിസ്സഹകരണം അവലംബിച്ചു വന്നു. കഥാനായകനു മാത്രം അപ്രകാരമുള്ള ഒരനുഭവം നേരിട്ടില്ല. സ്വന്തം തോട്ടത്തിൽ പണിയെടുക്കുന്നതിനും കൃഷിജോലികൾ ചെയ്യുന്നതിനും ഒരിക്കലും അദ്ദേഹത്തിനു വൈമുഖ്യമുണ്ടായിരുന്നില്ല. ഒരു കൂലി ജോലിക്കാരനെപ്പോലെ പലപ്പോഴും അദ്ദേഹം പറമ്പിൽ പണിയെടുക്കാറുണ്ടായിരുന്നു.

1864-ൽ ടോൾസ്റ്റോയി അതുവരെ രചിച്ചിട്ടുള്ള ഗ്രന്ഥങ്ങളുടെ ഒരു സമാഹാരം നാലു വാല്യങ്ങളായി പ്രസിദ്ധീകരിച്ചു. സാഹിത്യത്തിൽ സമാദരണീയമായ സ്ഥാനം സിദ്ധിച്ചിരുന്നതുകൊണ്ടു് അദ്ദേഹത്തിൻെറ കൃതികൾക്കു സഹൃദയലോകം ഹാർദ്ദമായ സ്വീകരണം നൽകി. ഇതിനിടയിൽ അദ്ദേഹത്തിൻെറ കൃതികളിൽ വച്ചു് ഉത്തമമായ 'War and Peace' (യുദ്ധവും സമാധാനവും) എന്ന ഗ്രന്ഥത്തിൻെറ രചനയും തുടങ്ങി. ഒരു ജോലി തുടങ്ങിയാൽ നിഷ്കർഷാപൂർവ്വം അതു ചെയ്തുതീർക്കുന്നതിൽ അദ്ദേഹം ശ്രദ്ധാലുവായിരുന്നു. അതുകൊണ്ടു് ആ മഹൽഗ്രന്ഥത്തിൻെറ രചന നിർവ്വിഘ്നം തുടർന്നു വന്നു. മനോഹരമായ പ്രകൃതഗ്രാമം ടോൾസ്റ്റോയിക്കു

ലോകോത്തര കീൎത്തി സമാൎജ്ജിച്ചുകൊടുത്തിട്ടുണ്ടെന്നുള്ള സംഗതിപ്രസ്താവ്യമാണു്. ഈ ഗ്രന്ഥത്തെപ്പററി അന്യത്ര വിമൎശിക്കുന്നുണ്ടു്.

മഹാനായ ടോൾസ്റ്റോയിയുടെ ജീവിതചൎയ്യയിലെ ചില വിശേഷങ്ങൾ നാം മനസ്സിലാക്കുന്നതു് അദ്ദേഹത്തിന്റെ മാഹാത്മ്യത്തിന്റെ മഹത്വം അറിയുന്നതിനു ഉപകരിക്കും. കായിക വ്യായാമത്തിൽ ടോൾസ്റ്റോയി പ്രത്യേകം ശ്രദ്ധിച്ചിരുന്നു. കാലത്തും വൈകുന്നേരവും നടക്കുന്നതിൽ അദ്ദേഹം എത്രതന്നെ അവശ്യമുണ്ടായിരുന്നാലും വൈമുഖ്യം കാണിച്ചിരുന്നില്ല. അനാഡംബരപ്രിയനായ അദ്ദേഹം സാഗ്രഹം ശുചിയായും വൃത്തിയായും സൂക്ഷിച്ചിരുന്നു. സുഖസാമഗ്രികളും നല്ല വസ്തുക്കളോ അവിടെ കാണ്മാനുണ്ടായിരുന്നില്ല. ആഡംബരസാധനങ്ങളിലും സുഖലോലുപത ഒരിക്കലും ദീക്ഷിച്ചില്ല. കേവലം ഒരു കൃഷീവലൻ എന്നു തോന്നിക്കത്തക്കവണ്ണം സാധാരണ രീതിയിലുള്ള വസ്ത്രം മാത്രമേ ആ പ്രഭുമുഖ്യൻ ധരിച്ചിരുന്നുള്ളു. ഭൃത്യജനങ്ങളോടു പരുഷമായി സംസാരിക്കുകയോ ദേഷ്യപ്പെടുകയോ അദ്ദേഹം ഒരിക്കലും ചെയ്തിട്ടില്ല. ഗൃഹാംഗങ്ങളോ ഭൃത്യന്മാരോ എത്ര കഠിനമായ കുററം കാണിച്ചാലും മാപ്പുകൊടുത്തു് അവരെ സമാധാനപ്പെടുത്തിയില്ലെങ്കിൽ അദ്ദേഹത്തിനും സമാധാനമില്ലാതെ വന്നു.

ടോൾസ്റ്റോയിയുടെ സ്വഭാവഗുണങ്ങളിൽ പ്രകടമായി കണ്ട ഒരു സംഗതികൂടി പ്രസ്താവിക്കാം. പരാധീനരായവരെ ഉയൎത്തുക അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ അക്ഷ

ന്തവ്യമായ ഒരുപെരുമാറ്റമാണു്. സ്വഭൃത്യന്മാരെപ്പോലും ഉറക്കത്തിൽ ഉണർത്തുന്നതു് അദ്ദേഹത്തിനു ഇഷ്ടമായിരുന്നില്ല. നിദ്രയിൽ മനുഷ്യൻ ദുഷ്ടവിചാരങ്ങളിൽനിന്നു് അകന്നു സത്യാത്മകമായ ഒരു ലോകത്തിൽ വിഹരിക്കുന്നതായി അദ്ദേഹം സങ്കല്പിച്ചിരുന്നു. തന്നിമിത്തം ചിലപ്പോൾ ഗൃഹനായികയേയോ ഭൃത്യജനങ്ങളേയോ ഉണർത്താതെ സ്വയം വിളമ്പി ഊണു കഴിക്കയും പാത്രങ്ങൾ കഴുകി വൃത്തിയാക്കുകയും ചെയ്തിരുന്നതായി അദ്ദേഹത്തിനെപ്പററിയുള്ള സ്മരണകളിൽ സ്നേഹിതന്മാർ പ്രസ്താവിച്ചു കാണുന്നു. ഭൃത്യജനങ്ങളാൽ പരിസേവ്യനായ ആ പ്രഭുവിനു ഈ പ്രവൃത്തി നിന്ദാർഹമായി ഒരിക്കലും തോന്നിയിരുന്നില്ല.

യസ്നയായിൽ നിന്നു് ചിലപ്പോഴെല്ലാം ടോൾസ്റ്റോയി, കുടുംബസഹിതം മാസ്കോയിൽ പോയി താമസിച്ചിരുന്നു. ഇക്കാലം War and Peace (യുദ്ധവും സമാധാനവും) പൂർത്തിയാക്കുന്നതിൽ അദ്ദേഹം വ്യാപൃതനായി. ഈബൃഹത്ഗ്രന്ഥം എഴുതത്തീർന്നതിനു വളരെ സമയം വേണ്ടിവന്നു. ശ്രേഷ്ഠങ്ങളായ ചരിത്രസംഭവങ്ങളുടെ വിവരണത്തിനല്ല ഗ്രന്ഥകാരൻ ഉദ്യമിച്ചതു്. ഉല്കൃഷ്ടഗ്രന്ഥത്തിൽ ജീവിതത്തിന്റെ വിവിധസാഹചര്യങ്ങളേയും സമഞ്ജസമായി പ്രതിപാദിച്ചിട്ടുണ്ടു്. വിശ്വസാഹിത്യത്തിൽ 'യുദ്ധവും സമാധാനവും' എന്ന ഗ്രന്ഥത്തെ അതിശയിക്കുന്ന ഇതരഗ്രന്ഥമില്ലെന്നുതന്നെ പറയാം.

'War and Peace' എഴുതിത്തീർന്നപ്പോഴേക്കും ടോൾസ്റ്റോയി നാലു കുട്ടികളുടെ പിതാവായിത്തീർന്നു. കുട്ടി

കളെ വളൎത്തുന്നതിൽ യാതൊരു പ്രത്യേകതയും അദ്ദേഹം പാലിച്ചിരുന്നില്ല. കൃഷീവലബാലന്മാരെപ്പോലെ ആ പ്രഭുകുമാരന്മാർ വളൎന്നുവന്നു. കുട്ടികളെ ആയമാരുടെ സംരക്ഷണയിൽ വിട്ടുകൊടുക്കുന്ന പതിവു് അന്നു റഷ്യയിലെ പ്രഭുകുടുംബങ്ങളിൽ സാധാരണമായിരുന്നു. എന്നാൽ മാതാവിൻെറ ഹിതാനുവൎത്തിയായിരുന്ന കൌണ്ടസ് കുട്ടികളുടെ മേൽനോട്ടം സ്വയം വഹിച്ചു. പരിപൂൎണ്ണസ്വാതന്ത്ര്യം പിതാവു് കുട്ടികൾക്കു് അനുവദിച്ചുകൊടുത്തിരുന്നു. പ്രകൃതിനിരീക്ഷണത്തിൽ അവൎക്കു് ഉത്സാഹം വൎദ്ധിപ്പിക്കുന്നതിനുവേണ്ടി അവരുമായി അദ്ദേഹം മൈതാനത്തിലും പാടങ്ങളിലും സവാരി ചെയ്യുകയും നിസൎഗ്ഗസുന്ദരമായ പ്രകൃതിഭംഗി ആസ്വദിക്കാൻ അവരെ പ്രാപ്തരാക്കുകയും ചെയ്തു. അസത്യം പറയുന്നതിനെ മാത്രം അദ്ദേഹം നിരുത്സാഹപ്പെടുത്തിവന്നു.

പത്രപാരായണത്തിൽ സ്വാഭാവികമായി ഒരു വെറുപ്പു് ടോൾസ്റ്റോയിക്കുണ്ടായിരുന്നു. സത്യബോധത്തെയും കലാസൌന്ദൎയ്യത്തെയും പത്രങ്ങൾ അവഗണിക്കുന്നതായി അദ്ദേഹം വിശ്വസിച്ചു. ജീവിതസായാഹ്നത്തിൽ അപരിഗ്രഹത്തിൻെറ മഹത്വം പ്രഖ്യാപനം ചെയ്ത സ്വഭാവവിശേഷങ്ങൾ ചോരത്തിളപ്പുണ്ടായിരുന്ന ആ പ്രായത്തിലും ആ വിശിഷ്ടപുരുഷൻെറ പ്രവൃത്തികളിലും പ്രസംഗങ്ങളിലും തിളങ്ങി പ്രകാശിച്ചിരുന്നു. യാസ്നയാപോളിയാനയിലെ ജീവിതം സംഭവബഹുലമായിരുന്നില്ലെങ്കിലും സമാധാനവും സംതൃപ്തിയും നിറഞ്ഞ

ഒന്നായിത്തീർന്നുവെന്നു് ടോൾസ്റ്റോയി തന്നെ പ്രസ്താവിച്ചു കാണുന്നു. സാഹിത്യസേവയിലെന്നപോലെ കുടുംബശ്രേയസ്സിലും ദത്തശ്രദ്ധനായി ആ സാഹിത്യനായകൻ ദിവസങ്ങൾ കഴിച്ചു. സന്താനസമ്പത്തു് ക്രമപ്രവൃദ്ധമായി വർദ്ധിച്ചു വന്നെങ്കിലും ക്ലേശമോ ദാരിദ്ര്യമോ ആ കുടുംബത്തിൽ നിഴൽവീശിയതുപോലുമില്ല.

---

# അദ്ധ്യായം ഏഴ്

## സാഹിത്യശ്രമങ്ങൾ

റഷ്യയിലെ മഞ്ഞുകാലം ഭയങ്കരമാണു്. നഗരവീഥികളും മേൽപ്പുരകളും ഹിമപാതംകൊണ്ടു ധവളിമ അവലംബിക്കുന്നു. വൃക്ഷലതാദികൾ ഇലകൊഴിഞ്ഞു് വെറും കുററികളായി രൂപംമാറും. മുറികളുള്ളിൽ തീക്കുണ്ഡങ്ങൾകൂട്ടി ചൂടേററു് ആളുകൾ ഇക്കാലം കഴിച്ചുകൂട്ടുന്നു. സാമാന്യജനങ്ങൾ നിരുന്മേഷത ഭാവിക്കുന്ന ഈ മഞ്ഞുകാലമാണ ടോൾസ്റ്റോയി സാഹിത്യരചനയ്ക്കു വിനിയോഗിച്ചു വന്നതു്. വാതലടച്ചു മുറിക്കകത്തു ചിലപ്പോൾ അവിശ്രമമായി അദ്ദേഹം ജോലിചെയ്യുന്നു. ചരിത്രപരമായ വിവരണങ്ങളും കാലവും സൂക്ഷ്മപ്പെടുത്തുന്നതിൽ അദ്ദേഹം അനേകം ഗ്രന്ഥങ്ങൾ പരിശോധിച്ചുനോക്കുന്നതുകാണാം. ഗ്രീക്കുഭാഷയിലുള്ള അനഭിജ്ഞത ഉപരിഗ്രന്ഥങ്ങൾ മനസ്സിലാക്കുന്നതിൽ വിഷമം ചെയ്തപ്പോൾ ആ പ്രാചീനഭാഷാഭ്യസനത്തിന് അദ്ദേഹം മുതിർന്നു. എന്നാൽ അതത്ര സുകരമായിരുന്നില്ല. പക്ഷെ പരിശ്രമശീലനായ ആ സാഹിത്യനായകൻ കുറച്ചു കാലത്തെ ശ്രമത്തിനുശേഷം ഗ്രീക്കുഭാഷയിൽ അസൂയാർഹമായ പാണ്ഡിത്യം സമ്പാദിച്ചു. സുന്ദരങ്ങളായ സാഹിത്യഗ്രന്ഥങ്ങൾകൊണ്ടു സുരഭിലമായ ഗ്രീക്കുസാഹിത്യം ടോൾസ്റ്റോയിയെ സവിശേഷം വശീകരിച്ചുവെന്നു് അദ്ദേഹംതന്നെ പ്രസ്താവിച്ചിട്ടുണ്ടു്.

മത്തുകാലത്തെ തീക്ഷ്ണമായ സാഹിത്യപരിശ്രമങ്ങൾ കഥാനായകന്റെ ആരോഗ്യത്തെ അധഃപ്പതിപ്പിച്ചു. വീണ്ടും അദ്ദേഹം സമാരായിലുള്ള സുഖവാസകേന്ദ്രത്തിലേക്കു തിരിച്ചു. യാത്രയിൽ എപ്പോഴും സാമാന്യജനങ്ങളുമായി ഇടകലരുന്നതിലും അവരുടെ ജീവിതരീതികൾ മനസ്സിലാക്കുന്നതിലും അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു. ട്രെയിനിലും മററു സുഖകരമായ വാഹനങ്ങളിലുമുള്ള സഞ്ചാരം സ്വാഭാവികമായി അദ്ദേഹം വെറുത്തു. കുതിര സവാരിയാണു യുവപ്രായം മുതൽ അദ്ദേഹത്തിനു പ്രിയതരമായിരുന്നതു്. സുഖവാസസ്ഥലം ടോൾസ്റ്റായിക്കു് അപരിചിതമായിരുന്നില്ല. പഴയ പരിചയക്കാർ ആ സ്ഥലത്തുണ്ടായിരുന്നു. ക്ഷീരപാനചികിത്സയ്ക്കു് പല സ്ഥലത്തുനിന്നും അവിടെ ആളുകൾ വന്നു കൂടാറുണ്ടു്. സമഭാവനയോടും സ്നേഹത്തോടുംകൂടി എല്ലാപേരോടും അദ്ദേഹം പെരുമാറി. തന്നിമിത്തം ആ ഗ്രാമപ്രദേശത്തിൽ അദ്ദേഹത്തിനു് ഒരാരാധകസംഘം ലഭിച്ചു. വിവിധങ്ങളായ ജീവിതരീതികളെ ആശ്രയിച്ചിരുന്ന പലരും ആ സുഹൃത് സംഘത്തിൽ ഉൾപ്പെട്ടു. ആകപ്പാടെ സമാരായിലെ രമ്യപ്രദേശങ്ങൾ ആ സാഹിത്യനായകനെ അതിരററു് ആകർഷിച്ചു. അധികം താമസിയാതെ ആ സ്ഥലത്തു് രണ്ടായിരംഏക്കർ ഭൂമി അദ്ദേഹം വിലയ്ക്കു വാങ്ങി; ഒരു തൽക്കാലവാസഗൃഹം നിർമ്മിക്കുകയും ചെയ്തു.

ആരോഗ്യാഭിവൃദ്ധി വന്നപ്പോൾ ടോൾസ്റ്റായി ഗ്രാമവസതിയിലേയ്ക്കു മടങ്ങി. വിദ്യാഭ്യാസപരമായ

ഏതുതരത്തിലും സാഹിത്യശ്രമം ചെയ്യണമെന്നു് ഇത്തവണ അദ്ദേഹം നിശ്ചയിച്ചു. ആ യത്നത്തിന്റെ ഫലമാണു്, പ്രസിദ്ധമായ എ. ബി. സി. ബുക്കുകൾ. ബാലികാബാലന്മാർക്കു പഠനയോഗ്യമായ പാഠങ്ങൾകൊണ്ടു് സുന്ദരമായ ഒരു പ്രാഥമിക പാഠാവലിയായിരുന്നു ആ പ്രസിദ്ധീകരണങ്ങൾ. ഇത്തരം ഒരു പാഠപുസ്തകം വിശ്വസാഹിത്യത്തിൽ വേറെ ഇല്ലെന്നു തന്നെ പറയാം. ബാലഹൃദയത്തിനു രുചിക്കുന്ന അനുഭവശകലങ്ങൾ, കഥകൾ, ഗുണപാഠങ്ങൾ, രസാവഹമായ വിവരണങ്ങൾ ഇവ ആ പാഠാവലിയുടെ ഉള്ളടക്കങ്ങളാണു്. ഈ ഗ്രന്ഥരചനയും പല ഭാഷകളിലേയും അത്തരം ഗ്രന്ഥങ്ങളെ അല്പേഷം ഉപജീവിച്ചിട്ടുണ്ടു്. പ്രകൃത പുസ്തകത്തിന്റെ രചന വീണ്ടും ടോൾസ്റ്റോയിയെ വിദ്യാഭ്യാസ പ്രവർത്തനങ്ങളിലേക്കു തിരിച്ചു വിട്ടു. പഴയ പാഠശാല പുനരാരംഭിച്ചു. ഇത്തവണ കൌണ്ടസ് ടോൾസ്റ്റോയിയും ഇടക്കിടെ അദ്ധ്യയനം നടത്തിവന്നു. ഗ്രാമീണരുടെ ഉത്സാഹം വർദ്ധിച്ചു. അവർ കുട്ടികളെ സന്തോഷപൂർവ്വം ആ പാഠശാലയിലേക്കയച്ചു. തന്റെ വിദ്യാഭ്യാസസ്ഥാപനം ഒരു സർവ്വകലാശാലയായി ഉയർത്തണമെന്നു് ടോൾസ്റ്റോയിക്കു് ആഗ്രഹമുണ്ടായിരുന്നു. എന്നാൽ ആ ആശ സഫലമായതായി കാണുന്നില്ല.

എ. ബി. സി. ഗ്രന്ഥാവലിയുടെ പ്രസിദ്ധീകരണത്തിനു ശേഷം ടോൾസ്റ്റോയി വീണ്ടും സമാരാ സന്ദർശിച്ചു. മനോഹരമായ ആ പ്രദേശം ഭയങ്കരമായ ക്ഷാമബാധയുടെ ദുരന്തരംഗമായി പരിണമിച്ചിരുന്നു. വിളവുകൾ മുഴുവൻ നശിച്ചു. ഗ്രാമീണർ ആഹാരമില്ലാതെ അല

രുന്നു. എന്നാൽ ആ സമയം അവിടെ എത്തിച്ചേൎന്ന ടോൾസ്റ്റോയി നിസ്സഹായരായ കൃഷീവലന്മാൎക്ക് സഹാൎദ്ദഹസ്തം നീട്ടി അഭയം നൽകി. ഒരു ക്ഷാമനിവാരണ ഫണ്ട് ഉടൻ ആരംഭിച്ചു. ടോൾസ്റ്റോയി ഉദാരമായ സംഭാവന ചെയ്തു. തുടൎന്നു പ്രശസ്തരായ പല വ്യക്തികളും സംഭാവന നൽകി. ക്ഷണമാത്രയിൽ ഭീമമായ ഒരു തുക പിരിഞ്ഞു കിട്ടി. വിഭവങ്ങൾ ആ സ്ഥലത്തേക്ക് ധാരാളമായി പ്രവഹിച്ചു. ക്ഷാമം അന്തൎദ്ധാനം ചെയ്തു. ടോൾസ്റ്റോയി ഗ്രാമീണരുടെ ആരാധനാമൂൎത്തിയായി ഉയരുകയും ചെയ്തു. ഏതു പ്രസ്ഥാനവും സംഘടിപ്പിക്കുന്നതിനും പ്രവൃത്തി രൂപത്തിൽ വരുത്തുന്നതിനും ചരിത്രനായകന് അന്യാദൃശമായ വൈഭവമുണ്ടായിരുന്നു.

ടോൾസ്റ്റോയിയുടെ വിദ്യാഭ്യാസ പ്രവൎത്തനങ്ങൾ വിദ്യാഭ്യാസപരിഷ്കൎത്താക്കളുടെ ദൃഷ്ടിയിൽ പതിച്ചു. ഒരു മഹാസമ്മേളനം വിദ്യാഭ്യാസപ്രവൎത്തകർ പീററഴ്സ്ബർഗിൽ വിളിച്ചുകൂട്ടി. ഈ മഹായോഗത്തിൽ ടോൾസ്റ്റോയിയെ പ്രധാന പ്രാസംഗികനായി ക്ഷണിച്ചു. അദ്ദേഹത്തിന്റെ നവീന പദ്ധതിയുടെ ഒരു വിശദീകരണം അവർ ആവശ്യപ്പെട്ടു. അതു് പ്രയോഗക്ഷമമാണോ എന്നു് പരിശോധിക്കാനായി ചില പരീക്ഷണങ്ങളും നടത്തിനോക്കി. എന്നാൽ ആ സമ്മേളനത്തിൽ നിന്നും പ്രതീക്ഷയ്ക്കനുസരിച്ച അഭിനന്ദനം ടോൾസ്റ്റോയിയുടെ പദ്ധതിക്കു ലഭിച്ചില്ല. ടോൾസ്റ്റോയി നിരുത്സാഹനായില്ല. തുടൎച്ചയായി വിദ്യാഭ്യാസപരമായ ലേഖനങ്ങൾ അദ്ദേഹം പീററഴ്സ്ബർഗിലെ പ്രശസ്ത

പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തി. പൊതുജനങ്ങൾ നൂതനപദ്ധതികൾ മനസ്സിലാക്കിയതോടുകൂടി അദ്ദേഹത്തിന്റെ ആദേശങ്ങൾ കൂടുതൽ പ്രചരിക്കുവാൻ തുടങ്ങി.

വിദ്യാഭ്യാസപ്രവൎത്തനങ്ങളുടെ ഇടയ്ക്കു് 1874-ൽ ടോൾസ്റ്റായി തന്റെ രണ്ടാമത്തെ പ്രശസ്തഗ്രന്ഥമായ Anna Karenina (അന്ന കർനീന) എന്ന ആഖ്യായിക എഴുതുവാൻ തുടങ്ങി. ഭൎത്താവിൽ സംശയാലുവായ അന്ന എന്ന ഒരു ഗ്രാമീണസ്ത്രീ ആത്മഹത്യ ചെയ്യുകയുണ്ടായി. ആ മരണത്തിനു കാരണമാക്കിയ സംഭവങ്ങളെ ടോൾസ്റ്റായി ആരാഞ്ഞറിഞ്ഞു. അതു ഒരാഖ്യായികയ്ക്കു വക നൽകുന്നുണ്ടെന്നു് അദ്ദേഹം നിശ്ചയിച്ചു. ആ സംഭവശകലങ്ങൾ ഭാവനാഭാസുരനായ ആ സാഹിത്യമൎമ്മജ്ഞന്റെ തൂലികയ്ക്കു വിധേയമായപ്പോൾ വിശേഷതരമോഹനമായ ഒരു സാഹിത്യതല്ലജം രൂപം പ്രാപിച്ചു. മനുഷ്യമനസ്സിന്റെ വ്യാപാരവൈവിധ്യങ്ങൾ സൂക്ഷ്മമായി ചിത്രീകരിക്കുന്ന പ്രകൃതഗ്രന്ഥം വിശ്വസാഹിത്യനഭസ്സിലെ കനകതാരമായി പ്രശോഭിക്കുന്നു. അന്നയുടെ ആത്മഹത്യയ്ക്കു ഹേതുഭൂതമായ സാമുദായികാചാരങ്ങളിലെ അനീതികൾ ആ സാഹിത്യനായകൻ ശക്തിയുക്തം അപലപിച്ചിട്ടുണ്ടു്. പാത്രസൃഷ്ടിയിലും കലാസൌകുമാൎയ്യത്തിലും അന്നാ കർനീന ആ കലാകാരന്റെ കല്പനാവൈഭവത്തിനു നിദർശനമായി പരിലസിക്കുന്നു.

ഇതിനിടയ്ക്കു മരണത്തിന്റെ കരാളമായ കരവിക്രിയകൾ ടോൾസ്റ്റായികുടുംബത്തിലെ സമാധാനത്തെ

ജനിച്ചു. കഥാനായകന്റെ ഒരു ഇളയ മകൻ ചരമ മടഞ്ഞു. ആ പൈതലിനെ ഗ്രസിച്ചശേഷം മരണദേവത വാർദ്ധക്യവയോധികയായ ടാററിയാനായെ കൈവച്ചു. ടാററിയാനായുമായി ടോൾസ്റ്റോയിക്കുണ്ടായിരുന്ന ദൃഢമായ ബന്ധത്തെപ്പററി വായനക്കാർ ഓർമ്മിക്കുമായിരിക്കും. ജീവിതം ടോൾസ്റ്റോയി കുടുംബത്തിനു അർപ്പണം ചെയ്ത ഒരു പരമസാധ്വിയായിരുന്ന ആ മഹിളാരത്നം. ടാററിയാനായുടെ വിയോഗം കഥാപുരുഷനെ കഠിനമായി വേദനിപ്പിച്ചു. ശൈശവം മുതലുള്ള സാഹചര്യങ്ങളും മധുരസ്മരണകളും അദ്ദേഹത്തിന്റെ മുമ്പിൽ അണിനിരന്നു. മൂത്ത സഹോദരന്റെ മരണംപോലും ടോൾസ്റ്റോയിയെ ഇത്രമാത്രം സ്പർശിച്ചില്ല. ടാററിയാനായുടെ ചരമത്തെ തുടർന്നു വേറൊരു കുഞ്ഞും മരണം പ്രാപിച്ചു.

യാസ്നയായിലെ ഉദ്വേഗമുള്ള ദുരിതാനുഭവങ്ങൾ ടോൾസ്റ്റോയിയിൽ ഒരു പരിവർത്തനം വരുത്തി. ആരാധനയിൽ വിമുഖനായിരുന്ന അദ്ദേഹം ഇപ്പോൾ പള്ളിയിൽ പോയിത്തുടങ്ങി. പ്രാർത്ഥനയിലും ഈശ്വരനിലും വിശ്വാസം വർദ്ധിച്ചപ്പോൾ യാതൊരുത്തരോടും ശത്രുതയിൽ പെരുമാറരുതെന്നുള്ള സിദ്ധാന്തം പ്രബലമായിത്തീർന്നു. ടർഗനവുമായുണ്ടായ കലഹം അദ്ദേഹത്തിന്റെ ഓർമ്മയിൽ വന്നു. തെററിദ്ധാരണ നീക്കി പൂർവ്വവൽ മൈത്രീബന്ധം സ്ഥാപിക്കുന്നതിനു അദ്ദേഹത്തിന്റെ മതബോധം അനുശാസിച്ചു. ഉടൻതന്നെ പാരീസിൽ താമസിച്ചിരുന്ന ടർഗനവിന് ഒരു കത്തെഴുതി. പതിനേഴു കൊല്ലക്കാലത്തെ വിരോധഭാവം ഞൊടിയിടയിൽ

നീങ്ങി: തുർഗനവ് അധികം താമസിയാതെ യാസ്നയായിൽ അതിഥിയായി എത്തി. ആ രണ്ടു സാഹിത്യനായകന്മാരും പൂർവ്വകഥകൾ വിസ്മരിച്ചു നമ്മസംഭാഷണത്തിൽ ഏർപ്പെട്ടു. സ്നേഹത്തിൽകൂടി പശ്ചാത്തപിക്കുന്നതിനും തെററു മറക്കുന്നതിനും ആ സമാഗമം സമീപവർത്തികളെ ഉപദേശിച്ചു.

കഥാനായകൻെറ ആയുഷ്കാലമദ്ധ്യാഹ്നം കഴിഞ്ഞിരിക്കുന്നു. അൻപതു ജന്മനാളുകൾ അദ്ദേഹത്തിൻെറ ഐഹിക ജീവിതത്തിനോടു സംഘടിച്ചുനിന്നു. സാഹിത്യസേവയോടൊപ്പംതന്നെ മതപരമായ ചിന്താഗതിയും അദ്ദേഹത്തിൻെറ മാനസികമണ്ഡലത്തിൽ അലതല്ലി. ഈ വിചാരഗതിയുടെ പരിണതഫലമാണു് Confessions (കുററസമ്മതം) എന്ന ഗ്രന്ഥം. 1874-നും 1879-നും മദ്ധ്യേയുള്ള കാലഘട്ടത്തിലെ പരിവത്തനാത്മകമായ മാനസിക വികാസത്തിൻെറ ബഹിസ്ഫുരണമാണു 'കുററസമ്മതം'. പരമ്പരാഗതമായ അന്ധവിശ്വാസത്തിലും ആചാരത്തിലും അധിഷ്ഠിതമായ മതബോധമാണു സമകാലികരായ റഷ്യൻജനങ്ങൾ നിലനിത്തിവന്നതു്. എന്നാൽ മതബോധത്തിൻെറ വ്യഗ്രതയിൽ ഈശ്വരബോധം വിസ്മൃതമായി. ഈശ്വരസേവയിലേക്കു വഴിതെളിക്കുന്നതു സഹോദരസേവനമാണെന്നു് ടോൾസ്റ്റോയി വിശ്വസിച്ചു. ലക്ഷോപലക്ഷം ജനങ്ങൾ നരകയാതനകളനുഭവിച്ചു് കഷ്ടപ്പെടുമ്പോൾ ഭോഗലോലുപരായ പ്രഭുക്കന്മാർ സുഖം അനുഭവിക്കുന്നതു് ഒരു പാതകമായിട്ടു് അദ്ദേഹം ഗണിച്ചു. സാമ്പത്തിക സമീകരണപ്രസ്ഥാനം (Socialism) അന്നു് ഒരു

പരീക്ഷണദശയിൽ എത്തിയിരുന്നതേയുള്ളൂ. സോഷ്യലിസപ്രചരണത്തിന് ഒരു സംഘമുണ്ടായിരുന്നു. ആ സംഘത്തിലെ പല അംഗങ്ങൾക്കും മരണശിക്ഷയെ അഭിമുഖീകരിക്കേണ്ടിവന്നിട്ടുണ്ട്. ടോൾസ്റ്റോയിയും ഈ പുതിയ സിദ്ധാന്തത്തോടു പരോക്ഷമായി അനുഭാവം പ്രകടിപ്പിച്ചു.

ക്രിസ്തുമതതത്വങ്ങളെ ജീവിതയാഥാർത്ഥ്യങ്ങളുമായി താരതമ്യം ചെയ്യുന്നതിനുള്ള ശ്രമം 'കൺഫഷൻസ്' എന്ന ഗ്രന്ഥത്തിൽ കാണാം. വിവിധ മതഗ്രന്ഥങ്ങളും 'കൺഫഷൻസി'ൽ നിരൂപണവിധേയമായിട്ടുണ്ട്. ക്രിസ്തുനബി, ബുദ്ധൻ മുതലായ മതാചാര്യന്മാരുടെ സിദ്ധാന്തങ്ങളെ ടോൾസ്റ്റായി ബഹുമാനപൂർവം അവലോകനം ചെയ്തു കാണുന്നു. ഈശ്വരമഹിമയെപ്പററിയും ഈ ഗ്രന്ഥത്തിൽ സമഗ്രമായി പ്രപഞ്ചനം ചെയ്തിട്ടുണ്ട്. ദൈവമഹിമയെപ്പററി അദ്ദേഹം ഇപ്രകാരം പറയുന്നു: "ദൈവമില്ലാതെ ജീവിതം അസാദ്ധ്യമായി തീരുന്നു. ദൈവത്തിനെ അറിഞ്ഞുംകൊണ്ടു ജീവിക്കുന്നതാണു ജീവിതം. ജീവിതം തന്നെയാണു ദൈവം. ദൈവമഹിമയിൽ വിശ്വസിച്ചു ജീവിക്കുക; അപ്പോൾ ദൈവത്തിനെ അറിയുന്നവനായി ജീവിക്കാം." ജീവിതയാഥാർത്ഥ്യങ്ങളിൽ നിന്നുമാണു് അദ്ദേഹം ഈശ്വരരൂപം സങ്കല്പിച്ചതു്. ദൈവം സത്യസ്വരൂപനാണെന്നും സത്യം സ്നേഹത്തിൽ അധിഷ്ഠിതമാണെന്നും ആ പ്രവാചകൻ നിർവചിച്ചു. മതസിദ്ധാന്തങ്ങളെ നിർഭയമായി വ്യാഖ്യാനിച്ചിട്ടുള്ള വേറൊരു ഗ്രന്ഥവും കാണാൻ പ്രയാസമാണ്. അന്നത്തെ ക്രൈസ്തവമതാചാര്യന്മാരുടെ മതബോധ

ത്തേയും സങ്കുചിതമനോഭാവത്തേയും ഈ ഗ്രന്ഥത്തിൽ അതി കർക്കശമായി അദ്ദേഹം നിരൂപണം ചെയ്തിട്ടുണ്ട്. കേവലം വിരസങ്ങളായ വിഷയങ്ങളെ എത്ര സമഞ്ജസമായി പ്രതിപാദിച്ചിരിക്കുന്നു എന്ന സംഗതി പ്രകൃത ഗ്രന്ഥം വായിച്ചാൽതന്നെ അറിഞ്ഞുകൂടും. ക്രൈസ്തവമത സഭയുടെ നിശിതമായ ഖഡ്ഗം തന്റെമേൽ പതിക്കുമെന്ന് അറിയാമായിരുന്നിട്ടും ഇത്തരം ഒരു ഗ്രന്ഥരചനയ്ക്ക് അദ്ദേഹം മുതിർന്നത് ആന്തരികമായ പരിവർത്തനത്തിന്റെയും സത്യബോധത്തിന്റെയും സംയുക്തായോഗം കൊണ്ടാണെന്നുവേണം വിചാരിപ്പാൻ. കലാബോധത്തിലും പ്രതിപാദനരീതിയിലും 'കൺഫഷൻസ്' അദ്ദേഹത്തിന്റെ ഇതര കൃതികളെ അതിശയിക്കുന്നതായി സാഹിത്യനിരൂപകന്മാർ അഭിപ്രായപ്പെട്ടു കാണുന്നു.

'കൺഫഷൻസി'ൽ പ്രകാശിതമായ ആശയങ്ങൾ കൌണ്ടസിനു സ്വീകാരയോഗ്യമായിരുന്നില്ല. എന്നാൽ ഭാര്യയുടെ മനോഭാവം ടോൾസ്റ്റോയിയെ നിരുത്സാഹപ്പെടുത്തിയില്ല. മനസ്സാക്ഷിയുടെ അനുശാസനം അതിലും ഉപരിയായി അദ്ദേഹം പരിഗണിച്ചു.

# അദ്ധ്യായം എട്ട്

## മാനസിക പരിവത്തനം

ടോൾസ്റ്റോയിയുടെ കുടുംബജീവിതം പൂണ്ണമായും സുഖപ്രദമായിരുന്നില്ല. സൌന്ദര്യകലഹങ്ങളും ആദശസംബന്ധമായ അഭിപ്രായഭിന്നതകളും ദാമ്പത്യജീവിതത്തിൽ സ്പഷ്ടമായ മുദ്രകൾ പതിച്ചിരുന്നു. സാഹിത്യസേവയിലും കൃഷിപരിഷ്കരണത്തിലും അദ്ദേഹം നിമഗ്നനായിരുന്നതുകൊണ്ടു ഭായ്യയുടെ സുഖാന്വേഷണത്തിൽ പരാങ്മുഖനായിത്തീന്നു. തന്നിമിത്തം ചിലപ്പോഴെല്ലാം സംശയാസ്പദമായ അഭ്യൂഹങ്ങൾക്കു കൌണ്ടെസ് വശംവദയായി. എങ്കിലും അവക്കു ഭത്താവിനോടുള്ള സ്നേഹബഹുമാനങ്ങളിൽ യാതൊരു കുറവും സംഭവിച്ചില്ല. അദ്ദേഹത്തിൻെറ മഹത്വത്തിലും സിദ്ധികളിലും അവക്ക് അതിരററ അഭിനന്ദനവും ആദരവും ഉണ്ടായിരുന്നു. ആ സാഹിത്യനായകൻെറ ജീവിതരീതികൾക്കും രസനീരസങ്ങൾക്കും അനുയോജ്യമായ വിധത്തിൽ അവർ ഗൃഹകാര്യങ്ങൾ അന്വേഷിച്ചുവന്നു. ഭത്താവിൻെറ ശ്രദ്ധ മുഴുവനും തന്നിൽ തന്നെ കേന്ദ്രീകരിച്ചിരിക്കണമെന്നു് ഒരു നിർബന്ധം അവക്കുണ്ടായിരുന്നു. എന്നാൽ യാതൊന്നിലും തന്നെ അസുഖമോ അതൃപ്തിയോ ആ മുഖമണ്ഡലത്തിൽ നിഴൽ വീശിയിരുന്നില്ല. അനുസ്യൂതമായി പ്രസവക്ലേശങ്ങളുടെ മർദ്ദനം അവരുടെ ആരോഗ്യത്തെ ഉലച്ചിരുന്നെങ്കിലും മാനസിക ശക്തിക്കു ലവവും ഹാനി സംഭവിച്ചിരുന്നില്ല.

ടോൾസ്റ്റായിയുടെ കുടുംബജീവിതത്തെപ്പററിയുള്ള പല വിവരങ്ങളും കൌണ്ടസ് ടോൾസ്റ്റായിയുടെ ഡയറികൾ നൽകുന്നുണ്ട്. അവർ ഇപ്രകാരം പ്രസ്താവിച്ചു കാണുന്നു. "എൻെറ ദിനചര്യക്കുറിപ്പുകൾ മറിച്ചു നോക്കുന്നതു രസാവഹമാണ്. എന്തെല്ലാം വൈരുദ്ധ്യങ്ങളാണ് അവയിലുള്ളതു്. ഞാൻ എന്തൊരു ഭാഗ്യഹീനയാണെന്നുതന്നെ തോന്നിപ്പോകും. എന്നാൽ എന്നെക്കാളും ഭാഗ്യവതിയായ ഒരു സ്ത്രീയുണ്ടോ? ഇത്ര സുഖകരവും പ്രേമപൂർണ്ണവുമായ ഒരു ദാമ്പത്യജീവിതം ആക്കാണുള്ളതു്. ഏകാന്തമായിരുന്നു് അവ വായിക്കുമ്പോൾ ഉണ്ടാകുന്ന ആനന്ദം നിസ്സീമമെന്നേ പറയേണ്ടു. ഭഗവാനേ! ഞങ്ങളുടെ ദാമ്പത്യബന്ധം അഭംഗുരമായിരിക്കേണമേ. എപ്പോഴെങ്കിലും ഞങ്ങൾ തമ്മിൽ കലഹിക്കുമ്പോഴാണു ഞാൻ ഈ കുറിപ്പുകൾ എഴുതാറുള്ളതു്. പക്ഷേ ഈ സാങ്കല്പികകലഹങ്ങൾ വെറും അഭിപ്രായഭിന്നതമൂലം ഉണ്ടാകുന്നതാണ്. ഓരോ ദിവസം കഴിയുന്തോറും എനിക്കു് അദ്ദേഹത്തോടുള്ള സ്നേഹം വർദ്ധിച്ചു വരുന്നതേയുള്ളു."

ഇതുപോലുള്ള അനേകം പ്രസ്താവനകൾ കൌണ്ടസ്സിൻെറ ഡയറികളിൽ കാണാം. ഡയറി കുറിപ്പുകളിൽ വിവാഹ ജീവിതത്തിലെ ആദ്യഘട്ടം സുഖസമ്പൂർണ്ണമായിരുന്നുവെന്നു കൌണ്ടസ് തന്നെ സമ്മതിക്കുന്നുണ്ടു്. സൌന്ദര്യകലഹങ്ങൾമൂലം നിരുത്സാഹം ബാധിക്കുമ്പോഴാണു കൌണ്ടസ് സാധാരണ ദിനചര്യക്കുറിപ്പുകൾ എഴുതാറുള്ളതു്. ചിലപ്പോൾ ശോകമയങ്ങളായ പരിദേവനങ്ങളും വിഷാദാത്മകമായ പ്രസ്താവനകളും അവയിൽ പ്രത്യക്ഷപ്പെടാറുണ്ടു്.

മദ്ധ്യപ്രായം കഴിഞ്ഞതോടുകൂടി ടോൾസ്റ്റോയിയിൽ കണ്ടു തുടങ്ങിയ മൌലികമായ പരിവർത്തനം കൌണ്ടെസിന്നു മനോവേദന ഉണ്ടാക്കി. ബഹുമാനം, ധനം, പ്രാഭവം മുതലായി അവർ ആശിച്ചിരുന്ന ഗുണങ്ങൾ ദുഃഖത്തിന്നു കാരണമാണെന്നും ആത്മത്യാഗം, സമഭാവനാ മനുഷ്യസേവനം എന്നിവയാണു് ഉത്തമഗുണങ്ങളെന്നും അദ്ദേഹം സമർത്ഥിച്ചു. ഈ ബോധം അദ്ദേഹത്തിൽ സ്വാഭാവികമായി ലീനമായിരുന്നതാണു്. ഇപ്പോൾ അതു സ്പഷ്ടമായി പ്രത്യക്ഷപ്പെട്ടെന്നേയുള്ളു. ഈ മതബോധം കഥാനായകനിൽ ബാഹ്യമായ വലിയ മാററം വരുത്തിയിരുന്നില്ല. എന്നാൽ ഈ കാലഘട്ടത്തിൽ അദ്ദേഹം രചിച്ചിട്ടുള്ള കൃതികളിൽ ഈ നവീനാദർശങ്ങൾ വിശദപ്പെടുത്തിയിട്ടുണ്ടു്.

ജീവിതയാഥാർത്ഥ്യങ്ങളേയും സുഖഭോഗങ്ങളേയും ലക്ഷ്യമാക്കി സ്വച്ഛന്ദം കാററുപിടിച്ചു പൊയ്ക്കൊണ്ടിരുന്ന അദ്ദേഹത്തിന്റെ മാനസികനൌക ഇപ്പോൾ തികച്ചും അപ്രതീക്ഷിതമായി വേറൊരു പ്രവാഹഗതിയിൽപെട്ടുപോയി. ടോൾസ്റ്റോയിയുടെ ദൃഷ്ടിയിൽ അഭികാമ്യമായ ഒരു തീരത്തിൽ ആ നൌക എത്തിച്ചേർന്നു. 'കൺഫെഷൻസി'ന്നു മുമ്പു രചിച്ചിട്ടുള്ള സകല ഗ്രന്ഥങ്ങളും ജീവിതരീതികളെ സൂക്ഷ്മമായി അവലോകനം ചെയ്യുന്നതിലുള്ള അദ്ദേഹത്തിന്റെ പ്രഗത്ഭതയെ വ്യാഖ്യാപനം ചെയ്തു. എന്നാൽ അതിന്നുശേഷം ജന്മമെടുത്ത കൃതികളിൽ ജീവിതോദ്ദേശ്യത്തെ ചോദ്യം ചെയ്യുന്നതായിട്ടും സുഖം നാശകാരണമാണെന്നു സമർത്ഥിക്കുന്നതായിട്ടും നമുക്കു കാണാം. ആദ്യഗ്രന്ഥങ്ങളിൽ ടോൾസ്റ്റോയിയെ

തന്നെ നമുക്ക് എന്തെങ്കിലും ഒരു കഥാപാത്രത്തിൽ ദർശിക്കുവാൻ കഴിയും. പൂർവ്വകൃതികൾ ആത്മകഥാംശങ്ങളുടെ കലവറയാണ്. എന്നാൽ ഭൌതികജീവിതത്തെ നയിക്കുന്ന സൂക്ഷ്മശക്തികളെപ്പററിയുള്ള അന്വേഷണങ്ങളും തൽഫലമായി അദ്ദേഹം കണ്ടെത്തിയ തത്വങ്ങളും അനന്തരകൃതികളിലെ പ്രതിപാദ്യവിഷയങ്ങളാണ്. സദാചാരോൽബോധകങ്ങളായ ഗുണപാഠങ്ങൾകൊണ്ട് അവ അഭിരാമമാണ്. സ്വാനുഭവങ്ങളെ അനുവാചകൎക്കും അനുഭവപ്പെടുത്തിക്കൊടുക്കുന്നതിനുള്ള വൈഭവം അദ്ദേഹത്തിൻെറ എല്ലാ കൃതികളിലും കാണാൻ കഴിയും.

മാനസികപരിവൎത്തനത്തിനു ചില പ്രേരകശക്തികളും ഉണ്ടായിരുന്നു. 1878-ൽ ഒരു സ്നേഹിതൻ ടോൾസ്റ്റോയിക്കു 'യേശുവിൻെറ ജീവിതകഥകൾ' എന്ന ഗ്രന്ഥം സമ്മാനിച്ചു. അദ്ദേഹം അതു സനിഷ്കൎഷം വായിച്ചു പഠിച്ചു. യേശുവിൻെറ സുവിശേഷകഥകളിൽ അദ്ദേഹം സത്യം ദൎശിച്ചു. എന്നാൽ ആ സത്യചരിത്രം മനസ്സിലാക്കുന്നതിനു യേശുവിൻെറ ജീവചരിത്രത്തിലെ അസ്വാഭാവിക വിവരണങ്ങൾ പ്രയോജനശൂന്യമാണെന്നു ടോൾസ്റ്റോയിക്കു തോന്നി. അദ്ദേഹം ഇപ്രകാരം പറയുന്നു:

"ഒരു ചെടിയെ മനസ്സിലാക്കുന്നതിന് അതു വളൎന്ന മണ്ണിൻെറ ഗുണവിശേഷങ്ങളെപ്പററി പഠിക്കേണ്ട ആവശ്യമുണ്ട്. എന്നാൽ സൌന്ദൎയ്യം, സത്യം, നന്മ എന്നിവയുടെ ഗുണങ്ങൾ അറിയുന്നതിനു യാതൊരു പശ്ചാത്തലവിവരണവും ഉപയോഗപ്രദമല്ല. അനശ്വരമായ ഒരു തത്വപ്രവാഹത്തിൽ ആവശ്യമില്ലാതെ കൂടി

ക്കിന്നേ മണൽ ഒലിച്ചുപോയിട്ട നിത്യസത്യമായ സ്വർണ്ണഖനി മാത്രം ശേഷിക്കുന്നു."

യേശുവിൻെറ വ്യക്തിമാഹാത്മ്യം ടോൾസ്റ്റോയി സമ്മതിച്ചിരുന്നു. എന്നാൽ ആ പുണ്യപുരുഷൻെറ ചരിത്രത്തോട്ട സംഘടിച്ചുനിന്ന ചില അവാസ്തവ കഥകൾ അദ്ദേഹത്തിൻെറ യുക്തിക്കു സ്വീകാരയോഗ്യമായി തോന്നിയില്ല.

ടോൾസ്റ്റായിയിൽ പെട്ടെന്നു വന്നുചേൎന്ന മാററത്തിനു വേറെയും കാരണമുണ്ടായിരുന്നു. ഒരു ഭാഷാഭിമാനിയും സോഷ്യലിസ്റ്റ് പ്രവൎത്തകനുമായിരുന്ന വി. ഐ. അലക്സീവ് ഇക്കാലത്തു് ടോൾസ്റ്റായിയുടെ സ്നേഹിതനായിത്തീൎന്നു. അലക്സീവിനെ ടോൾസ്റ്റായിയുടെ കുട്ടികളുടെ അദ്ധ്യാപകനായി അധികതാമസമെന്യേ നിയമിച്ചു. അദ്ധ്യാപകൻെറ സൌകൎയ്യത്തെ പുരസ്കരിച്ചു് യാസ്നയാ പാല്യിയാനായിലെ ഒരു ഉപഗൃഹം അദ്ദേഹത്തിനു ടോൾസ്റ്റായി ഒഴിച്ചുകൊടുത്തു. അലക്സീവ് അവിടെ താമസവുമായി. അലക്സീവ് ഒരു മതവിശ്വാസിയും ചിന്തകനുമായിരുന്നു. ക്രിസ്തുമതതത്വങ്ങളെപ്പററിയും വേദഗ്രന്ഥത്തെപ്പററിയും അവർ തമ്മിൽ നിരന്തരം ചൎച്ചകൾ നടന്നു. മനോഹരമായ ഒരു സായാഹ്നത്തിൽ അവർ സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. അസ്തമനസൂൎയ്യൻെറ കിരണങ്ങൾ ജനാലവഴി ഉള്ളിൽ പ്രവേശിച്ചു പ്രകാശമാനമാക്കി. പള്ളിയിൽ പോകുന്നതിനും പ്രാൎത്ഥിക്കുന്നതിനും ആ സംഭാഷണമദ്ധ്യേ അലക്സീവ് ടോൾസ്റ്റായിയെ നിൎബ്ബ

ബന്ധിച്ചു്. ഈ നിർബ്ബന്ധത്തിന് അസ്തമനസൂര്യനെ നോക്കിക്കൊണ്ടു ടോൾസ്റ്റോയി നൽകിയ മറുപടി ശ്രദ്ധേയമാണു്. അദ്ദേഹം ഇപ്രകാരം പറഞ്ഞു. "അസ്തമനസൂര്യനെ വലയം ചെയ്യുന്ന ആ പ്രഭാപൂരം നിങ്ങൾ കാണുന്നില്ലേ. അതിൽ നാം സൂര്യന്റെ പ്രതിബിംബമേ കാണുന്നുള്ളു. എന്നാൽ ആ പ്രഭാവലയത്തിനും എത്രയോ വിദൂരമായിട്ടാണു് മഹത്തായ സൂര്യബിംബം സ്ഥിതിചെയ്യുന്നതു്. സൂക്ഷ്മമായ ആ മണ്ഡലത്തിൽ നിന്നാണല്ലോ ഈ പ്രഭാപൂരം ഉത്ഭവിക്കുന്നതു്. ജനങ്ങൾ മതത്തിലും ഇപ്രകാരമുള്ള പ്രഭാപൂരം മാത്രമേ കാണുന്നുള്ളു. എന്നാൽ ഞാൻ അതിനപ്പുറത്തു് ആ പ്രകാശത്തിന്റെ ഉത്ഭവസ്ഥാനം കാണുന്നുണ്ടു്; ഇല്ലെങ്കിലും അതിന്റെ ശക്തി അറിയുന്നുണ്ടു്. നാം രണ്ടുപേരും സൂര്യനെ കാണുന്നു. നിങ്ങൾ ആ ബിംബത്തെ വലയം ചെയ്തിരിക്കുന്ന പ്രകാശത്തെ കാണുമ്പോൾ ഞാൻ അതിനപ്പുറത്തുള്ള യഥാർത്ഥബിംബത്തെ ദർശിക്കുന്നു. ഇതാണു നാം തമ്മിലുള്ള വ്യത്യാസം."

അലക്സീവുമായുള്ള നിരന്തരസഹവാസം ടോൾസ്റ്റോയിയെ മതപരമായ ഉപരിചിന്തകൾക്കു പ്രേരിപ്പിച്ചു. ടോൾസ്റ്റോയിയുടെ മാനസികസമനില ഇളകിത്തുടങ്ങി. അദ്ദേഹം പ്രാർത്ഥനയിലും ഉപവാസാചരണത്തിലും ശ്രദ്ധാലുവായിത്തീർന്നു. ചിലപ്പോൾ അനാരോഗ്യംപോലും പരിഗണിക്കാതെ അദ്ദേഹം ഉപവാസം അനുഷ്ഠിക്കുന്നതിൽ നിർബ്ബന്ധബുദ്ധി പ്രദർശിപ്പിച്ചു. ഈ നിഷ്ഠ കുടുംബത്തിലെ മററു അംഗങ്ങളിലും വ്യാപി

ച്ച്. കൌണ്ടസ്സും, കുട്ടികളും ഭൃത്യജനങ്ങൾപോലും വ്രതങ്ങൾ ആചരിച്ചു തുടങ്ങി.

1880-ൽ ടോൾസ്റ്റോയിയുടെ സ്നേഹിതനും സാഹിത്യകാരനുമായ ടർഗനവ് പാരീസിൽ നിന്നു റഷ്യയിലേയ്ക്കു തിരിച്ചു വന്നു. റഷ്യയിലെ പ്രശസ്ത സാഹിത്യകാരനായ പുഷ്കിന്റെ എൺപതാം ജന്മദിനാഘോഷങ്ങളിൽ പങ്കുകൊള്ളുന്നതിനാണു അന്നു ടർഗനവ് വന്നു ചേർന്നതു്. പ്രസ്തുത ആഘോഷങ്ങളിൽ ഭാഗഭാക്കാകുന്നതിനു ടോൾസ്റ്റോയിയേയും ക്ഷണിച്ചിരുന്നു. എന്നാൽ ആഘോഷങ്ങളിലും ആഡംബരങ്ങളിലും പങ്കെടുക്കുന്നതിൽ ടോൾസ്റ്റോയി വിമുഖനായിരുന്നു. തന്നിമിത്തം അദ്ദേഹം ആ ക്ഷണം നിരസിക്കുകയാണുണ്ടായതു്. സ്വഭാവ വൈപരീത്യമുണ്ടായിരുന്നെങ്കിലും ടർഗനവിനു ടോൾസ്റ്റോയിയുടെ സിദ്ധികളിലും കലാവൈഭവത്തിലും നിസ്സീമമായ ബഹുമാനം ഉണ്ടായിരുന്നു. എന്നാൽ വാസനാസമ്പന്നനായ ആ സരസ്വതീദാസൻ ദുർഗ്രഹവും ശുഷ്കവുമായ മതതത്വങ്ങളിലും മതഗ്രന്ഥങ്ങളിലും വിവരിക്കുന്നതു കണ്ടു ടർഗനവ് സങ്കടപ്പെട്ടു. ഈ വസ്തുത ടർഗനവിന്റെ ഒരു കത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടു്. അദ്ദേഹം പറയുന്നു; "സമകാലിക യൂറോപ്യൻ സാഹിത്യത്തിൽ ടോൾസ്റ്റോയിയെ അതിശയിക്കാൻ ആരുമില്ല. അദ്ദേഹത്തിന്റെ കല്പനാവൈഭവം അനന്യസാധാരണവും അത്ഭുതാവഹവുമാകുന്നു. ടോൾസ്റ്റോയി ഒരു മികച്ച കലാകാരനാണു്. പ്രതിപാദ്യ വസ്തു എന്തായിരുന്നാലും ആ കലാമർമ്മജ്ഞന്റെ തൂലികയിൽ അതു് മനോഹരമായി പരിണമിക്കുന്നു. മൃഗങ്ങളുടെ സ്വഭാവവർണ്ണനകൾ

മിൽപോലും ആ കലാരസികത പ്രകടമായി കാണാം. പക്ഷെ ആ കലാകാരൻ ഇതാ വേറൊരു ചിന്താസരണിയിൽ ആകണ്ഠം ആമഗ്നനായിരിക്കുന്നു. മതഗ്രന്ഥങ്ങളിലും സുവിശേഷങ്ങളിലും അദ്ദേഹം വിഹരിക്കുന്നു തദ്വിഷയകമായി അദ്ദേഹം അനേകം ഗ്രന്ഥങ്ങൾ എഴുതിക്കാണുന്നു.... ടോൾസ്റ്റായിയെക്കൊണ്ടു് സാഹിത്യത്തിനു ഇനി പ്രയോജനമില്ലാതെ ആയേക്കും.'' ടർഗനവിൻെറ ആത്മാർത്ഥമായ അഭിപ്രായം എത്ര ശക്തിമത്തായി പ്രകടിപ്പിച്ചിരിക്കുന്നു.

മതതത്വങ്ങളെ ചോദ്യം ചെയ്യുന്ന യാതൊരു സാഹിത്യവും അക്കാലത്തു് അധികൃതർ പ്രസിദ്ധീകരണത്തിനു് അനുവദിച്ചിരുന്നില്ല. എന്നാൽ ഭാവിതലമുറയ്ക്കു എപ്പോഴെങ്കിലും ഉപയോഗപ്രദമാകുമെന്നുള്ള ആത്മാർത്ഥമായ വിചാരമല്ലാതെ ധനലാഭമോ മററു പ്രശസ്തിയോ ടോൾസ്റ്റായി ആഗ്രഹിച്ചില്ല. മതവിശ്വാസങ്ങളെ ക്രോഡീകരിച്ചു് "A Criticism of Dogmatic Theology, Union and Translation of the Four Gospels, മുതലായ കൃതികൾ ഇക്കാലത്തു് അദ്ദേഹം രചിച്ചിട്ടുണ്ടു്.

മതസംബന്ധമായ ഗ്രന്ഥങ്ങൾ പാരായണം ചെയ്യുന്നതിലും രചിക്കുന്നതിലും ടോൾസ്റ്റായി വ്യാപൃതനായിരുന്നെങ്കിലും സമീപവാസികളായ കൃഷീവലന്മാർക്കു് അദ്ദേഹം ഒരു ബന്ധുവും ഉപദേഷ്ടാവുമായി വർത്തിച്ചുവന്നു. അവരുടെ സങ്കടങ്ങൾക്കു പരിഹാരമുണ്ടാക്കുന്നതിൽ അദ്ദേഹം ബദ്ധപരികരനായിരുന്നു.

യാസ്നയാപാളിയാനാ ഇപ്പോൾ ബാലികാബാലന്മാരുടെ ലീലാകോലാഹലങ്ങൾകൊണ്ടു മുഖരിതമായി.

കൌണ്ടസ് ഏഴു കുട്ടികളുടെ മാതാവായിത്തീൎന്നിരുന്നു. സ്ഥിതിഭേദമെന്യ സകലൎക്കും അഭയകേന്ദ്രമായിരുന്ന ആ പ്രൗഢഭവനത്തിൽ സന്ദശ്കരായും ധാരാളമാളുകൾ വന്നുചേൎന്നു. വിദൂരദേശങ്ങളിൽനിന്നു പോലും ടോൾസ്റ്റോയിയെ ദശ്ശിക്കുവാൻ ആരാധകസംഘം യാസ്നയായിലേയ്ക്കു പ്രവഹിച്ചു. എന്നാൽ ലൗകികമഹിമയിൽ ഉയൎന്നവരെ സന്ദൎശകരായി ലഭിക്കുന്നതിൽ അദ്ദേഹത്തിനു വൈമുഖ്യമാണുണ്ടായിരുന്നതു്. പ്രശസ്തരായ പലരും അദ്ദേഹത്തിന്റെ പരിചയം കാംക്ഷിച്ചു. പക്ഷേ വിശ്രുതനായ ആ കലാകാരൻ ഉപചാരപൂൎവ്വം അങ്ങനെയുള്ള സന്ദൎഭങ്ങളെ തിരസ്കരിക്കുകയാണു ചെയ്തതു്.

# അദ്ധ്യായം ഒൻപതു്

## മതപഠനം.

മതപഠനത്തിൽ ആദ്യമായി ടോൾസ്റ്റോയിയുടെ ശ്രദ്ധ പതിഞ്ഞതു ബൈബിളിലും ക്രിസ്തുമത തത്വങ്ങളിലും ഗൂഢമൂലമായിരുന്ന അവാസ്തവവസ്തുതകളേയും അസത്യങ്ങളേയും വേർതിരിച്ചു പരമാർത്ഥം ഗ്രഹിക്കുന്നതിലായിരുന്നു. ജീവിതവിജയത്തിനു മാർഗ്ഗദർശകമായിട്ടുള്ള തത്വങ്ങൾ അന്ധവിശ്വാസജഡിലമായ മതഗ്രന്ഥങ്ങളിൽനിന്നും വ്യാവർത്തിച്ചു് എടുക്കുന്നതു് അത്ര സുകരമായിരുന്നില്ല. നൈസർഗ്ഗികമായ കലാവാസന മതതത്വങ്ങളെ സരളമായി പ്രതിപാദിക്കുന്നതിനു് അദ്ദേഹത്തെ ശക്തനാക്കി. കൂടാതെ സത്യാന്വേഷണത്തിലും പ്രതിപാദനരീതിയിലും അദ്ദേഹം നിർഭയനായിരുന്നു. നിരന്തരമായ പഠനത്തിനുശേഷം ക്രിസ്തുമതകഥകൾ മിക്കവയും നിരർത്ഥകങ്ങളും അസത്യങ്ങളുമാണെന്നുള്ള അനുമാനത്തിൽ ടോൾസ്റ്റോയി എത്തിച്ചേർന്നു. സാമാന്യയുക്തിക്കുപോലും അവ സ്വീകാര്യയോഗ്യമായി അദ്ദേഹത്തിനു തോന്നിയില്ല. സ്വതന്ത്രമായ അഭിപ്രായപ്രകടനത്തിൽ മതസഭയുടെ കഠിനമായ കോപത്തിനു പാത്രമാകുമെന്നു ടോൾസ്റ്റോയിക്കു് അറിയാമായിരുന്നു. എങ്കിലും മതപരിഷ്കരണത്തിൽ ധീരമായ ഒരു നില തന്നെ അദ്ദേഹം അവലംബിച്ചു.

ക്രിസ്തുമത തത്വങ്ങൾക്കും അക്കാലത്ത് പള്ളിയിൽ നിലവിലിരുന്ന അനുഷ്ഠാനപദ്ധതികൾക്കും തമ്മിൽ മൌലികമായ വൈരുദ്ധ്യം ഉണ്ടായിരുന്നതായി ടോൾസ്റ്റോയി കണ്ടുപിടിച്ചു. തന്മൂലം അദ്ദേഹം പരസ്യമായി മതസഭയെ അപലപിക്കാൻ മുതിർന്നു. സാമാന്യതത്വങ്ങൾക്കു യോജിക്കാത്ത മതസിദ്ധാന്തങ്ങൾ അവഹേളനാർഹമാണെന്നു ടോൾസ്റ്റോയി വിധിച്ചു. എന്നാൽ ക്രിസ്തുവിനെപ്പററിയും അദ്ദേഹത്തിൻെറ യഥാർത്ഥ പ്രവചനങ്ങളെപ്പററിയും ടോൾസ്റ്റോയിക്കു ബഹുമാനമുണ്ടായിരുന്നു. ക്രിസ്തുമതതത്വങ്ങളെ അധികരിച്ച് അദ്ദേഹം ഇക്കാലത്ത് ചില ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. അവയിൽ ക്രിസ്തുമതതത്വങ്ങൾക്കു ചില പുതിയ വ്യാഖ്യാനങ്ങൾ അദ്ദേഹം നൽകികാണുന്നു. സാധാരണ ജീവിതത്തിന് അനുയോജ്യമായ പദ്ധതികൾ ക്രിസ്തുവിൻെറ പ്രവചനങ്ങളിൽ ഉൾക്കൊള്ളുന്നതായി ടോൾസ്റ്റോയി അദ്ദേഹത്തിൻെറ വ്യാഖ്യാനങ്ങൾമൂലം നമുക്ക് അനുഭവഗോചരമാക്കിതീർക്കുന്നുണ്ട്. മതതത്വങ്ങളുടെ പ്രായോഗികവശങ്ങളേയും ഗുണദോഷങ്ങളേയും ശരിക്കു മനസ്സിലാക്കി ജീവിതത്തിൽ അവയെ എങ്ങനെ പ്രയോഗക്ഷമമാക്കാമെന്ന് അദ്ദേഹം നമുക്കു മാർഗ്ഗനിർദ്ദേശം ചെയ്യുന്നു. ദൈവമഹിമയെപ്പററി ടോൾസ്റ്റോയി കീർത്തിക്കുന്നില്ല. എന്നാൽ നമ്മുടെ യുക്തിയേയും മനസ്സാക്ഷിയേയും നയിക്കുന്ന അദൃശ്യമായ ഒരു ശക്തി ഉണ്ടെന്നും ആ ശക്തിക്കു നാം കടപ്പെട്ടിരിക്കുന്നുവെന്നും അദ്ദേഹം സമർത്ഥിക്കുന്നു.

ബൈബിളിനെപ്പററി പ്രതിപാദിക്കുമ്പോൾ ലോകത്തിലെ ഇതര മതഗ്രന്ഥങ്ങളുമായി താരതമ്യം ചെയ്യു

ന്നതായി ടോൾസ്റ്റായിയുടെ ഉപന്യാസങ്ങളിൽ കാണാം. Gospels (സുവിശേഷങ്ങൾ) പരിശുദ്ധമായ വേദഗ്രന്ഥമാണെന്നായി അദ്ദേഹം കരുതി വന്നു. നാലു സുവിശേഷ കഥകൾ സ്വന്തം വ്യാഖ്യാനത്തോടുകൂടി ടോൾസ്റ്റായി പ്രസിദ്ധം ചെയ്തു. അന്ധവിശ്വാസത്തിൽനിന്നും അകന്ന സാമാന്യജീവിതാനുഭവങ്ങളുമായി മതവിശ്വാസത്തെ സംയോജിപ്പിച്ച് ഒരു നവീനരൂപം നൽകുന്നതിലാണ് ടോൾസ്റ്റായിയുടെ കലാവൈഭവം പ്രകടമായിരിക്കുന്നത്. അഹിംസയിലുള്ള അടിയുറച്ച വിശ്വാസം അദ്ദേഹത്തിന്റെ ഏതു മതപരമായ ഗ്രന്ഥങ്ങളിലും കാണാം. വ്യവസ്ഥാപിത ഗവൺമെന്റിലും മനുഷ്യനിർമ്മിതമായ നിയമത്തിലും അദ്ദേഹത്തിനു ക്രമാതീതമായ വെറുപ്പുണ്ടായിരുന്നു. പ്രകൃതിനിയമങ്ങളെ കവിഞ്ഞു മനുഷ്യനു അനുസരിക്കേണ്ടതായി നിയമങ്ങളില്ലെന്നും അദ്ദേഹം വിശ്വസിച്ചു പോന്നു. കേവലം അന്ധമായി ദൈവമഹിമയെ വിശ്വസിക്കാതെ ബുദ്ധിപൂർവ്വം മതസിദ്ധാന്തങ്ങളിലുള്ള തത്വങ്ങളെ ത്യാജ്യഗ്രാഹ്യവിവേചനം ചെയ്യുന്നതിനു ടോൾസ്റ്റായിയുടെ ഗ്രന്ഥങ്ങൾ സാമാന്യജനങ്ങൾക്കുപോലും പ്രചോദനം നൽകി. മതസിദ്ധാന്തങ്ങളെ ആവിഷ്കരിച്ചുകൊണ്ടുള്ള "What I Believe" എന്ന ഗ്രന്ഥം അദ്ദേഹത്തിന്റെ നൂതന വിശ്വാസങ്ങളെ വിശദീകരിക്കുന്നുണ്ട്.

1881 മാർച്ചുമാസം 1-ാംതീയതി റഷ്യാ ചരിത്രത്തിലെ ദുഃഖോദയമായ ഒരു ദിവസമാകുന്നു. അന്നു റഷ്യാ ചക്രവർത്തിയായ അലക്സാണ്ടർ രണ്ടാമനെ ഒരു വിപ്ല

വസംഘം വധിച്ചു. ഈ വാർത്ത ടോൾസ്റ്റായിയെ പരിതപിപ്പിച്ചു. എന്നാൽ അതിലുമേറെ വിഷമം ചേർത്തതു കുററവാളികളെ വധശിക്ഷയ്ക്കു വിധിക്കുമെന്നുള്ള സംഗതിയായിരുന്നു. ഈ വസ്തുതയെപ്പററിയുള്ള വിചാരം വർദ്ധിച്ചപ്പോൾ പരേതന്റെ പിൻഗാമിയായ അലക്സാണ്ടർ മൂന്നാമനു് ഒരു തുറന്ന കത്തെഴുതുവാൻ ടോൾസ്റ്റായി മുതിർന്നു. ക്രിസ്തുമതധർമ്മമനുസരിച്ചു ശത്രുവിനെ സ്നേഹിക്കണമെന്നും കുററവാളികൾക്കു മാപ്പു നൽകണമെന്നും ചക്രവർത്തിക്കുള്ള കത്തിൽ ടോൾസ്റ്റായി താഴ്മയായി അഭ്യർത്ഥിച്ചു. ദീർഘവും മനോഹരവുമായ ഈ കത്തു് ടോൾസ്റ്റായിയുടെ മതസിദ്ധാന്തങ്ങളെ വിശദമായി പ്രകാശിപ്പിക്കുന്നുണ്ടു്. വ്യവസ്ഥാപിതമരണത്തോടുള്ള എതിർപ്പും ദൈവനീതിയിലുള്ള അചഞ്ചലമായ വിശ്വാസവും ആ കത്തിൽ സ്പഷ്ടമായി കാണാം. ടോൾസ്റ്റായിയുടെ ശ്രേഷ്ഠസ്ഥാനമഹിമ ആ എഴുത്തിനെ ഉല്ലിഷ്ടസ്ഥാനത്തു് എത്തിച്ചുകൊടുത്തു. എന്നാൽ ആ സാഹിത്യനായകന്റെ നിർദ്ദേശം ചക്രവർത്തി സ്വീകരിച്ചില്ല. അധികദിവസം കഴിയുന്നതിനുമുമ്പു കുററവാളികളെ തൂക്കുകയും ചെയ്തു. ഈ സംഭവം കഥാപുരുഷനെ എത്രമാത്രം വേദനിപ്പിച്ചു എന്നു പറഞ്ഞറിയിക്കുവാൻ പ്രയാസം.

മതപഠനം തുടർന്നുകൊണ്ടിരുന്നപ്പോൾതന്നെ സാധുജനങ്ങളുടെ സാമ്പത്തികോന്നമനത്തിലും ടോൾസ്റ്റായിയുടെ ഗാഢമായ ശ്രദ്ധ പതിഞ്ഞു. മാസ്കോ പട്ടണത്തിലെ ദരിദ്രനാരായണന്മാരുടെ സ്ഥിതി അദ്ദേഹത്തിനു വേദന ഉണ്ടാക്കി. ദൈവികനിയമങ്ങളെ ശരിക്കു പാലി

ച്ചാൽ ദാരിദ്ര്യത്തെ ജനമദ്ധ്യത്തിൽനിന്നും നിർമ്മാർജ്ജനം ചെയ്യാമെന്ന് അദ്ദേഹം വിശ്വസിച്ചു. ഈ സമയം മാസ്കോയിലെ സെൻസസ് കാലമായിരുന്നു, 'What then must we do' എന്ന ഗ്രന്ഥം സെൻസസ് അധികാരികളുടെ ശ്രദ്ധയ്ക്കായിക്കൊണ്ട് ടോൾസ്റ്റോയി എഴുതി. ദാരിദ്ര്യത്തിന്റെ കഠിന യാതനകൾ സഹോദരന്മാർക്കും അനുഭവിക്കുന്നതു കണ്ടുകൊണ്ടു ധനാഢ്യന്മാർ സുഖലോലുപരായി ജീവിക്കുന്ന ദുഷിച്ച സാമൂഹ്യവ്യവസ്ഥിതിയെ അദ്ദേഹം കഠിനമായി എതിർത്തു. ആത്മകഥാംശങ്ങളെക്കൊണ്ടു സുരഭിലമായ ആ സാഹിത്യതല്ലജം ടോൾസ്റ്റോയി വിശ്വസാഹിത്യത്തിനു സമർപ്പിച്ചിട്ടുള്ള ഒരു വിശിഷ്ടോപഹാരമാകുന്നു.

സെൻസസ് എടുക്കുന്നതിനു നിയോഗിച്ചിരുന്നതു അധികവും വിദ്യാർത്ഥികളെയായിരുന്നു. അക്കൂട്ടത്തിൽ ടോൾസ്റ്റോയിയുടെ അപേക്ഷപ്രകാരം അദ്ദേഹത്തെയും സെൻസസ് ജോലികൾക്കു നിയമിച്ചു. ദരിദ്രസങ്കേതമായ ഒരു ഭാഗമാണ് അദ്ദേഹത്തിനു ജോലിസ്ഥലമായി ലഭിച്ചതു്. ദാരിദ്ര്യത്തിന്റെ കർക്കശമായ പിടി ജനസമുദായത്തിൽ വരുത്തിക്കൂട്ടിയ നാരകീയാനുഭവങ്ങളെ അടുത്തു കണ്ടുപഠിക്കുന്നതിനും അതിനുള്ള നിവാരണമാർഗ്ഗങ്ങൾ അന്വേഷിക്കുന്നതിനും അദ്ദേഹത്തിന് ഇപ്പോൾ സന്ദർഭം ലഭിച്ചു. ഓരോ ദരിദ്രനോടും ദാരിദ്ര്യകാരണം അദ്ദേഹം അന്വേഷിച്ചറിഞ്ഞു. ജീവിതസായാഹ്നത്തോടടുത്തിരുന്ന ആ പ്രഭുവിനു വീടുകൾതോറും കയറി ഇറങ്ങുന്നതിലും മററും യാതൊരു ശാരീരിക ക്ലേശവും ഉണ്ടായിരുന്നില്ല.

സെൻസസ് ജോലികൾക്കിടയിൽ വേറൊരു അനുഭവവും ടോൾസ്റ്റോയിക്കു ഉണ്ടായി. ദാരിദ്ര്യം നിമിത്തം വേശ്യാവൃത്തി അവലംബിച്ചിരുന്ന അനേകം സ്ത്രീകളെ അദ്ദേഹം കണ്ടുമുട്ടി. ആ സാധുസ്ത്രീകളെ കുത്സിതവൃത്തികളിൽനിന്നും മോചിപ്പിച്ച് സന്മാർഗ്ഗചാരികളാക്കണമെന്ന് അദ്ദേഹത്തിനു തീവ്രമായ ആശ ഉണ്ടായി. സമുദായഗാത്രത്തിൽ പററി കൂടിയിരുന്ന ഈ രോഗത്തെ നിവാരണം ചെയ്യുന്നതിന് ഉപയുക്തമായ ഔഷധാന്വേഷണത്തിൽ ആ വൃദ്ധഭിഷഗ്വരന്റെ മാനസികമണ്ഡലം പ്രവർത്തിച്ചു തുടങ്ങി. ദാരിദ്ര്യനിർമ്മാർജ്ജനം വേശ്യാവൃത്തിക്കു ഉപശമം നൽകുമെന്ന് അദ്ദേഹം നിശ്ചയിച്ചു. സാധുജനങ്ങളെ കഴിയുന്നിടത്തോളം ധനം കൊടുത്തു സഹായിക്കാമെന്ന് ടോൾസ്റ്റോയി തീർച്ചയാക്കി. എന്നാൽ അതു് ആപത്താണെന്ന് അദ്ദേഹത്തിന് അവസാനം മനസ്സിലായി. ആവശ്യക്കാരുടെ സംഖ്യ നാൾക്കുനാൾ വർദ്ധിച്ചുവന്നു. സ്വല്പ സഹായം ചെയ്തതുകൊണ്ടു ദാരിദ്ര്യത്തിനു ശമനമൊട്ടില്ലതാനും. പ്രത്യുത ആ സഹായം കൊണ്ടു് അവരെ ദുഷിപ്പിക്കുകയാണു ചെയ്യുന്നതു് എന്നു ഒടുവിൽ ബോദ്ധ്യവുമായി. പരോപകാരപ്രദമായ ഈ ധനസഹായം അദ്ദേഹം മതിയാക്കി. ഔദാര്യഹസ്തം പിൻവലിച്ചെങ്കിലും ദാരിദ്ര്യനിർമ്മാർജ്ജനത്തിനുവേണ്ടിയുള്ള ശ്രമങ്ങളിൽ അദ്ദേഹത്തിന്റെ അന്തരംഗം വ്യാപരിച്ചു വന്നു. ലളിതവും അനാഡംബരവുമായ ജീവിതവും സ്വാശ്രയശീലവുമാണു ദാരിദ്ര്യനിർമ്മാർജ്ജനത്തിനു ടോൾസ്റ്റോയി നൽകുന്ന ഉപദേശം. ധനികരിൽനിന്നും അലസന്മാരകലുമ്പാരം ദാരിദ്ര്യത്തിനു ശാന്തിയുണ്ടാകുമെന്ന് അദ്ദേഹം വിചാരിച്ചു.

മതപഠനത്തിലും സാമ്പത്തികോന്നമനങ്ങളിലും ദത്തശ്രദ്ധനായ കഥാനായകൻ കുടുംബകാര്യങ്ങളിലുള്ള അന്വേഷണം കുറഞ്ഞു തുടങ്ങി. കൃഷികളിലും മററും സ്വാഭാവികമായുണ്ടായിരുന്ന ഉത്പത്തി അസ്തമിച്ചു. അന്വേഷണക്കുറവുമൂലം വസ്തുക്കളിൽനിന്നും ആദായം കുറഞ്ഞു. തന്നിമിത്തം ധാരാളമായി ചിലവു ചെയ്തുകൊണ്ടിരുന്ന ആ കുടുംബം ധനലോപത്തിന്റെ സ്വാദും അറിഞ്ഞു തുടങ്ങി. കൂടാതെ നവീനങ്ങളായ ആദർശങ്ങളിലും മതതത്വങ്ങളിലുമുള്ള വിശ്വാസം ടോൾസ്റ്റോയിക്ക് പല സ്നേഹിതന്മാരേയും നഷ്ടപ്പെടുത്തി. ബഹുപരമ്പരാഗതമായ വിശ്വാസങ്ങളെ ഉന്മൂലനം ചെയ്യുന്ന ടോൾസ്റ്റോയിയുടെ സിദ്ധാന്തങ്ങൾ അദ്ദേഹത്തിന്റെ അന്തേവാസികൾക്കുപോലും സ്വീകാര്യമായിരുന്നില്ല.

ഭർത്താവിൽ തുടർച്ചയായി വന്നുകൊണ്ടിരുന്ന മാനസികപരിവർത്തനങ്ങൾ കൌണ്ടസിനെ വ്യാകുലപ്പെടുത്തി. അധികനേരവും ചിന്തയിലും രചനയിലും വ്യാപൃതനായിരുന്ന അദ്ദേഹം തന്നോടു സ്നേഹമില്ലാതെ വർത്തിക്കുന്നു എന്നുപോലും കൌണ്ടസ് ശങ്കിച്ചു. അതേസമയം ദാരിദ്ര്യതാപാകുലരായ ലക്ഷോപലക്ഷം ജനങ്ങളെ ഉദ്ധരിക്കുന്നതിനുള്ള മാർഗ്ഗോപായ ചിന്തയിൽ മഗ്നനായി അഹോരാത്രം ആ ഗൃഹാധിപൻ കഴിച്ചുകൂട്ടി. കുടുംബക്ഷേമാന്വേഷണം കഴിഞ്ഞിട്ട് ജനക്ഷേമകരങ്ങളായ പ്രവൃത്തിയിൽ ഏർപ്പെടണമെന്നു കൌണ്ടസ് ശഠിച്ചു. എന്നാൽ പ്രാഥമ്യം മനുഷ്യസേവനത്തിനാണെന്ന് ടോൾസ്റ്റോയി സിദ്ധാന്തിച്ചു. ഇങ്ങനെ ഭർത്താവും ഭാര്യയും തമ്മിൽ അഭിപ്രായഭിന്നതകൾ ഉണ്ടായി. സമാധാ

നവും സംതൃപ്തിയും കളിയാടിയിരുന്ന യസ്നയാ പാലിയാനാ ഇപ്പോൾ അസംതൃപ്തിയുടേയും വാദപ്രതിവാദങ്ങളുടേയും ക്രൂത്തരങ്ങായി പരിണമിച്ചു.

പ്രഭുസ്ഥാനമഹിമ ഒരു ഭാരമായി ടോൾസ്റ്റോയിക്കു തോന്നി. അദ്ദേഹത്തിനു കൃഷീവലജീവിതമാണു് അഭികാമ്യമായി അനുഭവപ്പെട്ടതു്. കൃഷീവലന്മാരുമായി ഇടകലരുന്നതിലും അവരുടെ കഷ്ടതകളിൽ പങ്കെടുക്കുന്നതിലും അദ്ദേഹത്തിനു നിസ്സീമമായ ആനന്ദമുണ്ടായിരുന്നു. കാൽനടയായി യാത്ര ചെയ്യുന്നതിനും ടോൾസ്റ്റോയി നിശ്ചയിച്ചു. നിശ്ചയങ്ങൾ ഉടനടി പ്രയോഗത്തിൽ വരുത്താൻ അദ്ദേഹം മടിച്ചില്ല. വിദൂരസ്ഥലങ്ങളിലേക്കുപോലും കാൽനടയായി ആ വൃദ്ധൻ സഞ്ചരിച്ചുതുടങ്ങി.

ഇക്കാലത്തു് കുട്ടികളുടെ ആവശ്യത്തിലേയ്ക്കു് അനേകം ചെറുകഥകൾ അദ്ദേഹം രചിച്ചിട്ടുണ്ടു്. ഈ ചെറുകഥകൾ മാത്രം മതി ടോൾസ്റ്റോയിയുടെ പ്രശസ്തിയെ നിലനിർത്തുവാൻ. പ്രതിപാദനരീതിയിലും സത്യപ്രകാശനത്തിലും ഈ കഥകൾ ഉത്തമ സാഹിത്യതല്ലജങ്ങളായി പ്രശോഭിക്കുന്നു. ചെറുകഥാസമാഹാരം '23 ചെറുകഥകൾ' എന്ന പേരിൽ പ്രസിദ്ധം ചെയ്തിട്ടുണ്ടു്.

# അദ്ധ്യായം പത്തു്

## ആത്മപരിത്യാഗം

ശൈത്യകാലവാസത്തിനു യാസ്നയാ പോളിയാനാ ദുസ്സഹമായി തീൎന്നു. തന്നിമിത്തം ടോൾസ്റ്റോയി കുടുംബസഹിതം മാസ്ക്കോയിലേക്കു മാറി. മാസ്ക്കോയിൽ മനോഹരമായ ഒരു ഗൃഹം അദ്ദേഹം വിലയ്ക്കുവാങ്ങി. തണുപ്പുകാലം മുഴുവനും മാസ്ക്കോയിൽതന്നെ താമസിച്ചു. കുട്ടികളുടെ സൌകൎയ്യത്തെ പുരസ്കരിച്ചും മൂത്തമകൾ വിവാഹപ്രായത്തോടടുത്തിരുന്നതുകൊണ്ടും മാസ്ക്കോയിലേക്കു മാറുന്നതിനു കൌണ്ടസിൻെറ പ്രേരണയും ഉണ്ടായിരുന്നു. നഗരജീവിതത്തിൽ സ്വാഭാവികമായി ആ സാഹിത്യനായകനു വിരസതയാണുണ്ടായിരുന്നതു്. സുഖലോലുപമായ ജീവിതം അദ്ദേഹം വെറുത്തിരുന്നു. നഗരമദ്ധ്യത്തിലും ഏററവും ലളിതമായ ജീവിതരീതിതന്നെ അദ്ദേഹം അവലംബിച്ചു. മാസ്ക്കോയിലെ ജീവിതം ടോൾസ്റ്റോയിയെ സംബന്ധിച്ചിടത്തോളം സംഭവബഹുലമായിരുന്നില്ല. അദ്ദേഹത്തിൻെറ പരിചിതചക്രം പരിമിതമായിരുന്നു. അതുകൊണ്ടു വിശ്രമാവസരങ്ങൾ ധാരാളം ലഭിച്ചു. ഈ സാവകാശവേളയിൽ അദ്ദേഹം ഹിബ്രുഭാഷ അഭ്യസിച്ചു തുടങ്ങി. സ്മൃതിഗ്രന്ഥങ്ങൾ പോലും വായിച്ചു മനസ്സിലാക്കത്തക്കവണ്ണം ആ ഭാഷയിൽ അദ്ദേഹം അവഗാഹമായ പാണ്ഡിത്യം സമ്പാദിച്ചു.

മാസ്ക്കോയിലെ താമസത്തിനിടയിൽ പ്രശസ്ത ചിത്രകാരനായ 'ഗേ'യുമായി കഥാപുരുഷൻ പരിചയത്തിലേർപ്പെട്ടു. 'ഗേ' അനുഗ്രഹീതനായ ഒരു കലാകാരനായിരുന്നു. ടോൾസ്റ്റായിയുടെ മഹത്വം 'ഗേ' മനസ്സിലാക്കി. സൌന്ദര്യാരാധകന്മാരായ ആ കലാകാരന്മാർ ആത്മസ്നേഹിതരായിതീൎന്നു. രണ്ടുപേരുടേയും ചിന്താരീതിക്കു ഐകരൂപ്യം ഉണ്ടായിരുന്നു. തന്നിമിത്തം അവരുടെ സൌഹൃത് ബന്ധം ദൃഢതരമായി. ടോൾസ്റ്റായിയുടെ കഥാഗ്രന്ഥങ്ങൾ ഗേയുടെ ചിത്രങ്ങളോടുകൂടി പ്രസിദ്ധീകരിച്ചുതുടങ്ങി. ടോൾസ്റ്റായിയെ മഹാനായ ഒരാചാര്യനായി ഗേ ബഹുമാനിച്ചുവന്നു. അവരുടെ പരിചയബന്ധം ദീർഘകാലം നിലനിന്നു.

വേനൽക്കാല വാസത്തിന് നഗരം സുഖപ്രദമായിരുന്നില്ല. രമണീയമായ യാസ്നയാ പാളിയാനായിലെ ഗ്രാമഭംഗി ടോൾസ്റ്റായിയെ അങ്ങോട്ടാകർഷിച്ചു. മാസ്ക്കോയിൽനിന്നും നൂററിമുപ്പതു മൈൽ അദ്ദേഹം കാൽനടയായിട്ടാണു സഞ്ചരിച്ചതു്. ഗ്രാമീണവേഷത്തിൽ സവാരിചെയ്തിരുന്ന ആ പ്രഭുമുഖ്യനെ മാർഗ്ഗമദ്ധ്യേയോ ഗ്രാമവസതിയിൽ എത്തിയപ്പോഴോ ആരും തിരിച്ചറിഞ്ഞില്ലത്രേ. ശാരീരികാദ്ധ്വാനത്തിന് അദ്ദേഹം മുൻഗണന നൽകിയിരുന്നു. ആദർശങ്ങൾ പ്രവൃത്തിരൂപത്തിൽ പകർത്തുന്നതിന് അദ്ദേഹത്തിനു വിഷമമുണ്ടായില്ല. യാസ്നയായിലെ ജീവിതവും ഏററവും ലളിതമായിരുന്നു. പ്രഭുസഹജമായ സുഖലോലുപത ആ ഗൃഹാന്തരീക്ഷത്തെ സ്പർശിച്ചില്ല. വയ്ക്കോൽ ഉണക്കുന്നതിനും

പുല്ലരക്കുന്നതിനും കൃഷിജോലികൾ ചെയ്യുന്നതിനും മഹാനായ ആ സാഹിത്യനായകൻ സമൎത്ഥനായിതീൎന്നു. കൃഷീവലന്മാരോടൊപ്പം പണിയെടുക്കുമ്പോൾ അദ്ദേഹത്തെ തിരിച്ചറിയുന്നതിനു തന്നെ പ്രയാസം. സ്വന്തകാൎയ്യങ്ങളിൽ മാത്രമല്ല അദ്ദേഹം തൽപരനായിരുന്നതു്. നിസ്സഹായരായ ഗ്രാമജനങ്ങൾക്കുവേണ്ടി ഏതു കായികാധ്വാനത്തിനും ആ ജനസേവനചതുരൻ തയ്യാറായിരുന്നു.

ടോൾസ്റ്റായിയുടെ ജീവിതരീതി ലളിതവും ആർഭാടരഹിതവുമാണു്. കേവലം കൃഷീവലന്മാരുടെ വേഷങ്ങളാണു് ആ പ്രഭുവൎയ്യൻ സ്വീകരിച്ചിരുന്നതു്. തണുപ്പുകാലത്തുപോലും അദ്ദേഹം അതിൽ മാററം വരുത്തിയിരുന്നില്ല. സാമാന്യജനങ്ങൾക്കു പലപ്പോഴും അദ്ദേഹത്തെ തിരിച്ചറിയാൻ വയ്യാതെ വന്നു. ഈ സംഗതിയെപ്പററി ഒരു കഥ പ്രസ്താവ്യമാണു്. "അന്നസ്യുറൺ" ടോൾസ്റ്റായി കുടുംബത്തിലെ ഒരാശ്രിതയായിരുന്നു. അവരുടെ മകൻ പട്ടണത്തിലുള്ള വിദ്യാലയത്തിൽ പഠിച്ചുവന്നു. ഒരിക്കൽ അന്നയ്ക്കു് സുഖമില്ലാതായി. ടോൾസ്റ്റായി ആ പട്ടണത്തിലേക്കു പോകുന്നുണ്ടായിരുന്നു. വിദ്യാലയത്തിൽ നിന്നും ടോൾസ്റ്റായി മകനെ കൂട്ടിക്കൊണ്ടു വരുന്നതാണെന്നു അവർ കമ്പിയടിച്ചു. ഈ വിവരമറിഞ്ഞു സ്കൂളധികൃതന്മാർ മഹാനായ ആ സാഹിത്യനായകനെ സ്വീകരിക്കുന്നതിനു ഗേററിൽ പ്രതീക്ഷിച്ചുനിന്നു. എന്നാൽ ആ പ്രഭുവൎയ്യൻ ഒരു കൃഷീവലൻെറ വേഷത്തിലാണു് അവിടെ എത്തിയതു്. വിദ്യാലയാധികൃതക്കു് അദ്ദേഹത്തെ മനസ്സിലായില്ല. ഒരു കുട്ടിയെ കൂട്ടിക്കൊണ്ടുപോകാൻ വന്നതാണെന്നു്

അദ്ദേഹം പറഞ്ഞു. ആരും തന്നെ ആ ഗ്രാമീണനെ ശ്രദ്ധിച്ചില്ല. സ്കൂൾ വിട്ടു. 'സ്യൂറന്റെ' മകനുമായി ഫ്രെഞ്ചു ഭാഷയിൽ സംസാരിച്ചുകൊണ്ടു ആ വൃദ്ധൻ കടന്നുപോയതിനുശേഷമാണു കൌണ്ടു ലിയോ ടോൾസ്റ്റോയി ആയിരുന്നു ആഗതൻ എന്നു വിദ്യാലയാധികൃതർക്കു മനസ്സിലായതു്.

ഇങ്ങനെ രസകരമായ അനേകം സംഭവങ്ങൾ ടോൾസ്റ്റോയിയുടെ ജീവിതത്തിൽ കാണാം. ടോൾസ്റ്റോയിയുടെ ആദർശങ്ങൾ എല്ലാവർക്കും മനസ്സിലായിവന്നു. എന്നാൽ ആ തത്വങ്ങളെ പ്രയോഗക്ഷമമാക്കുന്നതിലായിരുന്നു വിഷമം. ടോൾസ്റ്റോയിയെ മനസ്സിലായിരുന്നെങ്കിലും കൌണ്ടസിനുപോലും അദ്ദേഹത്തിന്റെ കാലടികളെ പിന്തുടരുന്നതിനു സാധിച്ചില്ല. ഗ്രാമീണവേഷത്തോടും മററും അവർക്കു വിപ്രതിപത്തിയാണു തോന്നിയതു്. പ്രഭുസ്ഥാനമഹിമയും ലോഭംവെടിയുന്ന യാതൊന്നിലും അവർക്കു ഇഷ്ടമുണ്ടായിരുന്നില്ല. ടോൾസ്റ്റോയി മഹാനായ ഒരു നേതാവാണെന്നും അദ്ദേഹത്തിന്റെ ആഹ്വാനങ്ങൾ അനുസരിച്ചുപോകുന്നതിനു ഒരു സാധാരണക്കാരിയായ അവർക്കു് കെല്പില്ലെന്നും കൌണ്ടസ് അവരുടെ ഡയറി കുറിപ്പുകളിൽ പ്രസ്താവിച്ചു കാണുന്നു.

1885 മുതൽ ടോൾസ്റ്റോയിയിൽ ആത്മചരിത്യാഗത്തിന്റെ ലക്ഷണങ്ങൾ കണ്ടുതുടങ്ങി. ധനത്തിലും പ്രശസ്തിയിലുമുള്ള ആശ അദ്ദേഹം കൈവെടിഞ്ഞു. തന്മൂലം കുടുംബഭരണവും പുസ്തകങ്ങളുടെ പ്രസിദ്ധീകരണവും മററും കൌണ്ടസ് തന്നെ നോക്കേണ്ടിവന്നു.

എന്നാൽ ഉത്തമസാഹിത്യഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണങ്ങൾക്കായി 'Intermediary' എന്ന പേരിൽ ഒരു സംഘം അദ്ദേഹം സ്ഥാപിച്ചു. ഗ്രാമോദ്ധാരണത്തിന് ഉപയുക്തമായ അനേകം ഗ്രന്ഥങ്ങൾ പ്രസ്തുത സ്ഥാപനത്തിൽനിന്നും പ്രസിദ്ധപ്പെടുത്തി. 'Intermediary' പ്രസിദ്ധീകരണങ്ങൾക്കു ഔദ്യോഗികാനുമതി ലഭിച്ചില്ലെങ്കിലും സഹൃദയലോകവും സാമാന്യജനങ്ങളും ഹാർദ്ദമായ സ്വീകരണം നൽകി. മുപ്പതും നാല്പതും ലക്ഷം പ്രതികൾ വീതം ഓരോ കൊല്ലവും പ്രസ്തുത പ്രസിദ്ധീകരണങ്ങൾ വിററു വന്നു. അവയിലധികവും ചെറുകഥാസമാഹാരങ്ങളാണ്. ഗ്രാമീണർക്കുവേണ്ടിയാണ കഥകൾ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. കൃഷീവലന്മാരുടെസമ്മേളനങ്ങളിൽ, എഴുതിയ കഥകൾ ഓരോന്നും അദ്ദേഹം വായിച്ചു കേൾപ്പിക്കും. അവരുടെ നിർദ്ദേശങ്ങൾ അനുസരിച്ചു കഥകൾക്കു അവസാനരൂപം നൽകുന്നു. ഇങ്ങനെ കൃഷീവലന്മാരുടെ അംഗീകാരം ലഭിച്ചതിനുശേഷമാണ് അവ മുദ്രണവിധേയമാക്കുന്നതു്. പണ്ഡിതനേയും പാമരനേയും ഒരുപോലെ രസിപ്പിക്കുവാനുള്ള ശക്തി ആ കഥകൾക്കുണ്ട്.

ഇൻററർമീഡിയറി പ്രസിദ്ധീകരണങ്ങളെ തുടർന്നു പ്രൗഢമായ സാഹിത്യരചനയിലും ടോൾസ്റ്റായിയുടെ തൂലിക വ്യാപരിച്ചു. 'What then must we do' എന്ന ഗ്രന്ഥം ഇപ്പോൾ അദ്ദേഹം എഴുതിതീർന്നു. പ്രകൃതഗ്രന്ഥവും ആത്മകഥാംശങ്ങൾകൊണ്ടു സുന്ദരമാണ്. ജീവിതമദ്ധ്യേ അനുഭവവേദ്യമാകുന്ന പരമാർത്ഥങ്ങളെ ശരിയായി

പ്രതിപാദിക്കുകയും ദോഷത്തിന്റെ ശക്തിയിൽനിന്നു മുക്തി നേടുന്നതിനു മാർഗ്ഗം നിർദ്ദേശിക്കുകയും ചെയ്യുന്നതിനുള്ള ടോൾസ്റ്റായിയുടെ അനന്യസാധാരണമായ പാടവം ഈ ഗ്രന്ഥത്തിൽ നമുക്കു ദർശിക്കുവാൻ കഴിയും. കർക്കശമായ നിയമങ്ങളാൽ ബദ്ധമാകാത്ത സത്യാത്മകവും നിരാഡംബരവുമായ ഒരു ജീവിതമാണു് അഭികാമ്യമായി അദ്ദേഹം വിവക്ഷിക്കുന്നതു്. ദാരിദ്ര്യനിർമ്മാർജ്ജനത്തിനു നിർദ്ദേശിക്കുന്ന പ്രതിവിധി സ്വാശ്രയശീലമാണു്. ഈ നിർദ്ദേശം ഫലപ്രാപ്തിയെ നൽകുമോ എന്നുള്ള സംഗതി, വാദഗ്രസ്തമാണെങ്കിലും മനുഷ്യനെ മനുഷ്യനാക്കുന്നതിൽ അദ്ദേഹത്തിന്റെ പദ്ധതികൾ വിജയിക്കുക തന്നെ ചെയ്തു. ധനം പാപത്തിനു കാരണമാണെന്നും ധനത്തിലുള്ള അതിവാഞ്ഛയാണു ദുഷ്ടതയ്ക്കു നിദാനമെന്നും അദ്ദേഹം സമർത്ഥിക്കുന്നുണ്ടു് സന്താനനിയന്ത്രണം സാമുദായിക ജീവിതത്തിനെ മലീമസമാക്കുന്നുവെന്നും സ്ത്രീകൾ സ്വസന്താനങ്ങളെ തന്നെത്താൻ ശുശ്രൂഷിക്കണമെന്നും ഈ ഗ്രന്ഥത്തിൽ ടോൾസ്റ്റായി ശക്തിയുക്തം പ്രസ്താവിച്ചു കാണുന്നു. ബ്രഹ്മചര്യത്തിന്റെ സിദ്ധികളെപ്പററിയും അദ്ദേഹം ഉപന്യസിക്കുന്നുണ്ടു്. റഷ്യയിൽ വിപ്ലവാത്മകമായ ഒരു പരിവർത്തനം ഉണ്ടാകുമെന്നും അതു് സാമൂഹ്യജീവിതത്തിനു നൂതനരൂപം നൽകുമെന്നും ടോൾസ്റ്റായി പ്രസ്താവിച്ചിട്ടുണ്ടു്. ഈ പ്രവചനം എത്ര കണ്ടു ശരിയായിരുന്നു എന്നു ബോൾഷെവിക് റഷ്യയുടെ വിപ്ലവചരിത്രം സാക്ഷ്യം വഹിക്കുന്നു.

റഷ്യ അക്കാലത്തു് സ്വേച്ഛാധിപതിയായ ചക്രവർത്തിയുടെ കർക്കശമായ അധികാരഭാരത്തിൽ അമർന്നിരുന്നു. ചക്രവർത്തിക്കു ഭരണ കാര്യത്തിൽ ഉപദേശം നൽകിവന്നതു് പ്രഭുക്കന്മാരായിരുന്നു. സാമാന്യജനങ്ങൾക്കു രാജ്യഭരണത്തിൽ ഭാഗഭാഗിത്വം ഉണ്ടായിരുന്നില്ല. ഭീകരമായ ഒരു മർദ്ദനഭരണം നടമാടി. വർത്തമാനപത്രങ്ങൾക്കും പൊതുജനങ്ങൾക്കും അഭിപ്രായ സ്വാതന്ത്ര്യം നിഷേധിച്ചു. രാഷ്ട്രീയമായോ മതപരമായോ യാതൊരു ചർച്ചകളും അനുവദിച്ചിരുന്നില്ല. ഈ പരിതസ്ഥിതിയിലാണു് ടോംസ്റ്റായി മതതത്വങ്ങളേയും മററും നിർഭയമായി ചോദ്യം ചെയ്വാൻ മുതിർന്നതു്. മഹാനായ ആ സാഹിത്യനായകന്റെ മിക്ക കൃതികൾക്കും ഗവണ്മെന്റിൽ നിന്നും പ്രസിദ്ധീകരണാനുമതി നൽകിയിരുന്നില്ല. എന്നാൽ രഹസ്യസങ്കേതങ്ങളിൽ കൂടി പ്രസ്തുത കൃതികളുടെ അനേകലക്ഷം പ്രതികൾ വിററഴിഞ്ഞു. ചില ഗ്രന്ഥങ്ങൾ പാരീസിലും മററു വിദേശസ്ഥലങ്ങളിലും അയച്ചു പ്രസിദ്ധം ചെയ്യേണ്ടിവന്നു. What I believe; The Death of Ivan Ilych, The Power of Darkness, On Life and Death, മുതലായ ഗ്രന്ഥങ്ങൾ ഈ കാലഘട്ടത്തിൽ അദ്ദേഹം രചിച്ചിട്ടുള്ളവയാണു്. ഒരു ജഡ്ജിയുടെ അവസാനഘട്ടങ്ങളും ഭയനീയ മരണവുമാണു്, 'ഇവാൻ ഇലിയച്ചിന്റെ മരണം' എന്ന ഗ്രന്ഥത്തിലെ പ്രതിപാദ്യ വസ്തു. ജീവിതത്തിലെ അർത്ഥശൂന്യതയും വൈരുദ്ധ്യങ്ങളും കുററസമ്മതവും ആ ഗ്രന്ഥത്തിൽ സമഗ്രമായ ചർച്ചയ്ക്കു വിഷയമാക്കി

യിട്ടുണ്ട്. 'അന്നാ കർന്നീന'പോലെ തന്നെ കലാപര
മായ മേന്മ ഈ ഗ്രന്ഥത്തിനുണ്ട്. എന്നാൽ അതിൽ
നിന്നും ഒരുപടികൂടി ഉയർന്ന ഒരു താത്വിക വിചാര
മാണു പ്രകൃതഗ്രന്ഥത്തിൽ പ്രതിഫലിക്കുന്നതു്.
Power of Darkness മനോഹരമായ ഒരു നാടകമാണു്.
ടോൾസ്റ്റായി ചുരുക്കമായെ നാടകങ്ങൾ എഴുതിയിട്ടുള്ളു.
പ്രകൃത നാടകം റഷ്യയിൽ പരസ്യമായി അഭിനയിക്കു
വാൻ അനുവാദം കിട്ടിയില്ല. തന്മൂലം ആദ്യമായി
നാടകാഭിനയം പാരീസിൽ വച്ചാണു നടന്നതു്. പ്രതീ
ക്ഷിച്ചിരുന്നതിലുമധികം സ്വീകരണം അവിടെ ലഭിച്ചു.

ഇതിനകം ടോൾസ്റ്റായിയുടെ കീർത്തി ലോകമെങ്ങും
വ്യാപിച്ചു. അദ്ദേഹത്തിൻെറ ബഹുമാനസൂചകമായി
ടോൾസ്റ്റായികാളനികൾ പല സ്ഥലത്തും ആവിർഭ
വിച്ചു. മഹാനായ ആ ആചാര്യൻെറ തത്വങ്ങൾ പരി
പാലിക്കുന്നതിൽ ഈ കാളനികൾ മിക്കവാറും പരാ
ജയപ്പെടുകയാണു ചെയ്തതു്. ബലത്തിനെതിരായി ബലം
പ്രയോഗിക്കാൻ പാടില്ലെന്നും സ്നേഹംകൊണ്ടു ബല
ത്തിനെ കീഴടക്കണമെന്നുമുള്ള അദ്ദേഹത്തിൻെറ സിദ്ധാ
ന്തം പ്രായോഗികസംഗതികളിൽ വിജയപ്രദമായില്ല.
രാജ്യത്തിൻെറ നാനാഭാഗങ്ങളിലും തുടങ്ങിയ കാളനി
കൾ അല്പായുസ്സുകളായി ഭവിക്കുന്നതിനു കാരണം ഇതാ
യിരുന്നു.

അമേരിക്കയിലും ഇംഗ്ലണ്ടിലും ടോൾസ്റ്റായിയോ
ടുള്ള ബഹുമാനം വർദ്ധിച്ചു. സാഹിത്യസഭകൾ, സർവ്വ
കലാശാലകൾ മുതലായ സ്ഥാപനങ്ങൾ ബഹുമതി സ്ഥാ
നങ്ങളും മുദ്രകളും അദ്ദേഹത്തിനു സമ്മാനിച്ചു തുടങ്ങി.

എന്നാൽ യശസ്സും മററു പ്രശസ്തികളും നിശ്ശേഷം വർജ്ജിച്ചിരുന്ന ആ ത്യാഗിവര്യനെ കീർത്തി മുദ്രകൾക്കു വശീകരിക്കുവാൻ സാധിച്ചില്ല. നിസ്സ്വാർത്ഥമായ ജനസേവനത്തിൽ നിന്നും ലഭിച്ച സംതൃപ്തി മാത്രമേ അദ്ദേഹത്തിന്നു് ആനന്ദം നൽകിയിരുന്നുള്ളു.

നായാട്ട് ടോൾസ്റ്റോയിയുടെ പ്രിയതരമായ വിനോദമായിരുന്നു. എന്നാൽ ഇക്കാലത്തു് അദ്ദേഹം മത്സ്യമാംസാദികൾ നിശ്ശേഷം നിരാകരിച്ചതു കാരണം മൃഗയാവിനോദവും ഉപേക്ഷിച്ചു. അതോടുകൂടി പുകയില, സിഗററു് മുതലായവയും അദ്ദേഹം വർജ്ജിച്ചു. ചിരകാലമായി ഉപയോഗിച്ചിരുന്ന ഈ സാധനങ്ങൾ ഷഷ്ടിപൂർത്തിയോടടുത്ത ആ പ്രഭുവര്യന്നു വേണ്ടെന്നുവയ്ക്കുവാൻ വിഷമമുണ്ടായിരുന്നില്ല. മദ്യവർജ്ജനത്തിനു വേണ്ടിയും അദ്ദേഹം തീവ്രമായി വാദിച്ചുതുടങ്ങി. മരപ്പണി, തുകൽവേല മുതലായ കരകൌശലവേലകളിൽ ടോൾസ്റ്റോയി പ്രഗത്ഭത സമ്പാദിച്ചു. ചെരിപ്പുകൾ അദ്ദേഹം തന്നെ ഉണ്ടാക്കി ഉപയോഗിച്ചുവന്നു. പരാശ്രയംകൂടാതെ ജീവിക്കണമെന്നു അദ്ദേഹം ലോകത്തോടു ഉപദേശിച്ചു. വെറും ഉപദേശം മാത്രം നൽകുകയല്ല അദ്ദേഹം ചെയ്തതു്. അവ പ്രയോഗക്ഷമങ്ങളാണെന്നു പ്രവൃത്തികൊണ്ടു കാണിച്ചുകൊടുക്കുകയും ചെയ്തു.

1888-ൽ ടോൾസ്റ്റോയിക്കു് അറുപതുവയസ്സു തികഞ്ഞു. ഷഷ്ടിപൂർത്തി സാഘോഷം കൊണ്ടാടുന്നതിൽ അദ്ദേഹം വിമുഖനായിരുന്നു. കഥാനായകൻ ഇപ്പോൾ പത്തു കുട്ടികളുടെ പിതാവാണു്. പതിമൂന്നു കുട്ടികൾ

ഉണ്ടായിരുന്നതിൽ മൂന്നു കുട്ടികൾ ശൈശവത്തിൽതന്നെ മരിച്ചുപോയി. കുട്ടികളെ സാധാരണ രീതിയിലാണു ടോൾസ്റ്റായി വളൎത്തിവന്നതു്. വസ്തുവകകളും മററും മൂത്ത മകനും കൌണ്ടെസ്സുംകൂടി പരിപാലിച്ചു. പരോപകാര തല്പരനായ ഭൎത്താവു് ഭൂസ്വത്തു് ആൎക്കെങ്കിലും ദാനം ചെയ്യേക്കുമോ എന്ന ഭയവും കൌണ്ടെസിനുണ്ടായിരുന്നു. തന്നിമിത്തം അവർ ഭൎത്താവിൽനിന്നും ഒരു മുക്ത്യാർ വാങ്ങി ഭരണഭാരമേറെറടുത്തു.

# അദ്ധ്യായം പതിനൊന്നു്

## ക്ഷാമനിവാരണശ്രമങ്ങൾ

ഷഷ്ടിപൂർത്തി കഴിഞ്ഞതിനുശേഷവും ടോൾസ്റ്റോയി സാഹിത്യസേവ തുടൎന്നുവന്നു. നവീനാദർശങ്ങളേയും നൂതനതത്വങ്ങളേയും പ്രഖ്യാപനംചെയ്യുന്ന ചില ഗ്രന്ഥങ്ങളും ഇക്കാലത്തു് അദ്ദേഹം രചിച്ചിട്ടുണ്ടു്. 'The Kreutzer Sonata' ('ദി ക്രൊയിററ്സർ സോണാതം') അവയിൽ പ്രാമുഖ്യം വഹിക്കുന്നു. ടോൾസ്ററായിയുടെ കൃതികളിൽവച്ചു് ഇത്രയും വാദകോലാഹലത്തിനു വിഷയമായ മററു ഗ്രന്ഥങ്ങൾ ഇല്ല. അക്രമരാഹിത്യത്തിന്റെ മാഹാത്മ്യത്തെപ്പററി ഈ ഗ്രന്ഥത്തിൽ അദ്ദേഹം സമഗ്രമായി ചർച്ചചെയ്തിട്ടുണ്ടു്.

ടോൾസ്റ്റോയിയുടെ അക്രമരാഹിത്യസിദ്ധാന്തത്തെപ്പററി അറിഞ്ഞിരിക്കേണ്ടതു ആവശ്യമാണു്. സെർമൺ ആൺ ദി മൌണ്ടു് (Sermon on the Mount) എന്ന ബൈബിൾകഥാഭാഗമാണു ആദ്യമായി ഈ വിഷയത്തിൽ അദ്ദേഹത്തിനു ചോദന നൽകിയതു്. വലതു ചെകിട്ടിൽ അടിക്കുന്നവനു ഇടതു ചെകിടും കാണിച്ചുകൊടുക്കണമെന്നുള്ള സെയിൻറ് മാത്യൂസ് സുവിശേഷത്തിലെ പ്രസ്താവനകൾ ടോൾസ്ററായിയെ ഹഠാദാകർഷിച്ചു. ആ പ്രസ്താവനകളിൽ അക്രമരാഹിത്യസിദ്ധാന്തത്തിന്റെ ബീജം അന്തർഭവിച്ചിരിക്കുന്നുവെന്നു്

അദ്ദേഹം മനസ്സിലാക്കി. ആതിരിയിൽനിന്നും അക്രമരാഹിത്യതത്വമാകുന്ന പന്തം അദ്ദേഹം കത്തിച്ചു.

ടോൾസ്റ്റായിയുടെ വിഭാവനയിൽ അക്രമരാഹിത്യം നൂതനമായ ഒരു രൂപം പ്രാപിച്ചു. ബലപ്രയോഗം മൂലം ആരെയും അഹിതമായ പ്രവൃത്തി ചെയ്യാൻ നിർബ്ബന്ധിക്കുകയോ ഹിതമായ പ്രവൃത്തിയിൽനിന്നും പിൻതിരിപ്പിക്കുകയോ ചെയ്യാൻ പാടില്ലെന്നായിരുന്നു ടോൾസ്റ്റായി വാദിച്ചതു്. ഈ തത്വത്തിന്റെ വിശദമായ പ്രവർത്തനത്തിൽ പോലീസ്, സൈന്യം, നിയമകോടതികൾ മുതലായവ അനാവശ്യങ്ങളും അവഹേളനാപരങ്ങളുമായി തീരുന്നു. മർദ്ദനംകൊണ്ടോ ബലപ്രയോഗംകൊണ്ടോ അഭിപ്രായമോ സമ്മതമോ നേടുന്നതു് തെററാണെന്നും സാമാന്യജീവിതത്തിൽപോലും അക്രമരാഹിത്യസിദ്ധാന്തം പാലിച്ചാൽ അത്ഭുതകരമായ ഫലം ലഭിക്കുമെന്നും ടോൾസ്റ്റായി ഉപദേശിച്ചു. ആത്മീയശക്തി ശരിയായ പന്ഥാവിലേയ്ക്കു നമ്മെ നയിക്കുമ്പോൾ ബലപ്രയോഗം തെററായ വഴിയിലേയ്ക്കു നയിക്കുന്നു എന്നു ടോൾസ്റ്റായി ഉൽഘോഷിച്ചു. പ്രതികാരം മനസ്സിൽനിന്നും നിർമ്മാർജ്ജനം ചെയ്യണമെന്നും അപരനു ദോഷമോ വേദനയോ ജനിപ്പിക്കുന്ന യാതൊന്നും പറയുകയോ പ്രവൃത്തിക്കുകയോ ചെയ്യരുതെന്നും അദ്ദേഹം അനുശാസിച്ചു. സാന്മാർഗ്ഗികവും മാനസികവും കായികവും ആയ ശക്തികളുടെ സമീചീനമായ സംഭരണവും പ്രവർത്തനവുമാണു് അക്രമരാഹിത്യപ്രയോഗത്തിൽ ടോൾസ്റ്റായി ദർശിച്ചതു്; മൃഗങ്ങളിൽ പോലും ബലം

പ്രയോഗിക്കാൻ പാടില്ലെന്ന് അദ്ദേഹം സിദ്ധാന്തിച്ചിരുന്നു.

അക്രമരാഹിത്യ സിദ്ധാന്തം വിജയപ്രദമാക്കുന്നതിൽ വിഷമങ്ങളുണ്ടായിരുന്നു. ഈ തത്വം പ്രയോഗത്തിൽ വരുത്തുന്നതിനും അനുയോജ്യമായ ഒരു സാമൂഹ്യവ്യവസ്ഥിതിയല്ല അന്നുണ്ടായിരുന്നത്. രക്തപങ്കിലമായ റഷ്യയിലെ മണ്ണിൽ ഈ ആദർശം വേരുപിടിക്കുന്നതിനും പ്രയാസമായിരുന്നു. കേവലം യുക്തിയോടും മനസ്സാക്ഷിയോടും മാത്രമുള്ള ഒരാഹ്വാനമാണ് ഈ സിദ്ധാന്തമെന്നിരുന്നാലും വ്യവസ്ഥാപിതഭരണകൂടത്തോടുള്ള ഒരു വെല്ലുവിളിയായി ഇതിനെ അധികാരലോകം വ്യാഖ്യാനിച്ചു.

ലൈംഗികാസക്തിയിലുള്ള അനിയന്ത്രിതമായ അഭിവാഞ്ഛയെയും സന്താനനിയന്ത്രണ ശ്രമങ്ങളെയും 'ദി ക്രോയിറ്റ്സർ സൊണാത' എന്ന ഗ്രന്ഥത്തിൽ ടോൾസ്റ്റായി നിശിതമായി വിമർശിച്ചിട്ടുണ്ട്. പ്രസ്തുത ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണം ആദ്യം നിരോധിച്ചിരുന്നു. എന്നാൽ കയ്യെഴുത്തു പ്രതികൾവഴി ഈ കൃതിക്കു പ്രചുരമായ പ്രചാരം സിദ്ധിച്ചു. പ്രസംഗം, അഭിപ്രായപ്രകടനം, പരസ്യം എന്നീ സകലത്തിലും അതികർക്കശമായ നിരോധനം അന്നു റഷ്യയിൽ ഏർപ്പെടുത്തിയിരുന്നതുകൊണ്ടു മഹാനായ ടോൾസ്റ്റായിയുടെ ഗ്രന്ഥങ്ങളെ നിരോധിച്ചതിൽ അത്ഭുതപ്പെടാനില്ല.

കഥാപുരുഷന്റെ ആദർശങ്ങൾ സാമാന്യജനങ്ങൾക്കും മനസ്സിലായിവന്നു. എന്നാൽ അവ പ്രയോഗക്ഷമമല്ലെന്ന് ഒരു അപവാദം പരന്നു. അക്രമരാഹിത്യസിദ്ധാ

ണ്. മാനവസമുദായത്തിന്റെ ഉത്ഭവകാലത്തോളംതന്നെ പഴക്കമുള്ളതാണെന്നും പല മതാചാര്യന്മാരും അതിന്റെ സിദ്ധികളെപ്പററി പ്രസംഗിച്ചിട്ടുണ്ടെന്നും ടോൾസ്റ്റായി ആയതു് ആവർത്തിച്ചിട്ടേയുള്ളുവെന്നും ഒരഭിപ്രായമുണ്ടു്. ആദർശങ്ങൾ പ്രയോഗത്തിൽ വരുത്തുമ്പോൾ വിഷമങ്ങൾ ഉണ്ടാകുക സ്വാഭാവികമാണു്. എന്നാൽ പ്രയോഗത്തിൽ വരുത്തുന്നതിനുള്ള ശ്രമം തുടരുകയെന്നുള്ളതാണു് ഉത്തമധർമ്മമെന്നു ടോൾസ്റ്റായി പ്രസ്താവിക്കുന്നു. ശ്രമപരിണാമം ആ മഹാത്മാവു നോക്കിയിരുന്നില്ല; സത്യത്തോടും വിശ്വാസത്തോടുംകൂടി ആത്മാർത്ഥമായി ആദർശങ്ങളെ പ്രയോഗത്തിൽ കൊണ്ടുവരുന്നതിനായിരുന്നു അദ്ദേഹം യത്നിച്ചതു്.

ടോൾസ്റ്റായിയുടെ സ്വഭാവത്തിൽ പ്രകടമായ മാററങ്ങൾ സംഭവിച്ചു. പ്രഭുസ്ഥാനഗൗരവം നിശ്ശേഷം അദ്ദേഹം പരിത്യജിച്ചുകഴിഞ്ഞു. ആരോടു സംസാരിക്കുമ്പോഴും തുല്യനിലയിൽ മാത്രമേ അദ്ദേഹം വർത്തിച്ചിരുന്നുള്ളു. വാദപ്രതിവാദങ്ങൾ തീവ്രതരമായാലും അദ്ദേഹം സമചിത്തത വെടിഞ്ഞിരുന്നില്ല. ഹൃദയത്തിന്റെ അടിത്തട്ടുകളിൽനിന്നും അദ്ദേഹത്തിന്റെ വാക്കുകൾ പ്രവഹിച്ചിരുന്നു. ഭാവനയുടെ പരമകോടിയിലുള്ള ഉല്ലേഖങ്ങൾ ആ സാഹിത്യാചാര്യന്റെ കൃതികളിൽ കാണാം. ആത്മീയചിന്തയുടെ സമഞ്ജസമായ തിരതള്ളൽ അദ്ദേഹത്തിന്റെ ഓരോ വാക്കിലും സ്പഷ്ടമായി തെളിയുന്നു. ആയുഷ്കാലമദ്ധ്യാഹ്നം കഴിഞ്ഞപ്പോൾ ആന്തരികമായി ഒരു സംഘട്ടനം അദ്ദേഹത്തിന്റെ

മനോമണ്ഡലത്തിൽ നടക്കുന്നതായി അക്കാലത്തെ സാഹിത്യകൃതികളുമായി പരിചയപ്പെടുന്നവർക്ക് അനുഭവപ്പെടും. പൂർണ്ണതയിലേയ്ക്കു കയറുവാനുള്ള ശ്രമത്തിൽ അവിചാരിതമായി വിഘ്നങ്ങൾ വന്നു ചേരുന്നതായി അദ്ദേഹം കണ്ടു. ആ വിഘ്നങ്ങളെ തകർക്കുന്നതിനുള്ള ശ്രമമായിരുന്നു അദ്ദേഹത്തിന്റെ തൂലിക ചെയ്തതു്. ആ തൂലികയുടെ പ്രവർത്തനം സഹൃദയലോകത്തിനുവേണ്ടി മാത്രമായിരുന്നില്ല. കളങ്കപങ്കിലമാകാത്ത കൃഷീവലഹൃദയത്തിനാണു് അതു കുളിർമ്മ നൽകിയതു്.

ജീവിതരീതി ലളിതതരമായതോടുകൂടി ധനത്തിലുള്ള വാഞ്ഛയും ആ പ്രഭുമുഖ്യൻ ഉപേക്ഷിച്ചു. ധനത്തിന്മേലുള്ള ഉടമസ്ഥാവകാശം പാപത്തിനു കാരണമാണെന്നു് അദ്ദേഹത്തിനു തോന്നി. ഈ അഭിപ്രായം നാൾക്കുനാൾ ദൃഢമായിത്തീർന്നു. പ്രശസ്തങ്ങളായ അനേകം ഗ്രന്ഥതല്ലജങ്ങൾ അദ്ദേഹത്തിന്റെ കീർത്തിയെ ഉച്ചകോടിയിലെത്തിച്ചിരുന്നു. അവയുടെ പകർപ്പവകാശം അദ്ദേഹത്തിലിരുന്നതുകൊണ്ടു ധനാഗമം വർദ്ധിച്ചുതുടങ്ങി. ധനം ഉപേക്ഷിക്കണമെന്നുള്ള ആദർശം പ്രവൃത്തിരൂപത്തിൽ വരുത്തുന്നതിനുതന്നെ അദ്ദേഹം ഇപ്പോൾ മുതിർന്നു. 1891-ൽ ഈ വസ്തുത അദ്ദേഹം പരസ്യമായി പ്രഖ്യാപിച്ചു. 1881 വരെ എഴുതിയിട്ടുള്ള സകല ഗ്രന്ഥങ്ങളുടെയും പകർപ്പവകാശം ഉപേക്ഷിച്ചിരിക്കുന്നു എന്നായിരുന്നു ആ പ്രഖ്യാപനം. ഇതു ഗൃഹസദസ്സിൽ വലിയ കോളിളക്കത്തിനു കാരണമാക്കി. ടോൾസ്റ്റോയി കൃതികൾ അതുവരെ പ്രസാധനം ചെയ്തിരുന്നതു കൌണ്ടസ്സായി

ങ്കന്നു. പകർപ്പവകാശം പൊതുജനങ്ങൾക്കായി സമർപ്പിച്ചുകൊണ്ടുള്ള പ്രഖ്യാപനം കൌണ്ടസ്സിനെ ക്ഷോഭിപ്പിച്ചു. എന്നാൽ മഹാനായ ആ സാഹിത്യനായകന്റെ അഭിമതം അവർ അംഗീകരിക്കേണ്ടിവന്നു. ഈ അവകാശദാനം ദുരുപയോഗപ്പെടുകയാണുണ്ടായതു്. ശരിയായ പ്രസിദ്ധീകരണങ്ങൾക്കു മുതിരാതെ വെറും ലാഭേച്ഛമാത്രം ആസ്പദമാക്കി അബദ്ധജഡിലമായ പതിപ്പുകൾ പുസ്തകശാലക്കാർ അടിച്ചുവിട്ടു.

പകർപ്പവകാശനിരാസം കൌണ്ടസ്സിനു മനോവേദന ഉണ്ടാക്കി. അവർ ഭർത്താവിന്റെ ആദർശശുദ്ധിയെ അപലപിക്കുവാൻ തുടങ്ങി. വിസ്തൃതമായ ഭൂസ്വത്തും ഈ വിധത്തിൽ ഉപേക്ഷിക്കുമെന്നു് അവർ ശങ്കിച്ചു. ഇതിനു് അവർ ഒരുപായം കണ്ടു. പറമ്പുകളും മററു വസ്തുക്കളും അവർ ആളോഹരിയായി ഭാഗിച്ചു. കൌണ്ടസിന്റെയും കുട്ടികളുടേയും ഉപജീവനമാർഗ്ഗം ഭദ്രമാക്കുന്നതിനുവേണ്ടി അവർ തമ്മിൽ ചെയ്ത തീരുമാനമെന്നല്ലാതെ ഭാഗവ്യവസ്ഥയിൽ ടോൾസ്റ്റായിക്കു ഭാഗഭാഗിത്വം ഉണ്ടായിരുന്നില്ല. പകർപ്പവകാശം നിരാകരിച്ചതുപോലെ വസ്തുവകകളും ഉപേക്ഷിക്കുന്നപക്ഷം ഗവണ്മെന്റിൽ അപ്പീൽകൊടുത്തു് ആയാളു് അസ്ഥിരപ്പെടുത്തുന്നതിനുപോലും കൌണ്ടസ് ആലോചിച്ചുറച്ചിരുന്നു. എന്നാൽ അതിലേയ്ക്കു സംഗതിവന്നില്ല.

ഏതാണ്ടു ഈ സമയം റഷ്യയിൽ അഭൂതപൂർവ്വമായ ഒരു ക്ഷാമബാധയുണ്ടായി. ഭയങ്കരമായ ഈ ക്ഷാമത്തെ നിവാരണംചെയ്യുന്നതിനു ഗവണ്മെന്റ് യാതൊരു

നടപടികളും കൈയ്ക്കൊണ്ടില്ല. മാത്രമല്ല, പൊതുജന സംഘടിതമായ ക്ഷാമനിവാരണ ശ്രമങ്ങളെ സർവ്വ ശക്തിയും പ്രയോഗിച്ചു ഗവണ്മെൻറു നിരോധിക്കുക കൂടി ചെയ്തു. ക്ഷാമത്തിൻെറ വൈപുല്യത്തെ കുറയ്ക്കുന്നതിനു വേണ്ട ദുഷ്പ്രചരണങ്ങൾ പോലും ഗവണ്മെൻറു സ്വീകരിച്ചു. എന്നാൽ ധീരനായ ടോൾസ്റ്റോയി അലസമായിരുന്നില്ല. അദ്ദേഹം നാടൊട്ടുക്ക സഞ്ചരിച്ചു ക്ഷാമനിവാരണസംഘങ്ങൾ സംഘടിപ്പിച്ചു. ഈ സംരംഭത്തിൽ ഭരണകൂടത്തിൻെറയും മതസഭയുടേയും നിശിതമായ എതിർപ്പ് അദ്ദേഹത്തിനു നേരിടേണ്ടിവന്നു. ക്ഷാമനിവാരണശ്രമങ്ങൾ ക്രൈസ്തവേതരമാണെന്നു മതസഭ ഭത്സിച്ചു. എന്നാൽ സംഘടിതമായ ഈ എതിർപ്പ് ടോൾസ്റ്റോയിയെ പ്രവൃത്തോന്മേഷനാക്കിത്തീർത്തു.

ക്ഷാമബാധിതപ്രദേശങ്ങളിൽ ആഹാരവിതരണ സംഘങ്ങൾ സ്ഥാപിക്കുന്നതിലാണു് ടോൾസ്റ്റോയിയുടെ ശ്രദ്ധ ആദ്യമായി പതിഞ്ഞതു്. ആ മഹാത്മാവിന്റെ നിർദ്ദേശമനുസരിച്ചു ടോൾസ്റ്റോയികുടുംബത്തിലെ എല്ലാ അംഗങ്ങളും വിവിധകേന്ദ്രങ്ങളിൽ പ്രവർത്തനമാരംഭിച്ചു. കൌണ്ടസ് മാത്രം മാസ്ക്കോയിൽ താമസിച്ചു ഔഷധങ്ങൾ വസ്ത്രങ്ങൾ മുതലായവ ഒരു കേന്ദ്രവിതരണശാലയിൽ നിന്നെന്നപോലെ പല ശാഖകളിലേക്കും അയച്ചുകൊണ്ടിരുന്നു. പ്രഭുവാകട്ടെ ഓരോ സ്ഥലത്തും കാൽനടയായി സഞ്ചരിച്ചു ആവശ്യാനുസരണം വേണ്ട സേവനങ്ങൾ അനുഷ്ഠിക്കുന്നതിൽ ബദ്ധപരികരനായി വർത്തിച്ചു. അദ്ദേഹത്തിൻെറ ദീനാനുകമ്പയും പൊതുക്ഷേമതല്പരതയും സാർവ്വത്രികമായ അഭിനന്ദനം സമ്പാദിച്ചു.

ടോൾസ്റ്റായിയുടെ മേൽനോട്ടത്തിൽ നാന്നൂറോളം ആഹാരവിതരണസംഘങ്ങൾ പ്രവർത്തനം നടത്തിവന്നു. പതിനയ്യായിരത്തിൽപരം ആളുകൾക്കു പ്രസ്തുത സംഘങ്ങളിൽനിന്നും ദൈനംദിനം ആഹാരം നൽകി. ഭക്ഷ്യസാധനങ്ങൾക്കു പുറമെ വിത്തു വർഗ്ഗങ്ങൾ, ഔഷധങ്ങൾ, വസ്ത്രങ്ങൾ, പുസ്തകങ്ങൾ തുടങ്ങി നിത്യാവശ്യമുള്ള പല സാധനങ്ങളും പ്രസ്തുത സംരക്ഷണശാലകൾ വിതരണം ചെയ്തുവന്നു. ഇതിനിടെ ക്ഷാമത്തെപ്പററി അനേകം ലേഖനങ്ങൾ ടോൾസ്റ്റായി എഴുതി ഇംഗ്ലണ്ടിലേയും അമേരിക്കയിലേയും പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തി. അതോടുകൂടി ക്ഷാമനിവാരണ ഫണ്ടിലേയ്ക്കു ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും ഉദാരമായ സംഭാവനകൾ റഷ്യയിലേക്കു പ്രവഹിച്ചുതുടങ്ങി. ലോകം മുഴുവനും ടോൾസ്റ്റായിയുടെ ജനസേവനത്തിൽ ആഹ്ലാദിച്ചു; ആ വന്ദ്യപുരുഷനെ ആരാധിക്കുകകൂടി ചെയ്തു.

സേവനതല്പരനായ ടോൾസ്റ്റായി ക്ഷാമനിവാരണ ശ്രമങ്ങളിൽ ബദ്ധകങ്കണനായി പുറപ്പെട്ടപ്പോൾ യാഥാസ്ഥിതിക കേന്ദ്രമായ മതസഭയുടെ അമർഷം വർദ്ധിച്ചു. പതിതജനാരാദ്ധ്യനായ ടോൾസ്റ്റായിയെ മുട്ടുകുത്തിക്കുന്നതിനു മതസഭ തക്കവും തരവുംനോക്കി. അതിനു ഒരു സന്ദർഭവും ലഭിച്ചു. ക്ഷാമബാധയുടെ നാനാവശങ്ങളേയും ചിത്രീകരിച്ചു ടോൾസ്റ്റായി ഒരു ലേഖനമെഴുതി. എന്നാൽ ആ ലേഖനം പൂർണ്ണമായി പ്രസിദ്ധീകരിക്കാൻ ഗവൺമെന്റ് അനുമതി നൽകിയില്ല. തന്നിമിത്തം ആ ലേഖനത്തിന്റെ ഒരു പരിഭാഷ ഇംഗ്ലണ്ടിൽ പ്രസിദ്ധം ചെയ്തു. പ്രസ്തുത പരിഭാഷയെ

മാസ്കോ ഗസററ് റഷ്യൻ ഭാഷയിലേയ്ക്കു വിവർത്തനം ചെയ്തു. ഈ സംഗതി അധികാരലോകത്തെ രോഷാകലമാക്കി. ടോൾസ്റ്റായിയെ അറസ്ററുചെയ്തു എന്നും മററുമുള്ള വാർത്തകളും ശീഘ്രത്തിൽ പ്രചരിച്ചു തുടങ്ങി. തുടർന്നു ആ വന്ദ്യപുരുഷനെ ബന്ധനസ്ഥനാക്കുന്നതിനു വേണ്ട രേഖകൾ ആഭ്യന്തരമന്ത്രി ചക്രവർത്തി സമക്ഷം സമർപ്പിച്ചു. എന്നാൽ ആ മഹാത്മാവിനെ ജയിലിലടച്ചു ലോകത്തിൻെറ ശത്രുത സമ്പാദിക്കുന്നതിൽ ചക്രവർത്തി എന്തുകൊണ്ടോ വിസമ്മതം പ്രകടിപ്പിച്ചു. ടോൾസ്റ്റായിക്കു തന്നിമിത്തം ബന്ധനം വരിക്കേണ്ടിവന്നില്ല. എന്നാൽ മതസഭയുടേയും ഭരണകൂടത്തിൻേറയും ശക്തമായ വിരോധം ടോൾസ്റ്റായിയുടെ മേൽ പതിഞ്ഞു.

ക്ഷാമനിവാരണ ശ്രമങ്ങൾക്കിടയിൽ 'Kingdom of God is within you' എന്ന ഒരു ഗ്രന്ഥം ടോൾസ്ററായി എഴുതിത്തീർത്തു. ഗവണ്മെൻറിൻെറ നിരർത്ഥകതയേയും ശൂന്യതയെയും പ്രകൃതഗ്രന്ഥത്തിൽ അദ്ദേഹം സ്പഷ്ടമായി പ്രകടിപ്പിക്കുന്നുണ്ടു്.

ക്ഷാമനിവാരണശ്രമങ്ങൾമൂലവും, സാഹിത്യകൃതികൾ മൂലവും റഷ്യാക്കാരിൽ ഏററവും സ്വാധീനശക്തിയുള്ള മഹാനായി ടോൾസ്റ്റായി ഉയർന്നു. മതസഭയുടേയും ഗവണ്മെൻറിൻെറയും സംഘടിതമായ എതിർപ്പിനു പോലും ആ മഹാപുരുഷൻെറ മഹത്വത്തിനെ ലഘൂകരിക്കുവാൻ സാധിച്ചില്ല. മർദ്ദിതലക്ഷങ്ങളുടെ രക്ഷിതാവായി അദ്ദേഹം പ്രശോഭിച്ചു. ആ മഹാത്മാവിൻെറ വാക്കുകളിലും പ്രവൃത്തികളിലും അമാനുഷികമായ ഒരു ശക്തിവിശേഷം സാമാന്യലോകം ദർശിച്ചു.

# അദ്ധ്യായം പന്ത്രണ്ട്

## ബഹിഷ്ക്കരണം

ക്ഷാമബാധയുടെ കരാളമായ താണ്ഡവം അവസാനിച്ചപ്പോൾ റഷ്യ വീണ്ടും കമലയുടെ കേളീരംഗമായി പരിണമിച്ചു. സാർ ചക്രവൎത്തിയുടെ ഭരണാരോഹണത്തിന്റെ ദശവാർഷികാഘോഷം ആഡംബരപൂർവ്വം നടത്തുന്നതിനുള്ള ശ്രമങ്ങൾ മാസ്ക്കോയിൽ നടന്നു. അന്നു പൊതുജനപ്രതിനിധികൾ ചക്രവൎത്തിക്കു സമർപ്പിച്ച ആശംസാപത്രത്തിൽ ഭരണകാൎയ്യങ്ങളിൽ ജനകീയാഭിപ്രായംകൂടി ആദരിക്കണമെന്നും പൊതുജനനേതാക്കന്മാൎക്കു കൂടി ഭാഗഭാഗിത്വം നൽകണമെന്നും ആവശ്യപ്പെട്ടിരുന്നു. എന്നാൽ ചക്രവൎത്തി പ്രസ്തുതാഭ്യൎത്ഥനയ്ക്കു നിഷേധരൂപത്തിൽ മറുപടി നൽകി. ഇതിൽ തീവ്രവാദികളായ ജനനേതാക്കന്മാർ ക്ഷോഭിച്ചു. അവർ രഹസ്യമായി സമ്മേളിച്ചു പൊതുജനാഭിലാഷങ്ങൾക്കു അംഗീകാരമുണ്ടാക്കുന്നതിനു വേണ്ട നയോപായങ്ങൾ ആലോചിച്ചു. ഈ ആലോചനായോഗത്തിൽ ടോൾസ്റ്റോയിയേയും ക്ഷണിച്ചിരുന്നു. സംഘടിതമായ ഇത്തരം പ്രസ്ഥാനങ്ങളോടു ടോൾസ്റ്റോയിക്കു അനുഭാവമുണ്ടായിരുന്നില്ല. എന്നാൽ ദുരധികാര പ്രമത്തമായ ഭരണകൂടത്തെ അദ്ദേഹം കഠിനമായി ഭത്സിച്ചു.

ഇതിനിടെ ടോൾസ്റ്റോയി കുടുംബത്തിനു ഒരത്യാഹിതം സംഭവിച്ചു. 'ഇവാൻ' എന്ന ഇളയകുട്ടി പെട്ടെന്നു

പരമമടഞ്ഞു; പൈതൃകമായി ഉൽകൃഷ്ട ഗുണങ്ങൾ അശിഷ്ട കരസ്ഥമാക്കിയിരുന്നു. ഈ അത്യാഹിതം കൌണ്ടസിനെയും ടോൾസ്റ്റോയിയെയും ഒരുപോലെ വ്യാകുലപ്പെടുത്തി. മാനസിക ശാന്തിക്കുവേണ്ടി മാസ്കോവിട്ടു വിദേശസഞ്ചാരം ചെയ്യുവാൻ കൌണ്ടസ് ഭർത്താവിനെ പ്രേരിപ്പിച്ചു. എന്നാൽ വിദേശസഞ്ചാരം കഴിഞ്ഞു റഷ്യയിൽ തിരിച്ചു വരുമ്പോൾ പ്രവേശനം നിരോധിക്കുമെന്നു് രഹസ്യമായി അവർക്കു അറിവുകിട്ടി. തന്നിമിത്താ ആ പരിപാടി അവർ ഉപേക്ഷിച്ചു. ഗ്രാമവസതിയിലേയ്ക്കുതന്നെ താമസം മാററി.

ഡൌക്കൊബാഴ്സ് (Doukhobors) എന്ന ഒരു തരം മതസംഘക്കാർ അന്നു റഷ്യയിലുണ്ടായിരുന്നു. ക്രിസ്തുമതതത്വങ്ങളെ യാതൊരു മാററവും കൂടാതെ പരിപാലിക്കണമെന്നുള്ളതാണു് അവരുടെ ആദർശം. യഥാസ്ഥിതിക മതസഭയും ഗവണ്മെൻറും ഇവർക്കു എതിരായി തീൻ. തന്മൂലം ഡൌക്കൊബാഴ്സ് സംഘവും ഗവണ്മെൻറും തമ്മിൽ സംഘട്ടനങ്ങൾ ഉണ്ടായി. അവരുടെ നേതാവു് തടങ്കലിലായി. അനേകം പേരെ നിർദ്ദയം മർദ്ദിച്ചു. എന്നാൽ ടോൾസ്റ്റോയിമാത്രം അവരോടു അനുഭാവം പ്രകടിപ്പിച്ചു. ആ മഹാനുഭാവന്റെ ശ്രമങ്ങൾ മൂലം ഡൌക്കൊബാഴ്സ് സംഘത്തിലെ പലരും രക്ഷപ്പെട്ടു. ഉദാരമായ സംഭാവനകൾ അവർക്കു ലഭിച്ചു. ഡൌക്കൊബാഴ്സിനോടുള്ള ഈ അനുഭാവപ്രകടനം മതസഭയെ വീണ്ടും രോഷാകുലമാക്കി. അടുത്തുതന്നെ സമ്മേളിച്ച അഖില റഷ്യൻ മിഷനറി കാൺഗ്രസ്സ് ടോൾസ്റ്റോയി തത്വങ്ങൾ ദോഷകരവും ദുരുപദിഷ്ടപൂർ

ണെന്നു പ്രഖ്യാപിച്ചു. തുടൎന്നു ടോൾസ്റ്റോയിയെ വധി ക്കുന്നതാണെന്നുള്ള കിംവദന്തികളും പരന്നു. എന്നാൽ ആ ധീരപുരുഷൻ ഈ ഭീഷണികളെ തൃണവൽഗണിച്ചു തേയുള്ളൂ.

സാഹിത്യശ്രമങ്ങൾ ഇപ്പോഴും കഥാപുരുഷൻ പരിത്യജിച്ചിരുന്നില്ല. മനോഹരങ്ങളായ ചില ചെറു കഥകളും Master and Man, Three Parables, Sham എന്നീ കൃതികളും അദ്ദേഹം ഈ കാലഘട്ടത്തിൽ രചി ച്ചിട്ടുണ്ടു്. റഷ്യയിൽ ക്രിസ്ത്യാനികളുടെ മേലുള്ള മർ ദ്ദനം' എന്ന പേരിൽ ഒരു ലേഖന പരമ്പരയും അദ്ദേഹം പ്രസിദ്ധപ്പെടുത്തി. 1899_ൽ What is Art, Resurrection എന്നീ ഗ്രന്ഥങ്ങൾ എഴുതി തീൎന്നു. Resurrection (ഉയിൎത്തെഴുന്നേല്പു)നു ആദ്യം പ്രചാരം സിദ്ധിച്ചതു് പാശ്ചാത്യരാജ്യങ്ങളിലായിരുന്നു. ഡൌക്കബൊഴ്സ് സംഘത്തെ സഹായിക്കുന്നതിനുവേണ്ടിയാണു പ്രകൃത ഗ്രന്ഥം നിബന്ധനം ചെയ്തിട്ടുള്ളതു്. നിരപരാധിക ളായ സ്ത്രീകളുടെ ചാരിത്രധ്വംസനവും നിയമങ്ങളുടെ നിരൎത്ഥകതയും ടോൾസ്റ്റോയി കലാബോധത്തോടും ഹൃദ യാവൎജ്ജകമായും പ്രതിപാദിച്ചിട്ടുണ്ടു്.

'What is Art' (കല എന്താണു്), എന്ന ഗ്രന്ഥ ത്തിൽ കലാബോധത്തിന്റെ ക്രമാനുഗതമായ വളർച്ച യേയും കലയുടെ വ്യാപ്തിയേയും പററി സ്വതസിദ്ധമായ രീതിയിൽ ടോൾസ്റ്റോയി നിരൂപണം ചെയ്തു കാണുന്നു. ശോകാന്തങ്ങളായ ഗ്രീക്കുനാടകങ്ങൾ, ഷേക്സ്പിയർ നാട കങ്ങൾ മുതലായി കലാസുന്ദരങ്ങളായ അനേകം ഗ്രന്ഥ

ങ്ങളെ ഇതിൽ അദ്ദേഹം വിമർശിച്ചിട്ടുണ്ടു്. ഷേക്സ്പീയർ നാടകങ്ങളോടു പൊതുവെ ഒരവജ്ഞയാണു് അദ്ദേഹം പ്രദർശിപ്പിക്കുന്നതു്. കലാകാരന്റെ അനുഭവവിശേഷങ്ങളെ അന്യനെക്കൂടി അനുഭവപ്പെടുത്തികൊടുക്കാൻ ഉദ്ദേശിച്ചിട്ടുള്ള ഒരു പ്രവർത്തനമാണു കല എന്നാണു് ടോൾസ്റ്റായി നിർവ്വചനം ചെയ്തിരിക്കുന്നതു്. അന്യനിൽ പകരുന്ന അനുഭവബോധം സത്യാത്മകവും പൂർണ്ണവുമായിരിക്കണമെന്നും അദ്ദേഹം വിവക്ഷിക്കുന്നു. ഭിന്നതലമുറകളേയും വിഭിന്നരാജ്യക്കാരേയും സംഘടിപ്പിക്കുന്ന മനോരഞ്ജകമായ ഒരു ശൃംഖലയാണു കല എന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു. സാർവ്വലൌകികമായ ഒരു ഏകീകരണം കല നൽകുന്നുണ്ടെന്നും അദ്ദേഹം ഉപന്യസിക്കുന്നുണ്ടു്. ഉത്തമകല സാമൂഹ്യവ്യവസ്ഥിതിക്കനുയോജ്യമായ മത തത്വങ്ങളുടേയും ആചാരപദ്ധതികളുടേയും നിദർശനമായിരിക്കണമെന്നും ടോൾസ്റ്റായി നിർദ്ദേശിക്കുന്നു. ടോൾസ്റ്റായിയുടെ വിഭാവനയിൽ കല കേവലം കൃത്രിമവ്യാപാരവസ്തുവല്ല; നൈസർഗ്ഗികമായി അങ്കുരിക്കേണ്ട ഒന്നാണു്. യഥാർത്ഥ കല സൌന്ദര്യത്തിൽനിന്നും സുഖപൂർണ്ണതയിൽനിന്നും മാത്രമേ ഉത്ഭവിക്കുന്നുള്ളു എന്നും അദ്ദേഹം പ്രസ്താവിക്കുന്നുണ്ടു്. കലാനിർവ്വചനം സമാദരണീയമാണെങ്കിലും പ്രകൃതഗ്രന്ഥത്തിലെ നിരൂപണവിഷയങ്ങൾ വാദഗ്രസ്തമാണു്.

മർദ്ദനം ഒരു കാലത്തും വിജയത്തിലെത്തിയിട്ടില്ല. എന്നാൽ റഷ്യാചക്രവർത്തി മർദ്ദനംകൊണ്ടുതന്നെ പൊതുജനാഭിപ്രായങ്ങളെ തകർക്കുവാൻ വട്ടംകൂട്ടി. നിർദ്ദയമായ മർദ്ദനം ജനകീയ നേതാക്കന്മാരെ ഉലക്കിവിട്ടു.

നാട്ടിന്റെ നാനാഭാഗങ്ങളിലും യോഗങ്ങൾകൂടി ചക്രവർത്തിയേയും ഭരണകൂടത്തേയും എതിർത്തു. തന്നിമിത്തം ജനനേതാക്കന്മാരിൽ പലരും ജയിലഴികൾക്കുള്ളിലായി. ഭീകരമായ ഈ ഭരണപരിപാടി ടോൾസ്റ്റോയിയെ ത്രസിപ്പിച്ചു. അദ്ദേഹം ജനമർദ്ദനത്തെ കഠിനമായി പ്രതിഷേധിച്ചു ചക്രവർത്തിക്കു് ഒരു തുറന്ന കത്തെഴുതി. ജനകീയകക്ഷിക്കു് ടോൾസ്റ്റോയിയുടെ നിർല്ലോഭമായ സഹായമുണ്ടെന്നുള്ള പരമാർത്ഥം ഔദ്യോഗിക മണ്ഡലത്തെ കോപവിഹ്വലമാക്കി. മതസഭയ്ക്കുള്ള വൈരാഗ്യം പ്രകടിപ്പിക്കുവാൻ തക്ക സന്ദർഭവും ലഭിച്ചു. വ്യവസ്ഥാപിത മതവിശ്വാസങ്ങൾക്കും വൈദികസഭയ്ക്കും വിരുദ്ധമായി ക്രൈസ്തവമതതത്വങ്ങളെ ധ്വംസിക്കുകയും അവിശ്വാസം പ്രചരിപ്പിക്കുകയും ചെയ്തുവെന്നു് മതസഭ അദ്ദേഹത്തിൽ കുററാരോപണം ചെയ്തു. ഒടുവിൽ ടോൾസ്റ്റോയിയെ മതത്തിൽനിന്നും ബഹിഷ്കരിക്കണമെന്നു് യാഥാസ്ഥിതിക മതസഭ വിധികല്പിച്ചു. 1901 ഫെബ്രുവരിമാസം 22-ാനു- ചരിത്രപ്രസിദ്ധമായ ആ മതവിളംബരം പ്രഖ്യാപനം ചെയ്തു.

മതസഭയ്ക്കു് ടോൾസ്റ്റോയി അയച്ച മറുപടി മഹത്തും ശ്രദ്ധേയവുമായിരുന്നു. തന്റെ വിശ്വാസത്തേയും ആദർശത്തേയും വിശദീകരിച്ചിട്ടു് അദ്ദേഹം ഇപ്രകാരം ആ ദീർഘലേഖനം ഉപസംഹരിക്കുന്നു. "എന്റെ വിശ്വാസങ്ങളും ആദർശങ്ങളും ആർക്കെല്ലാം രസക്കേടുണ്ടാക്കിയാലും ലേശം മാറാൻ നിവൃത്തിയില്ലാത്തതുപോലെ ആദർശങ്ങൾ മാറാനും എനിക്കു യാതൊരു നിർവ്വാഹവുമില്ല. എന്റെ ആദർശങ്ങൾ അനുസരിച്ചു ഞാൻ

ജീവിക്കും; അതനുസരിച്ചു ഞാൻ മരിക്കും. ദൈവസന്നിധിയിൽ എത്തിച്ചേരുന്നതിനു എന്റെ മാൎഗ്ഗങ്ങൾതന്നെ ഞാൻ സ്വീകരിക്കും. എന്റെ തത്വങ്ങൾ എക്കാലത്തെയ്ക്കും പ്രമാണമായിത്തീരുമെന്നു് എനിക്കു വിശ്വാസമില്ല. എന്നാൽ യുക്തിക്കും മനസ്സാക്ഷിക്കും ഇതിൽ കവിഞ്ഞ ഒരു മാൎഗ്ഗം സ്വീകാരയോഗ്യമായി കാണുന്നില്ല. ദൈവം സത്യസ്വരൂപനാണു്. സത്യമാണു് അവിടെ ആവശ്യം." മതസഭയ്ക്കുള്ള പ്രസ്തുത ലേഖനത്തെ തുടൎന്നു കിരാതഭരണത്തെ അധിക്ഷേപിച്ചും പൊതുജനാവശ്യങ്ങളെ ശക്തിയുക്തം വ്യക്തപ്പെടുത്തിയും ഒരു ദീൎഘമായ കത്തു് മന്ത്രിസഭയ്ക്കും ചക്രവൎത്തിക്കും ടോൾസ്റ്റായി അയച്ചു. ജനകീയാഭിലാഷങ്ങളെ തൃപ്തിപ്പെടുത്തിയില്ലെങ്കിൽ സ്ഥാനഭ്രംശം നേരിടുന്നതാണെന്നും അദ്ദേഹം ചക്രവൎത്തിക്കു താക്കീതു നൽകി.

മതസഭയിൽനിന്നുമുണ്ടായ വിധി തല്പരകക്ഷികളെ ഇളക്കിവിട്ടു. ടോൾസ്റ്റായികൃതികളെ കൂടി ചിലർ ബഹിഷ്കരിക്കാൻ തുടങ്ങി. ഗ്രന്ഥശാലകളിൽനിന്നും അദ്ദേഹത്തിന്റെ കൃതികൾ നീക്കം ചെയ്തു. ടോൾസ്റ്റായിയുടെ ചിത്രങ്ങളോ പ്രസിദ്ധീകരണങ്ങളോ പത്രങ്ങളിൽ ചേൎക്കുന്നതിനു ഗവണ്മെന്റ് അനുമതി നിഷേധിച്ചു. പോസ്റ്റിൽ വന്നിരുന്ന എഴുത്തുകൾപോലും അദ്ദേഹത്തിനു നൽകിയില്ല. ഇങ്ങനെ സകല വിധത്തിലും ഗവണ്മെന്റു് ആ മഹാനെ ഉപദ്രവിച്ചുതുടങ്ങി. എന്നാൽ ഈ ബഹിഷ്കരണശ്രമങ്ങൾക്കു സ്വാഭാവികമായി ഒരു പ്രത്യാഘാതമുണ്ടായിരുന്നു. ആ സാഹിത്യനായകനു് അതുവരെയുണ്ടായിരുന്ന പൊതുജനസമ്മതം

ഇപ്പോഠം ശത്രുങ്ങണീഭവിച്ചു. മഹാനായ രാഷ്ട്രീയനേതാവായി അദ്ദേഹം ഉയൎന്നു. ആരാധകരെക്കൊണ്ടു ടോൾസ്റ്റായിഭവനം നിറഞ്ഞു. വിദ്യാൎത്ഥികൾ ഉത്സാഹഭരിതരായി ടോൾസ്റ്റായിയെ ആൎത്തുവിളിച്ചു. മതസഭയുടെ വിധിയിൽ അക്ഷോഭ്യനായി ഒരു വ്യക്തി റഷ്യയിൽ അന്നുണ്ടായിരുന്നുവെങ്കിൽ അതു ടോൾസ്റ്റായി മാത്രമായിരുന്നു. ആ മഹാപുരുഷനെ അമൎഷമോ അപകൎഷബോധമോ ബാധിച്ചില്ല.

ടോഠംസ്റ്റായി സിദ്ധാന്തത്തെപ്പററിയുള്ള തെററിദ്ധാരണയാണു് ആ സാഹിത്യനായകൻെറ ബഹിഷ്കരണത്തിൽ അവസാനിച്ചതു്. ബഹുപരമ്പരാഗതമായ വിശ്വാസങ്ങളേയും സാമൂഹ്യവ്യവസ്ഥിതിയേയും പെട്ടെന്നു തകിടം മറിക്കാനുള്ള ശ്രമമായി അതിനെ വ്യാഖ്യാനിച്ചു. എന്നാൽ ജീവിതത്തിൽ നേരിടുന്ന കുഴഞ്ഞ പ്രശ്നങ്ങൾക്കു പരിഹാരമായി അദ്ദേഹം നിൎദ്ദേശിച്ചിട്ടുള്ള തത്വങ്ങളിൽ പ്രയോഗക്ഷമമായവയെ സ്വീകരിക്കുന്നതിനുള്ള സന്മനോഭാവം അധികം പ്രകടമായി കണ്ടില്ല. ധനനിൎമ്മാജ്ജനം, ലൈംഗികബന്ധത്തിലുള്ള പരിമിതി ഗവണ്മെൻറുകളുടെ നിരൎത്ഥകത എന്നീ വിവിധവിഷയങ്ങളെപ്പററി അദ്ദേഹം ഖണ്ഡിതവും യുക്തിയുക്തവുമായ അഭിപ്രായങ്ങഠം രൂപീകരിച്ചിരുന്നു. എന്നാൽ അവയെ മനസ്സിലാക്കാതെ ആ ആദൎശങ്ങളോടു കാണിച്ച വിപ്രതിപത്തിയാണു ക്ഷോഭത്തിനു കാരണമാക്കിയതു്. അധികാരപ്രമത്തതയെ പരസ്യമായി എതിൎത്തു കാരണം ഗവണ്മെൻറിൻെറ ശക്തിയേറിയ വിരോധവും അദ്ദേഹം സമ്പാദിച്ചു. എന്നാൽ ഏതു പ്രതികൂലമായ പരിത

സ്ഥിതിയിലും ആ പ്രശാന്തചിന്തകൻ ഹിമാലയം പോലെ ശാന്തവും അക്ഷോഭ്യവുമായി വൎത്തിച്ചു.

ജീവിതസായാഹ്നത്തോടുകൂടി കഥാപുരുഷന്റെ ആരോഗ്യം സാരമായി അധഃപതിച്ചു. കൂടക്കൂടെ അദ്ദേഹം ശയ്യാവലംബിയായി തീൎന്നു. ആരോഗ്യപരിപാലനാൎത്ഥം ടോൾസ്റ്റായി ഈ സമയം യാൾട്ടായിലെ ഗാസ്പ്രാ എന്ന സുഖവാസനഗരത്തിലേയ്ക്കു താമസം മാററി. പ്രസ്തുത നഗരത്തിലെ വാസത്തിനിടയിൽ അദ്ദേഹം വീണ്ടും ഭരണവൈകല്യങ്ങളെ വിശദീകരിച്ച് ചക്രവൎത്തിക്കു് ഒരു കത്തെഴുതി. ഫലം വന്ധ്യമാണെന്നു അറിയാമെങ്കിലും മനസ്സാക്ഷിയുടെ അനുശാസനമനുസരിച്ചാണു് അദ്ദേഹം കത്തെഴുതുവാൻ മുതിൎന്നതു്. What is Religion, Soldier's Notes എന്നീ ഗ്രന്ഥങ്ങൾ സുഖവാസകാലത്തു രചിച്ചതാണു്.

ഇക്കാലം റഷ്യയും ജപ്പാനുമായി യുദ്ധം നടക്കുകയായിരുന്നു. യുദ്ധവാൎത്ത ടോൾസ്റ്റായിയെ വേദനിപ്പിച്ചു. യുദ്ധത്തോടു നൈസൎഗ്ഗികമായുണ്ടായിരുന്ന വെറുപ്പും ദേശാഭിമാനസ്ഫുരണവും അദ്ദേഹത്തെ ചിന്താകുലനാക്കി. ജപ്പാൻ യുദ്ധത്തോടുകൂടി സ്വേച്ഛാഭരണം അവസാനിപ്പിക്കണമെന്നു ജനസഭകൾ ഏകകണ്ഠമായി ആവശ്യപ്പെട്ടു. മതസമാരാഷ്ട്രീയസംഘം മുതലായ പൊതുസ്ഥാപനങ്ങളോടു ടോൾസ്റ്റായിക്കു പ്രതിപത്തി ഉണ്ടായിരുന്നില്ല. ഭിന്നാഭിപ്രായങ്ങളുള്ള ബഹുജനസംഘടന യഥാൎത്ഥമായ ഒന്നല്ലെന്നുള്ള വിശ്വാസമാണു് അദ്ദേഹത്തിനുണ്ടായിരുന്നതു്. ജനകീയാഭിലാഷത്തെ തകൎക്കുവാൻ തന്നെ വീണ്ടും ഗവൺമെന്റു് ഒരുങ്ങി

മർദ്ദനഭരണം ടോൾസ്റ്റോയിയുടെ തൂലികയെ പ്രവൃദ്ധോന്മേഷമാക്കി. ആ തൂലികാവിലാസം 'I cannot be silent' എന്ന കൃതിയിൽ ബഹിർഗമിച്ചു.

1908-ൽ കഥാപുരുഷന് എൺപതു വയസ്സു പൂർത്തിയായി. പ്രസ്തുത ജന്മദിനം ആഘോഷിക്കുന്നതിനെ ഗവൺമെൻറ് രഹസ്യമായി നിരോധിച്ചു. മതസഭ ഗവൺമെൻറിനു ബലം നൽകി. എന്നാൽ റഷ്യയിലെ വർത്തമാനപത്രങ്ങളെല്ലാം ആ മഹാത്മാവിനെ അനുമോദിച്ചു ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തി. രണ്ടായിരത്തിൽപരം അനുമോദനകമ്പികൾ അന്നു ലോകത്തിന്റെ പല ഭാഗങ്ങളിൽനിന്നും യാസ്നയായിൽ വന്നു മറിഞ്ഞു. കൃഷീവലന്മാർ യോഗങ്ങൾകൂടി ആ മഹാത്മാവിൻെറ ദീർഘായുസ്സിനു വേണ്ടി പ്രാർത്ഥിച്ചു. ഇങ്ങനെ ആ സാഹിത്യചക്രവർത്തിയുടെ എൺപതാം ജന്മദിനം ആഡംബരമായി ഘോഷിച്ചു.

ആശ്രിതവാത്സല്യം ടോൾസ്റ്റോയിയുടെ മഹനീയഗുണങ്ങളിൽ ഒന്നായിരുന്നു. ടോൾസ്റ്റോയി സിദ്ധാന്തങ്ങളെ പ്രചരിപ്പിക്കുന്നതിലും മററും ശ്രമം ചെയ്യുന്നവരെ അദ്ദേഹം സ്നേഹപൂർവം പ്രോത്സാഹിപ്പിച്ചുവന്നു. സ്വകൃതികൾ ഇംഗ്ലീഷ് ഭാഷയിലേയ്ക്കു തർജ്ജമചെയ്യുന്നതിനുള്ള അനുവാദം അദ്ദേഹം 'ചേർട്കോവ്' എന്ന സ്നേഹിതനു നൽകി. ചേർട്കോവ് കഥാപുരുഷൻെറ ആദർശങ്ങളോടു ബഹുമാനാദരമുള്ള ആളായിരുന്നു. എന്നാൽ സ്വകാര്യനിരതനായ ആ സ്വാമിഭക്തൻ കൌണ്ടസിന്റെ അവകാശത്തെപ്പോലും തട്ടിക്കയാണുണ്ടായതു്. ഇംഗ്ലണ്ടിൽ ടോൾസ്റ്റോയി സിദ്ധാന്തം

പ്രചരിപ്പിക്കുന്നതിന് ചെർട്ട്കോവ് ഒരു സംഘം സ്ഥാപിച്ചു. ആ സംഘത്തിൻെറ ആഭിമുഖ്യത്തിൽ പല ഗ്രന്ഥങ്ങളും അദ്ദേഹം പ്രസിദ്ധംചെയ്തു. ടോൾസ്റ്റോയിയുടെ വിശദമായ ജീവചരിത്രം ഇംഗ്ലീഷ് ഭാഷയിൽ സംഭാവനചെയ്തിട്ടുള്ള 'അയിൽമർ മാഡ്' മറെറാരു ടോൾസ്റ്റോയി ഭക്തനായിരുന്നു. അദ്ദേഹം ടോൾസ്റ്റോയിയുടെ ചില കൃതികൾ ഇംഗ്ലീഷ്ഭാഷയിലേക്കു പരിഭാഷപ്പെടുത്തിയിട്ടുണ്ട്.

വയോധിക്യം സാധാരണ മനുഷ്യരെ ക്ഷിപ്രകോപികളാക്കിത്തീക്കാറുണ്ട്. എന്നാൽ കഥാപുരുഷനു വയസ്സു കൂടുന്തോറും പാകതയും സൌമ്യതയും കൂടിക്കൂടി വന്നു. ആരോടും സമഭാവനയും നമ്രതയും അദ്ദേഹത്തിൽ പ്രകാശിച്ചിരുന്ന വിശിഷ്ടഗുണങ്ങളാണു്. ഒരിക്കൽ ആ സാഹിത്യാചാര്യൻ ഒരു റയിൽവേസ്റ്റേഷനിൽ നില്ക്കുകയായിരുന്നു. അദ്ദേഹത്തിൻെറ വേഷം കണ്ടാൽ ഒരു കൂലിക്കാരനെന്നല്ലാതെ തോന്നുകയില്ല. വണ്ടിയിലിരുന്ന ഒരു സ്ത്രീ പാനീയശാലയിലേക്കു കടന്നുപോയ അവരുടെ ഭർത്താവിനു ഒരു കടലാസ്സുതുണ്ടു കൊണ്ടുകൊടുക്കുവാൻ ആ സാമാന്യവേഷധാരിയോടു് ആവശ്യപ്പെട്ടു. അദ്ദേഹം യാതൊരു കുസലുമെന്യേ ആ തുണ്ടു വാങ്ങി അവരുടെ ഭർത്താവിനെ ഏൽപിച്ചു. ഈ ലഘുജോലിക്ക് ഒരു ചെറിയ നാണയം അവർ അദ്ദേഹത്തിനു സമ്മാനിച്ചു. ആ വൃദ്ധൻ അതു വാങ്ങി തിരിക്കുമ്പോഴേയ്ക്കും യാത്രക്കാരിൽ ചിലർ അദ്ദേഹത്തെ തിരിച്ചറിഞ്ഞു. അധികം താമസിക്കുന്നതിനു മുമ്പു് സന്നിഹിതരായ യാത്രക്കാരെല്ലാം ആ മഹാപുരുഷനെ

ബ്ബഹുമാനിക്കാനും ഒരു നോക്കു കാണ്മാനുമായി തിങ്ങി കൂടി വണ്ടിയിലിരുന്ന സ്ത്രീ ആ കൂലിക്കാരന്റെ വാസ്തവസ്ഥിതി മനസ്സിലാക്കിയപ്പോൾ ഇളിഭ്യയായി. അവർ വണ്ടിയിൽനിന്നുമിറങ്ങി അദ്ദേഹത്തെ നമസ്കരിച്ചു മാപ്പുചോദിച്ചു. മഹാപ്രഭുവായ അദ്ദേഹത്തിന് അവർ കൊടുത്ത നാണയം തിരിച്ചു കിട്ടുവാൻ അവർ ആഗ്രഹിച്ചു. എന്നാൽ തന്റെ ശ്രമത്തിനുള്ള പ്രതിഫലമാണതെന്നും അതു് തിരിച്ചു കൊടുക്കത്തക്കതല്ലെന്നും അദ്ദേഹം വാദിച്ചു. മഹാനുഭാവനായ ആ കലാകാരന്റെ നമ്രത ആർക്കാണു് അനുകരണീയമല്ലാത്തതു്.

# അദ്ധ്യായം പതിമ്മൂന്ന്

## ചരമരംഗം

ടോൾസ്റ്റായിയുടെ ജീവിതാവസാനരംഗങ്ങൾ ശോകമയങ്ങളായിരുന്നു. പുസ്തകങ്ങളുടെ അവകാശദാനത്തെ തുടർന്നു കൌണ്ടസ്സിന്റെ വൈരാഗ്യം വർദ്ധിച്ചു. മഹാനായ ആ സാഹിത്യനായകന്റെ കൃതികളുടെ പ്രസാധനം തന്നെ മഹത്തായ ധനാഗമമാർഗ്ഗമായിരുന്നു. കൂടാതെ ടോൾസ്റ്റായിയുടെ സ്വത്തിന്മേൽ കൌണ്ടസിനുള്ള അവകാശത്തെ ധ്വംസിച്ചു എന്ന ഒരപരാധവും അദ്ദേഹത്തിന്റെമേൽ ആരോപിച്ചു. സത്യത്തോടുള്ള ദൃഢപ്രേമവും ആദർശം പ്രയോഗത്തിൽ വരുത്തുന്നതിലുള്ള അഭിനിവേശവുമാണു് ടോൾസ്ററായിയിൽ പ്രകടമായി കണ്ടിരുന്നതു്. എന്നാൽ ഭർത്താവിന്റെ ഈദൃശ മനഃസ്ഥിതിയെ പൂർണ്ണമനസ്സാലെ അംഗീകരിക്കുന്നതിനോ തുറന്ന ദൃഷ്ടികൊണ്ടു കാണുന്നതിനോ കൌണ്ടസ് തയ്യാറായില്ല. അദ്ദേഹത്തിന്റെ ആദർശത്തോടു പ്രകടമായ എതിർപ്പ് അവർ പുറപ്പെടുവിക്കാൻ തുടങ്ങി. കുടുംബശ്രേയസ്സിന്റെ പേരിൽ അദ്ദേഹത്തിന്റെ പ്രവൃത്തികളെ അവർ അപലപിച്ചു. ധനത്തിലുള്ള ആശ നിശ്ശേഷം വർജ്ജിക്കുവാൻ അവർ സന്നദ്ധയായിരുന്നില്ല.

ഗാർഹികാസ്വാസ്ഥത വർദ്ധിപ്പിക്കുന്നതിൽ ചേർട്കോവിനും പങ്കുണ്ടായിരുന്നു. ടോൾസ്റ്റായിയുടെമേൽ ചേർട്കോവിനെ പോലെ സ്വാധീനശക്തിയുള്ള

വേറൊരാളും ഉണ്ടായിരുന്നില്ല. ടോൾസ്റ്റായിയുടെ കൃതികൾ പുറമേ പരസ്യം ചെയ്യുന്നതിനുള്ള സകല അവകാശങ്ങളും 'ചേർട്ട് കാവ്' നിയന്ത്രിച്ചിരുന്നു. ആ ആരാധകനിൽ അദ്ദേഹത്തിന് അതിരററ വിശ്വാസമുണ്ടായിരുന്നു. കൌണ്ടസ്സിൻെറ അവകാശങ്ങളെപ്പോലും അപഹരിക്കുവാൻ അയാൾ മടിച്ചില്ല. ടോൾസ്റ്റായിയുടെ സാഹിത്യപരിശ്രമങ്ങളിൽ സന്തത സഹകാരിയായിരുന്ന കൌണ്ടസ്സിനു അദ്ദേഹത്തിൻെറ കൃതികളുടെ അവകാശം വേണമെന്ന മോഹമുണ്ടായിരുന്നു. ആ മോഹം വിഫലമായതോടുകൂടി കൌണ്ടസ് ഭർത്താവിനെ ശല്യപ്പെടുത്തിത്തുടങ്ങി. വാർദ്ധക്യഗ്രസ്തരായ ആ ദമ്പതികളുടെ ബന്ധം ശിഥിലമാകുമെന്ന നിലവരെ എത്തി.

കഥാപുരുഷന് എൺപത്തി രണ്ടു വയസ്സായി. നിരന്തരമായി ഗൃഹസദസ്സിൽ കൌണ്ടസ്സിനെ നേരിടേണ്ടിവന്നതിൽ അദ്ദേഹത്തിനു മനോവേദന വർദ്ധിച്ചു. കൌണ്ടസ്സിനാണെങ്കിൽ എപ്പോഴും ഭർത്താവിനെപ്പററിയുള്ള പരാതികളേയുള്ളു. അദ്ദേഹത്തിൻെറ ആദർശം ശരിയാണെന്ന് അവർ സമ്മതിക്കുന്നു. എന്നാൽ അതു പാലിക്കുന്നതിനുള്ള ശക്തിയില്ലെന്നു പറഞ്ഞു് അവർ ഒഴിഞ്ഞുമാറുന്നു. ടോൾസ്റ്റായിയാകട്ടെ സ്നേഹപൂർവ്വം അവരെ സമാധാനപ്പെടുത്താൻ ശ്രമിച്ചു. കുററം സ്വയം അദ്ദേഹം ഏററു. പക്ഷെ കൌണ്ടസ് അതുകൊണ്ടൊന്നും സമാധാനപ്പെട്ടില്ല. അവരുടെ മാനസിക സമചിത്തത ഇളകിവശായി.

കൌണ്ടസ്സിൻെറ നിർദ്ദയമായ പെരുമാററം വൃദ്ധനായ ആ സാഹിത്യനായകൻെറ മനസ്സമാധാനത്തെ

ഭഞ്ജിച്ചു. ഗൃഹസദസ്സുകളിൽ അദ്ദേഹത്തിൻെറ പ്രിയതരങ്ങളായ ആദർശങ്ങളോടു കാണിച്ച വെറുപ്പും അദ്ദേഹത്തെ വ്യാകലപ്പെടുത്തി. ഈ പ്രതികൂല പരിതസ്ഥിതിയിൽനിന്നും രക്ഷ പ്രാപിക്കുന്നതിനുള്ള ഉപായം ഒടുവിൽ അദ്ദേഹം കണ്ടെത്തി. സമാധാനത്തിൻെറയും ആനന്ദത്തിൻെറയും ക്ഷേത്രങ്ങളായിരുന്ന ആ പുരാതനഭവനം എന്നേയ്ക്കുമായി ഉപേക്ഷിക്കുന്നതിന് അദ്ദേഹം തീർച്ചയാക്കി.

1909-ൽ ടോൾസ്റ്റോയിയുടെ സകല കൃതികളുടേയും അവകാശം പൊതുജനങ്ങൾക്കു നല്കിക്കൊണ്ട് ഒരു ധനനിശ്ചയപത്രം അദ്ദേഹം എഴുതിവച്ചു. അന്നുവരെ അദ്ദേഹം രചിച്ചിട്ടുള്ള ഗ്രന്ഥങ്ങൾ ആരുടേയും സ്വകാര്യസ്വത്തായി മാറുന്നതു അദ്ദേഹത്തിന് ഇഷ്ടമായിരുന്നില്ല. ആർക്കും അച്ചടിക്കാവുന്നവയായിരിക്കണം അവയെന്ന് അദ്ദേഹം വിൽപത്രത്തിൽ വ്യക്തപ്പെടുത്തി. കയ്യെഴുത്തുപ്രതികളായി മരണശേഷം കാണുന്നവയെല്ലാം ചേർട്കോവിൻെറ അഭിമതമനുസരിച്ചു പ്രസിദ്ധം ചെയ്യുകയോ ചെയ്യാതിരിക്കുകയോ ചെയ്യാമെന്നും ആ നിശ്ചയപത്രത്തിൽ വ്യവസ്ഥ ചെയ്തു. ഈ സംഗതിയിൽ ചേർട്കോവിനോടു സഹകരിച്ചു പ്രവർത്തിക്കുന്നതിന് ഒരിളയമകൾക്കും അധികാരം നൽകിയിരുന്നു. ഇങ്ങനെ സകല വ്യവസ്ഥകളും ചെയ്തതിനുശേഷം 1910 ഒക്ടോബർ മാസം 28-ാം തീയതി പ്രഭാതത്തിൽ ആ ത്യാഗിവര്യൻ കുട്ടികളോടും മററും യാത്രപറഞ്ഞു് ആ പുരാതനഭവനം വിട്ടു.

റഷ്യ വിട്ടുപോകണമെന്നായിരുന്നു ടോൾസ്റ്റോയി ആദ്യം നിശ്ചയിച്ചതു്. എന്നാൽ ആ ഉദ്ദേശം സഫല

മായില്ല. ട്രെയിനിൽവച്ച് അദ്ദേഹം രോഗാധീനനായി. ഒരു മകളും ഒരു വിശ്വസ്തസ്നേഹിതനും കൂടെ ഉണ്ടായിരുന്നു. സുഖക്കേടിന്റെ കാഠിന്യംമൂലം മാർഗ്ഗമദ്ധ്യേയുള്ള 'അസ്റ്റാപ്പോവോ' റയിൽവേസ്റ്റേഷനിൽ അദ്ദേഹം ഇറങ്ങാൻ നിർബ്ബന്ധിതനായിത്തീർന്നു. പ്രസ്തുത സ്റ്റേഷനിലെ മാസ്റ്റർ ഒരു കൃഷീവലനായിരുന്നു. അയാൾ ബഹുമാനാദരങ്ങളോടുകൂടി ആ മഹാത്മാവിനെ സ്വീകരിച്ചു സ്വവസതിയിൽ താമസിപ്പിച്ചു.

അസ്റ്റാപ്പോവോയിൽ ടോൾസ്റ്റോയി എത്തിയിരിക്കുന്നുവെന്ന വാർത്ത കൌണ്ടസ് അറിഞ്ഞു. അവർ ഇളയകുട്ടികളോടുകൂടി ഉടൻതന്നെ അവിടെ എത്തി, എന്നാൽ കൌണ്ടസിന് അദ്ദേഹത്തെ കാണാൻ അനുവാദം നൽകിയില്ല. അവർ രോഗവിവരം അന്വേഷിച്ച് അടുത്ത മുറിയിൽ ഇരുന്നു.

രോഗം നാൾക്കുനാൾ വർദ്ധിച്ചുവന്നു. നവംബർ മാസം 7-ാം തീയതി രാത്രി സുഖക്കേട് ആശങ്കാജനകമായ അവസ്ഥയിൽ എത്തി. ഈ സമയം കൌണ്ടസിനെ അദ്ദേഹത്തിന്റെ സമീപം ആനയിച്ചു. വികാരം സംയമനം ചെയ്തുകൊണ്ട് അവർ ആ മഹാപുരുഷനെ നമസ്കരിച്ചു; പാദങ്ങളിൽ പലവുരു ചുംബിച്ചു. അടുത്ത പ്രഭാതത്തിൽ ആ മഹാത്മാവ് ഇഹലോകവാസം വെടിഞ്ഞു. സമാധാനവും സംതൃപ്തിയും ആ മുഖത്തിൽ അപ്പോഴും കളിയാടിയിരുന്നു.

ടോൾസ്റ്റോയിയുടെ മരണവാർത്ത അറിഞ്ഞതോടുകൂടി അസ്റ്റാപ്പോവോ റയിൽവേസ്റ്റേഷൻ ലോകത്തിന്റെ

സമഗ്രമായ ശ്രദ്ധയെ ആകർഷിച്ചു. പത്രറിപ്പോർട്ടറന്മാർ റയിൽവേയും പട്ടാളവും ഉദ്യോഗസ്ഥന്മാർ മുതലായവർ അവിടെ തിങ്ങിക്കൂടി. പുത്തനായി കമ്പിയാഫിസുകൾപോലും ആ സ്ഥലത്തു് ഏർപ്പെടുത്തേണ്ടിവന്നു.

റഷ്യയിലേയും ലോകത്തിലേയും പത്രഗ്രന്ഥങ്ങൾ ആ മഹാത്മാവിനെ വാഴ്ത്തി. ചക്രവർത്തിയും മന്ത്രിസഭയും ആ സാഹിത്യചക്രവർത്തിയുടെ മരണത്തിൽ ഖേദം പ്രകടിപ്പിച്ചു. പരേതന്റെ ബഹുമാനാർത്ഥം വിദ്യാലയങ്ങളും പൊതുസ്ഥാപനങ്ങളും അടച്ചുപൂട്ടി. ലോകം മുഴുവനും ആ മഹാത്മാവിന്റെ ചരമത്തിൽ ആർത്തു കേണു.

അടുത്തദിവസം ട്രെയിൻ മാർഗ്ഗം മൃതശരീരം യാസ്നയായിൽ കൊണ്ടുവന്നു. വഴിമദ്ധ്യേ ജനങ്ങൾ തിങ്ങിക്കൂടി ആ മഹാത്മാവിനോടുള്ള ബഹുമാനം പ്രദർശിപ്പിച്ചു. കൃഷീവലന്മാർ വാവിട്ടുനിലവിളിച്ചു. ശവദാഹകർമ്മത്തിലെ വിലാപയാത്രക്കാർ ഒരു മൈൽ നീളത്തിൽ അണിനിരന്നു. ശവസംസ്കാരവേളയിൽ മതാചാരപ്രകാരമുള്ള യാതൊരു വിധികളും നടന്നില്ല. ഒരു സാധാരണകൃഷീവലനെ അടക്കംചെയ്യുന്നതുപോലെ അദ്ദേഹത്തെ സംസ്കരിച്ചു. ആ മൃതദേഹം മണ്ണിനടിയിൽ മറഞ്ഞപ്പോൾ സന്നിഹിതരായ മനുഷ്യമഹാസമുദ്രം ഒന്നടങ്കം മുട്ടുകുത്തി. കൃഷീവലന്മാരുടെ തേങ്ങിത്തേങ്ങിയുള്ള രോദനം മാത്രം സമാധാനത്തെ ഭഞ്ജിച്ചു. മുക്കാൽ ശതാബ്ദത്തിനു മുമ്പ് സഹോദരന്മാരുമായി കളിച്ചു നടന്നപ്പോൾ കുന്നിൻ ചരിവിൽ ചെടിക്കഴ

ഊന്നി നിർത്തിയ ഭാഗത്തുതന്നെ ആ മഹാനെ സംസ്കരിച്ചു.

ആത്മാർത്ഥതയും പരിശുദ്ധതയും നിറഞ്ഞ ആ ഹൃദയം എന്നും ജീവിക്കും. ഭൗതികശ്രേയസ്സല്ല, സത്യവും പ്രേമവുമാണു മഹത്തെന്നു അദ്ദേഹം പഠിപ്പിച്ചു. ആ സത്യഗായകൻ മൺമറഞ്ഞെങ്കിലും അനശ്വരവും ആനന്ദാമൃതവുമായ ആ ഗാനമാധുരി ഇന്നും മാനവമനസ്സിനു കുളിർമ്മയും ചോദനയും നൽകുന്നുണ്ട്.

# അദ്ധ്യായം പതിന്നാല്

## സാഹിത്യസമീക്ഷ.

ലോകോത്തരകീർത്തി സമാർജ്ജിച്ചിട്ടുള്ള ടോൾസ്റ്റോയികൃതികളിൽ ഏററിയക്കൂറും മലയാളഭാഷയിൽ വിവർത്തനവിധേയമായിട്ടില്ല. ആംഗലഭാഷയിൽത്തന്നെ എല്ലാ കൃതികളുടെയും പരിഭാഷകൾ സമീപകാലത്തു മാത്രമേ ആവിർഭവിച്ചിട്ടുള്ളൂ. സാഹിത്യഗുണസമൃദ്ധികൊണ്ടും ചിന്തയെ ഉത്തേജിപ്പിക്കുന്നതിനുള്ള പ്രഗത്ഭത്കൊണ്ടും ടോൾസ്റ്റോയികൃതികൾ വിശ്വസാഹിത്യത്തിൽ തിളങ്ങി പ്രകാശിക്കുന്നുണ്ട്. മഹാനായ ആ ചിന്തകന്റെ തത്വരത്നഭണ്ഡാഗാരം അനേകം തലമുറകൾക്കു മാനസികശാന്തി നല്കുവാൻ പര്യാപ്തമാണ്. സത്യബോധത്തിന്റെയും തത്വവിചാരത്തിന്റെയും സമഞ്ജസമായ അനുരഞ്ജനംകൊണ്ട് അനുവാചകന്റെ അന്തരംഗം ചിന്താതരംഗിതമാക്കുവാൻ ശക്തങ്ങളാണ് പ്രകൃതഗ്രന്ഥങ്ങളെല്ലാം.

ടോൾസ്റ്റോയികൃതികളെ ചെറുകഥകൾ, വിദ്യാഭ്യാസപരമായ ലേഖനങ്ങൾ, വിവരണഗ്രന്ഥങ്ങൾ, തത്വചിന്താപരമായ ഗ്രന്ഥങ്ങൾ, ആഖ്യായികകൾ എന്നിങ്ങനെ അഞ്ചായി വിഭജിക്കാം. വിദൂരദേശങ്ങളിൽപോലും ടോൾസ്റ്റോയിയുടെ മഹത്വത്തെ പ്രഖ്യാപനം ചെയ്യുന്നത് അദ്ദേഹത്തിന്റെ ചെറുകഥകളാണ്. നിത്യജീവിതസംഭവങ്ങളെ മനോഹരങ്ങളായ കഥക

മായി വിദഗ്ദ്ധമായ ആ തൂലിക രൂപം മാററുന്നതു് അത്ഭുതാവഹമാകുന്നു. ചിന്താപരവും മാർഗ്ഗദർശകവുമായ അനേകം ഗുണപാഠങ്ങൾ ടോൾസ്റ്റോയികഥകൾ ലോകത്തിനു് ഉപദേശിക്കുന്നുണ്ടു്. പൂർവ്വസങ്കേതങ്ങളിൽനിന്നും ആദർശസുന്ദരമായ ഒരു നൂതനപന്ഥാവിലേയ്ക്കാണു് അനുവാചകൻ ആനീതനാകുന്നതു്. ചെറുകഥകളിൽ പ്രതിഫലിക്കുന്നതു കൃഷീവലന്മാരുടെ ലോകമാണു്. അന്ധവിശ്വാസങ്ങളേയും അനാചാരങ്ങളേയും ദൂരീകരിക്കുന്നതിനുള്ള ശ്രമവും പ്രസ്തുത കഥകളിൽ കാണാം. അനേകം ദേശീയ കഥകൾക്കു് ആ സാഹിത്യനായകൻ നവീനരൂപം നൽകി അനശ്വരതയും സൌകുമാര്യവും പ്രദാനംചെയ്തിട്ടുണ്ടു്. വേദഗ്രന്ഥങ്ങളെ ഉപജീവിച്ചും കഥാരചന നിർവ്വഹിച്ചു കാണുന്നു. വിശ്വസാഹിത്യനഭസ്സിലെ തേജഃപുഞ്ജങ്ങളായി ടോൾസ്റ്റോയിയുടെ ചെറുകഥകൾ പ്രശോഭിക്കുന്നു എന്നു പറഞ്ഞാൽ അഭിപ്രായാന്തരമുണ്ടാകാനിടയില്ല.

യുവപ്രായം മുതൽ തന്നെ വിദ്യാഭ്യാസവിഷയങ്ങളിൽ സനിഷ്കർഷം ടോൾസ്ററായി ശ്രദ്ധിച്ചിരുന്നു. സമകാലിക വിദ്യാഭ്യാസരീതിയുടെ അപര്യാപ്തതയെപ്പററി അദ്ദേഹം ഉപന്യസിച്ചിട്ടുണ്ടു്. വിദ്യാഭ്യാസസംബന്ധമായ നവീനാദർശങ്ങൾ പ്രചരിപ്പിക്കുന്നതിനു് ആ മഹാത്മാവു് വിദ്യാഭ്യാസസ്ഥാപനങ്ങൾ നടത്തിവന്നു. മാസികാഗ്രന്ഥങ്ങളിൽ തദ്വിഷയകമായ ലേഖനപരമ്പരകൾ അദ്ദേഹം പ്രസിദ്ധപ്പെടുത്തുകയും ബോധനോപായമാർഗ്ഗങ്ങളെപ്പററി സൂക്ഷ്മഗവേഷണങ്ങൾ നടത്തി അവയെ വിജയപ്രദമാക്കുന്നതിനു് അക്ഷീണ

പരിശ്രമങ്ങൾ നടത്തുകയും ചെയ്തു. ഗ്രാമീണബാല ന്മാക്ക് വേണ്ടിയാണ് വിദ്യാലയങ്ങൾ അദ്ദേഹം തുടങ്ങിയതെങ്കിലും അവയിൽകൂടി വിദ്യാവിതരണം നടത്തിയതു ലോകക്കാകമാനമായിരുന്നു. ആ വിദ്യാഭ്യാസപരിഷ്ക്കർത്താവിൻെറ പ്രവർത്തനങ്ങൾ പൊതുജനങ്ങളുടെ മുക്തകണ്ഠമായ ശ്ലാഘയെ സമ്പാദിച്ചതിൽ അത്ഭുതത്തിനവകാശമില്ല. ബഹുപരമ്പരാഗതമായി നിലനിന്നുപോന്നിരുന്ന വിദ്യാഭ്യാസരീതിയിൽ വരുത്തിയ വിപ്ലവാത്മകമായ പരിവർത്തനം വിദേശങ്ങളിൽനിന്നും വിദ്യാഭ്യാസചിന്തകന്മാരെ റഷ്യയിലേയ്ക്കാകർഷിച്ചു.

വിവരണഗ്രന്ഥങ്ങൾ മിക്കവയും ആത്മകഥാംശങ്ങൾകൊണ്ടു സുന്ദരങ്ങളാണ്. സെബാസ്റ്റപ്പൂൾ യുദ്ധത്തെപ്പററിയും റഷ്യയിലെ ക്ഷാമബാധയെപ്പററിയും മററുമുള്ള വിവരണങ്ങളും ശൈശവം, കൌമാരം, താരുണ്യം മുതലായ ഉൽകൃഷ്ട ഗ്രന്ഥങ്ങളും മനോഹരങ്ങളായ ഗ്രന്ഥതല്ലജങ്ങളാണെന്നുള്ളതിൽ പക്ഷാന്തരമില്ല. കേവലം ശുഷ്കങ്ങളായ സംഭവശകലങ്ങൾ ചരിത്രപരമായിരുന്നാലും ഗാർഹീകമായിരുന്നാലും സർവ്വകലാമർമ്മജ്ഞനായ ആ സാഹിത്യകാരൻെറ കയ്യിൽ സജീവവും മുഗ്ദ്ധവുമായ ചിത്രങ്ങളായി രൂപം പ്രാപിക്കുന്നു. സ്വർണ്ണത്തിനു സൌരഭ്യം ലഭിച്ചാലെന്നതുപോലെയുള്ള ഒരു സൌകുമാര്യം പ്രകൃതഗ്രന്ഥപാരായണത്തിൽ സഹൃദയലോകം അനുഭവിക്കുന്നതാണ്. ഏതു വർണ്ണനാഗ്രന്ഥത്തിലും ദൃഢമായ സത്യബോധവും നിർഭയവും ധീരവുമായ ചിന്താരീതിയും പ്രതിഫലിച്ചു പ്രകാശിക്കുന്നുണ്ട്.

ദൈനംദിന ജീവിതസംഭവങ്ങളുടെ പശ്ചാത്തലത്തിൽ കൂടി ഉന്നതങ്ങളായ ആദർശങ്ങളെ പ്രവേശിപ്പിക്കുകയും പ്രവൎത്തിപ്പിക്കുകയും ചെയ്യുന്നതിനുള്ള ടോൾസ്റ്റോയിയുടെ വൈഭവവിശേഷം കർഷകനു വർഷമേഘംപോലെ ചിന്തകനു ശാന്തിനൽകുവാൻ പൎയ്യാപ്തമാണു്. വിവരണഗ്രന്ഥങ്ങളിൽ കഥാകാരന്റെ അനുഭവവിശേഷങ്ങൾ അകൃത്രിമ രമണീയമായി പ്രതിപാദിച്ചിട്ടുണ്ടെന്നുള്ള സംഗതി സഹൃദയലോകം സഹർഷം സമ്മതിക്കാതിരിക്കയില്ല.

ടോൾസ്റ്റോയിയുടെ കൃതികൾ തത്വചിന്താപരങ്ങളാണു്. മഹത്തായ സന്മാർഗ്ഗപാഠങ്ങൾകൊണ്ടു സുരഭിലങ്ങളുമാണു്. നന്മയുടെ ഉൽക്കർഷങ്ങളും തിന്മയുടെ അപകർഷങ്ങളും പ്രതിപാദിച്ചിട്ടു്, അസത്യത്തിൽനിന്നും സത്യത്തെ വേർതിരിച്ചെടുക്കാനുള്ള ശ്രമങ്ങളാണു പ്രകൃതഗ്രന്ഥങ്ങളിൽ കാണുന്നതു്. ഈ ശ്രമത്തിൽ വേദഗ്രന്ഥങ്ങളിലെ പല വിവരണങ്ങളും അധിക്ഷേപാർഹമായി അദ്ദേഹം വിധി കൽപിച്ചിട്ടുണ്ടു്. സുഖഭോഗങ്ങളുടെ നശ്വരതയും അക്രമരാഹിത്യസിദ്ധാന്തത്തിന്റെ മാഹാത്മ്യവും ടോൾസ്റ്റോയി പല ഗ്രന്ഥങ്ങളിലും പ്രകീൎത്തിക്കുന്നു. What is Religion, Confessions മുതലായ അനേകം കൃതികൾ തത്വചിന്തയെ ഉദ്ദീപിപ്പിക്കുവാൻ പൎയ്യാപ്തങ്ങളാണു്. ആചാരനിഷ്ഠമായ തത്വപ്രമാണങ്ങളെ ധ്വംസിക്കുന്നതിലാണു് ആ മതചാൎയ്യന്റെ ശ്രദ്ധ അധികവും പതിഞ്ഞിട്ടുള്ളതു്. അക്രമത്തെ അക്രമംകൊണ്ടു് എതിൎക്കണമെന്നുള്ള സിദ്ധാന്തം പല തലമുറകളായി റഷ്യയിൽ വേരുപിടിച്ചിട്ടുള്ള ഒന്നാ

യിരുന്നു. എന്നാൽ ബലപ്രയോഗത്തെ സ്നേഹംകൊണ്ടു നേരിടണമെന്ന ടോൾസ്റ്റായിയുടെ ഉപദേശം മാനവ സമുദായ ചരിത്രത്തിൽ ഒരു നവീനാദ്ധ്യായം രചിച്ചു. ആ അദ്ധ്യായമാകട്ടെ നിശിതമായ നിരൂപണങ്ങൾക്കു വിഷയമാവുകയും ചെയ്തു. മനുഷ്യനെ മനുഷ്യനാക്കുന്നതിനും സർവ്വസാഹോദര്യം പുലർത്തുന്നതിനും ടോൾസ്റ്റായി പരിശ്രമിച്ചു. ലോകത്തിൽ സ്വർഗ്ഗസാമ്രാജ്യം സ്ഥാപിക്കുന്നതിനായിരുന്നു അദ്ദേഹം യത്നിച്ചതു്.

ടോൾസ്റ്റായിയുടെ കലാവൈഭവം സ്പഷ്ടമായും പ്രത്യക്ഷപ്പെടുന്നതു് 'യുദ്ധവും സമാധാനവും' എന്ന ഗ്രന്ഥത്തിലും 'അന്നാ കരീനീന' എന്ന ആഖ്യായികയിലും ആകുന്നു. പ്രതിപാദന രീതിയിലുള്ള പുതുമകൊണ്ടും പാത്രസൃഷ്ടിയിലുള്ള അനന്യസാധാരണമായ പാടവം കൊണ്ടും 'യുദ്ധവും സമാധാനവും' എന്ന ആഖ്യായിക വിശ്വസാഹിത്യത്തിൽ പ്രമുഖമായ ഒരു സ്ഥാനം സമ്പാദിച്ചിരിക്കുന്നു. നിലവിലിരുന്ന രചനാസങ്കേതങ്ങളിൽ അത്ഭുതാവഹമായ മാററമാണു ടോൾസ്റ്റായി വരുത്തിയിട്ടുള്ളതു്. ചരിത്രാഖ്യായികയാണെങ്കിലും ചരിത്രസംബന്ധമായ വിവരണങ്ങളിൽ അത്ര നിഷ്കർഷപാലിച്ചിട്ടുണ്ടെന്നു പറയാൻ നിവൃത്തിയില്ല. ദൈനംദിനജീവിതത്തിലെ ഉൽഷ്ക്കർഷങ്ങളായ സംഭവങ്ങളാണു പ്രകൃതാഖ്യായികയിലെ കഥാതന്തുക്കൾ. കഥാഗുംഫനത്തിൽ അത്രദ്ധാനായ ആഖ്യായികാകാരൻ മനുഷ്യൻെറ മാനസിക പ്രവർത്തനങ്ങളുടെ വിവിധ വശങ്ങളേയും അതിശയനീയമാംവണ്ണം സ്പർശിച്ചിട്ടുണ്ടെന്നുള്ളതു് അനുഭവൈകവേദ്യമാണു്.

'യുദ്ധവും സമാധാനവും' ഗ്രന്ഥകാരന്റെ മുപ്പത്തിയഞ്ചാം വയസ്സിൽ രചിച്ചിട്ടുള്ളതാണു്. മധുരമധുരമായ ദാമ്പത്യജീവിതത്തിന്റെ പ്രാരംഭഘട്ടങ്ങളിലെ സുഖപൂർണ്ണതയും വികാരാവേശവും സവിശേഷം പ്രകൃതഗ്രന്ഥത്തിൽ പ്രതിഫലിച്ചു പ്രശോഭിക്കുന്നുണ്ടു്. നന്മയും തിന്മയും എന്താണെന്നു നിർവ്വചിക്കുന്നതിലും ത്യാജ്യഗ്രാഹ്യവിവേചനം ചെയ്യുന്നതിലും ഗ്രന്ഥകർത്താവു വ്യാപരിക്കുന്നതായി അനുവാചകനു കാണാവുന്നതാണു്. കഥാപാത്രങ്ങളെല്ലാംതന്നെ നമുക്കു് അടുത്തു പരിചയമുള്ളതുപോലെ ഒരനുഭവവിശേഷം പ്രകൃതഗ്രന്ഥം വായിക്കുമ്പോൾ ഉണ്ടാകുന്നുണ്ടു്. തൊട്ടിൽമുതൽ ചുടലവരെ അനുഭവജന്യങ്ങളായ സകല ജീവിതവൃത്തികളുടേയും സമഞ്ജസമായ സമാഹാരമാണു് 'യുദ്ധവും സമാധാനവും'. യസ്നായാപൊളിയാനായുടെ പരിസരങ്ങൾ ഈ ഗ്രന്ഥത്തിന്റെ പശ്ചാത്തലം സൃഷ്ടിച്ചിരിക്കുന്നു. സുഖത്തിന്റേയും സംതൃപ്തിയുടേയും പ്രകാശമേറിയ രശ്മികളും മർദ്ദനത്തിന്റേയും കിരാതബലത്തിന്റേയും നിരന്ധ്രമായ ഛായകളും പ്രകൃതഗ്രന്ഥത്തിൽ ദർശനവിധേയമാണു്. അന്യാദൃശമായ കല്പനാവൈഭവവും കലാസൌകുമാര്യവും ഈ ആഖ്യായികയുടെ മേന്മയെ വർദ്ധിപ്പിക്കുന്നു. സ്വഭാവവർണ്ണനയിലും പ്രകൃതിവർണ്ണനയിലും ടോൾസ്റ്റോയിയുടെ അനുഗൃഹീതമായ തൂലിക നിതരാം വ്യാപരിക്കുന്നതു് അനുവാചകലോകത്തിനു് ആനന്ദസന്ദായകമാണു്. മനുഷ്യന്റെ ആത്മീയനേട്ടവും സത്യാന്വേഷണപരീക്ഷണങ്ങളും ആത്മാർത്ഥതയോടും സത്യബോധത്തോടുംകൂടി ഈ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുണ്ടു്.

ടോൾസ്റ്റോയി രചിച്ചിട്ടുള്ള ഏററവും മഹത്തും ബൃഹത്തുമായ ഗ്രന്ഥമാണു യുദ്ധവും സമാധാനവും. യൂറോപ്യൻ ചരിത്രത്തിലെ സംഭവബഹുലവും നിണ്ണായകവുമായ ഒരു കാലഘട്ടത്തിന്റെ സമ്പൂണ്ണചിത്രങ്ങളാണു പ്രകൃതഗ്രന്ഥത്തിൽ സംഭൃതമായിരിക്കുന്നതു്. 1805-നും 1812-നും മദ്ധ്യേ ഫ്രാൻസും റഷ്യയും തമ്മിലുള്ള സംഘട്ടനത്തിന്റെ ഒരു ചരിത്രമാണു വണ്ണനാവിഷയം. മാസ്ക്കോയിൽനിന്നും നെപ്പോളിയന്റെ സേനകളുടെ പലായനത്തോടുകൂടി കഥ അവസാനിക്കുന്നു. ചരിത്രകാരന്റെ വിരസമായ വണ്ണനയല്ല നാം ഇതിൽ കാണുന്നതു്. ഔചിത്യബോധത്തോടും സൌന്ദര്യദീക്ഷയോടുംകൂടി നിസ്സാര സംഭവങ്ങൾക്കുപോലും ജീവൻ നൽകിയുള്ള പ്രതിപാദനരീതി അന്യാദൃശമാണെന്നുള്ളതു നിസ്സംശയമാണു്. മാസ്ക്കോയിലെ അഗ്നിബാധയും ഫ്രഞ്ചുസേനയുടെ പലായനവും വണ്ണിച്ചിരിക്കുന്നതു ഹൃദയാവർജ്ജകമെന്നേ പറയാനുള്ളു.

വണ്ണ്യസംഭവങ്ങളിൽ ഭാഗഭാക്കായ മൂന്നു റഷ്യൻ കുടുംബങ്ങളെ കേന്ദ്രീകരിച്ചാണു കഥാപ്രവത്തനം നടക്കുന്നതു്. 'പ്രിൻസ് ആൻറീബോൾക്കോൺസ്കി' എന്ന പ്രഭുകുമാരന്റെ യുദ്ധസേവനവും പ്രണയവ്യാപാരങ്ങളും മരണവുമാണു് ഒരു കഥ. അതിലെ പല രംഗങ്ങളും ഹൃദ്യങ്ങളാണു്. രണ്ടാമത്തെ കഥാനായകനായ 'പ്യീർ ബസൂഖോവ്' സ്നേഹശൂന്യയായ 'എലീനാ'യെ വിവാഹം ചെയ്യുന്നതും അനന്തരസംഭവങ്ങളും ഒരു ചലച്ചിത്രത്തിലെന്നപോലെ അനുവാചകന്റെ മുമ്പിൽ അണിനിരക്കുന്നു. ഒരു സാധാരണക്കാരനായ 'നിക്കോളാസ്

റോസ്റോഫ്' ആണു മൂന്നാമത്തെ കഥാനായകൻ. ഈ കൃതിയിലെ ഏററവും സജീവമായ പാത്രം കഥാനായികയായ 'നാതഷാ'യാണെന്നുള്ള സംഗതിയിൽ പക്ഷാന്തരമില്ല. ആരേയും വശീകരിക്കാൻ വൈഭവമുള്ള ഈ തരുണീരത്നം സുന്ദരിയും സ്നേഹസമ്പന്നയുമാണു്. നാതഷായുടെ പ്രേമവൈചിത്ര്യവും അനന്തരഗതിയും അതിശയനീയങ്ങളായ കഥാസംഭവങ്ങളാണു്. കഥാഘടനയെ വിമർശിക്കുന്നതിനോ കഥാപാത്രങ്ങളുടെ സ്വഭാവത്തെപ്പററി ഉപന്യസിക്കുന്നതിനോ ഇവിടെ യത്നിക്കുന്നില്ല. ഈ ഗ്രന്ഥത്തിലെ കഥ പ്രവഹിക്കുന്ന ഒരു നദിപോലെയാണു്. ഉത്ഭവസ്ഥാനമോ പതനസ്ഥാനമോ നമുക്കറിഞ്ഞുകൂടാ. ഇടയ്ക്കുള്ള നിർദ്ദിഷ്ടമായ ഒരു ഭാഗത്തിലെ ഗതിവിഗതികളാണു പ്രതിപാദ്യവസ്തു. ശാന്തവും ശക്തവുമായ ചിന്താരീതി സൂക്ഷ്മമായ നിരീക്ഷണപാടവം, ജീവൽപ്രധാനങ്ങളായ പ്രശ്നങ്ങളെ സമീപിച്ചിരിക്കുന്നതിലുള്ള സമീചീനത മുതലായ ഗുണോൽകൃഷ്ട്യങ്ങൾകൊണ്ടു 'യുദ്ധവും സമാധാനവും' എന്ന ഗ്രന്ഥം ആപാദചൂഡം ആപാതമധുരമായ ഒരു ആഖ്യായികാതല്ലജമാണു്.

'അന്നാ കർനീനാ'യിൽ യുദ്ധവും സമാധാനവും എന്ന ഗ്രന്ഥത്തിൽനിന്നും ഭിന്നമായ ഒരു രീതിയാണു ഗ്രന്ഥകാരൻ അനുവർത്തിച്ചിരിക്കുന്നതു്. ഷേക്സ്പീയർ മഹാകവിയുടെ 'ഒഥല്ലോ' നാടകംപോലെ മനുഷ്യമനസ്സിന്റെ പ്രവർത്തനവൈവിധ്യങ്ങളേയും ഉച്ചനീചത്വങ്ങളേയും മനോഹരമായി ഈ കൃതിയിൽ ചിത്രീകരിച്ചിട്ടുണ്ടു്. പ്രേമവിഹീനമായ ഒരു

വിവാഹഘടനയെ സമുദായം അടിച്ചേൽപിക്കുന്ന ദുരന്ത വിധിയായി ടോൾസ്റ്റായി വ്യാഖ്യാനിക്കുന്നു. അന്നാ കർനീന എന്ന സ്ത്രീയുടെ സ്നേഹവ്യാപാരങ്ങളും ദാരുണാവസാനവുമാണു് ഇതിലെ പ്രതിപാദ്യവിഷയം.

സുന്ദരിയും സ്നേഹസമ്പന്നയുമായ അന്ന ലൌകിക മഹിമയിൽ പ്രൌഢനായ ഒരുദ്യോഗസ്ഥന്റെ ഭാര്യാപദവിയിലേയ്ക്കു് ഉയരുന്നു. എന്നാൽ അരസികനായ ആ ഉദ്യോഗസ്ഥഭർത്താവിനെ വഞ്ചിച്ചു് അവൾ 'വ്രോൺസ്കി' എന്ന യുവാവിനെ പ്രേമിക്കുകയാണു ചെയ്യുന്നതു്. ഈ ഗൂഢാനുരാഗം വ്രോൺസ്കിയുമൊന്നിച്ചുള്ള ഒളിച്ചോട്ടത്തിൽ കലാശിക്കുന്നു. കമിതാവുമായി മധുവിധു ആസ്വദിച്ചതിനുശേഷം നാട്ടിലേയ്ക്കു മടങ്ങിയ അന്ന അയൽക്കാരുടെ ആക്ഷേപപാത്രമായി പരിണമിക്കുന്നു. കൂടാതെ വ്രോൺസ്കിയുടെ ആത്മാർത്ഥതയിൽ അവൾക്കു സംശയവും ജനിച്ചു. ഒടുവിൽ ഗത്യന്തരമില്ലാതെ അവൾ ഓടിക്കൊണ്ടിരുന്ന ട്രെയിനിന്നടിയിൽ ചാടി ആത്മഹത്യ ചെയ്യുന്നു. ഇങ്ങനെ ശോകമയമായ ആ കഥ അവസാനിക്കുന്നു.

'പ്രതീകാരം എന്റേതാണു്; ഞാൻ പകവീട്ടും,' എന്നാണു കഥയുടെ മുദ്രാവാക്യം. "അന്നാ കർനീന" ലോകോത്തരമായ പ്രശസ്ത ടോൾസ്റ്റായിക്കു സമ്പാദിച്ചു കൊടുത്തു. അനേകം ഉപകഥാപാത്രങ്ങളും ഇതിൽ പ്രവർത്തിക്കുന്നുണ്ടു. എന്നാൽ അന്നയുടെ കഥയാണു് അനുവാചകനെ വികാരാർദ്രനാക്കുന്നതു്. സമുദായം നിരപരാധികളുടെ മേൽ നിർദ്ദയമായി അടിച്ചേൽപ്പിക്കുന്ന

നിഷ്ഠുരമായ വിധിയെ ടോൾസ്റ്റോയി നിശിതമായി വിമർശിച്ചിട്ടുണ്ട്. ജീവിതയാഥാർത്ഥ്യങ്ങളുടേയും സത്യബോധത്തിന്റേയും സൂക്ഷ്മമായ ചിത്രങ്ങൾ നമുക്ക് ഈ വിശേഷോത്തരമായ ഗ്രന്ഥതല്ലജത്തിൽ ദർശനവിധേയങ്ങളാണ്.

ടോൾസ്റ്റോയി സാഹിത്യത്തെപ്പററിയുള്ള സമീക്ഷ ഇവിടെ സമാപിപ്പിക്കേണ്ടിയിരിക്കുന്നു. ഉൽകൃഷ്ടങ്ങളും നാനാമുഖങ്ങളുമായ അനേകം ഗ്രന്ഥങ്ങൾ വാസനാഭാസുരനായ ആ കലാമർമ്മജ്ഞൻ വിശ്വസാഹിത്യത്തിനു സംഭാവന ചെയ്തിട്ടുണ്ട്. അവയെ സംഗ്രഹം ചെയ്തു പഠിക്കുന്നതിനു് ഒരു ബൃഹത്തായ ഗ്രന്ഥം കൊണ്ടേ സാധിക്കുകയുള്ളു. ടോൾസ്റ്റോയികൃതികളെപ്പററി സാമാന്യജ്ഞാനം നൽകുവാൻ മാത്രമേ ഇവിടെ ശ്രമിച്ചിട്ടുള്ളു.

# അദ്ധ്യായം പതിനഞ്ച്

## ജീവിതസന്ദേശം.

വിശ്വവിഖ്യാതരായ സാഹിത്യകാരന്മാർ പ്രായേണ വിപ്ലവകാരികളായിട്ടാണു കണ്ടുവരുന്നത്. സാഹിത്യനഭസ്സിൽ കൊള്ളിമീൻപോലെ ആവിർഭവിച്ചു സമകാലികചരിത്രത്തിൽ അത്ഭുതാവഹമായ ഒരു കോളിളക്കമുണ്ടാക്കി അവർ തിരോധാനം ചെയ്യുന്നു. കൊടുങ്കാററുകഴിഞ്ഞാൽ തീരപ്രദേശങ്ങൾ ശാന്തമാകുമെങ്കിലും ഉൾക്കടലിൽ ക്ഷോഭമടങ്ങാത്തതുപോലെ സന്ദേശവാഹകന്മാരായ പ്രവാചകന്മാരുടെ ഐഹികജീവിതമവസാനിച്ചാലും അവരുടെ സന്ദേശങ്ങൾ ജനതാമദ്ധ്യത്തിൽ അലയടിച്ചുകൊണ്ടുതന്നെയിരിക്കും. യഥാർത്ഥസാഹിത്യകാരന്മാർ വേനൽകാലത്തു മാമ്പഴംപോലെ അത്ര സുലഭമായി ഉണ്ടാകാറില്ല. അന്ധവിശ്വാസങ്ങൾ കൊണ്ടും അനാചാരങ്ങൾകൊണ്ടും മാനവസമുദായം നാശോന്മുഖമായി പരിണമിക്കുമ്പോൾ മാത്രമാണ് ഈ സാഹിത്യാചാര്യന്മാരുടെ ആവിർഭാവം. കാലം ഉന്മുഖമായി പ്രതീക്ഷിച്ചുകൊണ്ടിരിക്കുമ്പോൾ മതാചാര്യന്മാരെപോലെ സാഹിത്യനായകന്മാരും അവതരിക്കുന്നു.

കലാശ്ലാഘ സമ്പാദിച്ചിട്ടുള്ള സാഹിത്യനായകന്മാരുടെ ഗണനാപ്രസംഗത്തിൽ ടോൾസ്റ്റായി കനിഷ്ഠികാധിഷ്ഠിതനാണ്. കേവലം കലാസൌകുമാര്യമല്ല ആ മഹാകവിയുടെ കൃതികൾക്കു ശാശ്വതപ്രതിഷ്ഠ നൽ

കിയിട്ടുള്ളത്. അന്ധതയിൽ ആണ്ടുകിടന്നിരുന്ന ജനസമുദായത്തിനു പ്രദാനംചെയ്യുവാൻ അദ്ദേഹത്തിനു മഹത്തായ ഒരു സന്ദേശമുണ്ടായിരുന്നു. ആ സന്ദേശം പ്രസംഗരൂപത്തിൽനിന്നും പ്രവൃത്തിയിൽ പ്രകാശിച്ചപ്പോൾ ആ സാഹിത്യകോവിദൻ ഒരു മതാചാര്യനായി ഉയൎന്നു. അനാചാരങ്ങളെ ധ്വംസിക്കുന്നതിലും സത്യബോധത്തെ പ്രചരിപ്പിക്കുന്നതിലും ആ കലാകാരൻെറ തൂലിക വിദഗ്ദ്ധമായി പ്രവൎത്തിച്ചു. കല, കേവലം സൌന്ദൎയ്യസങ്കേതമായി അദ്ദേഹം വിവക്ഷിച്ചില്ല. സത്യബോധത്തിൻെറയും സദാചാരമാൎഗ്ഗത്തിൻെറയും കലവറയായിട്ടു മാത്രമേ കലയെ അദ്ദേഹത്തിനു കാണുവാൻ കഴിഞ്ഞുള്ളു. ടോൾസ്റ്റോയി വിഭാവനചെയ്യുന്ന കലാസൌന്ദൎയ്യത്തിൻെറ ഗുണവിശേഷങ്ങളിൽ ഉൽകൃഷ്ടമായ ആദൎശ്ശങ്ങളുടെ സമഞ്ജസമായ സമ്മേളനം നമുക്കു ദൎശിക്കുവാൻ കഴിയും. സമകാലികമായ സാമൂഹ്യവ്യവസ്ഥിതിയുടെ പശ്ചാത്തലത്തിൽ സത്യത്തിൻെറയും ആത്മാൎത്ഥതയുടേയും സൂക്ഷ്മവും യഥാൎത്ഥവുമായ ചിത്രങ്ങൾ ആ സാഹിത്യനായകൻ സ്വകൃതികളിൽ നമുക്ക് അനുഭവഗോചരമാക്കിത്തീൎക്കുന്നു.

ടോൾസ്റ്റോയിയുടെ മഹനീയഗുണങ്ങൾക്കു മകുടംചാൎത്തിയതു് അചഞ്ചലമായ സത്യനിഷ്ഠയാണു്. കപടതരംഗങ്ങളിൽ ആന്ദോളനം ചെയ്യുന്ന നിത്യജീവിതപ്രവൎത്തനങ്ങൾ ആ സത്യപ്രവാചകൻെറ ദൃഷ്ടിയിൽ ഗൎഹണീയമായിത്തീൎന്നു. ആത്മാൎത്ഥത പ്രവൃത്തിമണ്ഡലത്തിലെന്നപോലെതന്നെ സാഹിത്യവൎണ്ണനകളിലും അദ്ദേഹം ദീക്ഷിച്ചു. ചാപല്യവിവരണങ്ങൾ നിറഞ്ഞ

ദിനചര്യക്കുറിപ്പുകൾ നവോഢയായ ഭാര്യയ്ക്കു പാരായണവിധേയമാക്കിയതു് അകൃത്രിമത്വത്തിന്റെ പാരമ്യമായി വിധി കല്പിക്കുവാൻ പര്യാപ്തമാണെങ്കിലും സത്യത്തോടുള്ള ദൃഢപ്രേമമൊന്നു മാത്രമാണു് ആ സംഗതിയിൽ അദ്ദേഹത്തിനു പ്രേരണനൽകിയതെന്നുള്ള വാസ്തവം ഗ്രഹിക്കുവാൻ വിഷമമില്ല. സത്യത്തെ ഗോപനംചെയ്യുന്നതിലും അസത്യത്തെ പ്രകാശിപ്പിക്കുന്നതിലുമാണു ഭൗതികജീവിതത്തിന്റെ വിജയം സ്ഥിതിചെയ്യുന്നതെന്നു സ്വകാര്യവ്യഗ്രതയിൽ മഗ്നരായ സാമാന്യജനങ്ങൾ വിശ്വസിക്കാറുണ്ടു്. എന്നാൽ ആ ആദർശങ്ങൾ താൽക്കാലികഗുണാനുഭവങ്ങളിൽ കവിഞ്ഞു സ്ഥായിയായ യാതൊരു ഫലവും പ്രദാനം ചെയ്യുവാൻ പര്യാപ്തമല്ലെന്നുള്ള വസ്തുത പ്രസ്താവിക്കുവാൻ അപൂർവ്വം ചിലരേ മുതിർന്നു കണ്ടിട്ടുള്ളൂ. ടോൾസ്റ്റായിയുടെ കൃതികളെല്ലാംതന്നെ സത്യത്തിന്റെ മാഹാത്മ്യത്തെ പ്രകീർത്തിക്കുന്നതായി കാണാവുന്നതാകുന്നു. അനുവാചകലോകം ആവേശത്തോടുകൂടി ആത്മാർത്ഥത നിറഞ്ഞ ആ സാഹിത്യലോകത്തിൽ വിഹരിക്കുന്നതു സൌന്ദര്യമധു ആസ്വദിക്കാനല്ല; പിന്നെയോ സത്യാത്മകമായ ഒരന്തരീക്ഷത്തിൽ ചിന്തയാകുന്ന ചിറകുവിടുർത്തി ഉയർന്നുയർന്നു പറക്കുവാനാണു്. ആത്മീയചിന്തയുടെ പശ്ചാത്തലത്തിൽകൂടി ടോൾസ്റ്റായികൃതികൾ ഉന്നതാദർശങ്ങളും ഗുണപാഠങ്ങളും സാമാന്യജനതയ്ക്കു പ്രക്ഷേപണം ചെയ്യുന്നു. ഈശ്വരന്റെ വ്യക്തിവൈഭവത്തിൽ വിശ്വാസമില്ലെങ്കിലും സർവ്വവ്യാപിയായ ഒരു ശക്തിവിശേഷത്തിന്റെ പ്രവർത്തനം മാനവമനസ്സിനെ പ്രബുദ്ധമാ

കുന്നുണ്ടെന്ന ദൃഢബോധം ടോൾസ്റ്റായിക്കുണ്ടായിരുന്നു. മതഗ്രന്ഥങ്ങളിലെ അവാസ്തവതത്വങ്ങളെ നിരൂപണം ചെയ്തുകൊണ്ടാണല്ലോ വൈദികസഭയുടെ നിശിതമായ എതിർപ്പിന് ആ മഹാത്മാവു പാത്രമായതു്. എത്ര പ്രചണ്ഡമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുമെന്നിരുന്നാലും സത്യബോധത്തിൽനിന്നും അദ്ദേഹം അണുമാത്രപോലും വ്യതിചലിച്ചിരുന്നില്ല.

സ്നേഹം അജയ്യമാണെന്നും ലോകവ്യവസ്ഥിതിയുടെ സുസ്ഥിരത സ്നേഹത്തിൽ അധിഷ്ഠിതമാണെന്നും മദാന്ധകാരത്തിൽ മഗ്നരായിരുന്ന പത്തൊൻപതാം നൂറ്റാണ്ടിലെ ജനസമുദായം അറിഞ്ഞിരുന്നില്ല. ദാരിദ്ര്യതാപാകുലരായ സഹോദരലക്ഷങ്ങളുടെ ഉദ്ധാരണത്തിലാണു് സ്നേഹത്തിന്റെ ശക്തിമത്തായ വ്യാപാരം സ്ഥിതിചെയ്യുന്നതെന്നു ടോൾസ്റ്റായി ദർശിച്ചു. ദീനാനുകമ്പയും സർവ്വസാഹോദര്യവും ശൈശവകാലംമുതൽ തന്നെ ആ സാഹിത്യകുമാരനിൽ പ്രകടമായി കണ്ടിരുന്നു. പതിതജനങ്ങളുടെ പരിത്രാണമാണു യഥാർത്ഥസമുദായസേവനമെന്നു് അദ്ദേഹം വിശ്വസിച്ചു. ടോൾസ്റ്റായി സ്നേഹത്തെ ഇപ്രകാരം നിർവ്വചിച്ചിരിക്കുന്നു. "ജീവിതത്തിൽ നാം അംഗീകരിക്കേണ്ട ഒരു പ്രധാന തത്വമുണ്ടു്. അതു് സ്നേഹമാണു്. വാക്കിൽ മാത്രമല്ല; സത്യത്തിലും പ്രവൃത്തിയിലും സ്നേഹം വ്യാപരിക്കണം. ജീവിതം ദൈവത്തിനും അയൽക്കാരനുംവേണ്ടി ബലികഴിക്കാനുള്ള സന്നദ്ധതയാണു സ്നേഹം. സ്നേഹത്തിൽനിന്നും താഴ്മ, അഹിംസ മുതലായ ഗുണവിശേഷങ്ങൾ ഉത്ഭവിക്കുന്നു." സ്നേഹത്തിന്റെ മാഹാത്മ്യം അനേകം

മതാചാൎയ്യന്മാരുടെ വ്യാഖ്യാനങ്ങൾക്കു വിധേയമായിട്ടുണ്ടെങ്കിലും അഭിനവവും സമുദാരണീയവുമായ ഒരു രൂപം നൽകി സ്നേഹസ്വരൂപത്തെ നിർവ്വചിക്കുന്നതിനു ടോൾസ്റ്റോയിയെപ്പോലെ ആർക്കുംതന്നെ സാധിച്ചിട്ടില്ലെന്നുള്ളതു നിർവ്വിവാദമാണു്.

ഉയൎന്ന ചിന്തകൾക്കു പശ്ചാത്തലം ലളിത ജീവിതമാണല്ലോ. സോക്രട്ടീസ് തുടങ്ങിയ ചിന്തകന്മാരും യേശുക്രിസ്തു മുതൽ മഹാത്മാഗാന്ധിവരെയുള്ള ഋഷിവാചകന്മാരും ശാലീനജീവിതത്തിനു പ്രാധാന്യം നൽകിയിട്ടുള്ളതായി അവരുടെ ചരിത്രങ്ങൾ നമ്മെ പഠിപ്പിക്കുന്നു. പ്രഭുകുടുംബത്തിലെ ജനനംകൊണ്ടു ധന്യനായ ടോൾസ്റ്റോയി ലൗകിക മഹിമയ്ക്കനുയോജ്യമായ ആഡംബരപ്രൗഢികൾ നിരാകരിച്ചതു ആക്ഷേപവിമർശനങ്ങൾക്കു വിഷയമായിട്ടുണ്ടെങ്കിലും ആ മഹാനുഭാവന്റെ ചിന്തയേയും പ്രവൃത്തിയേയുംപററി പഠിക്കുന്നവൎക്കു് അദ്ദേഹം പാലിച്ചിരുന്ന ലാളിത്യം വിസ്മയഹേതുകമായി തീരുന്നില്ല. സാധുക്കളും പതിതന്മാരായിരുന്ന കൃഷീവലന്മാരോടുള്ള സഹാനുഭൂതിയുടെ പ്രത്യക്ഷലക്ഷ്യമായിട്ടും സുഖപ്രൗഢിയിലുള്ള പരാങ്മുഖതയുടെ പരോക്ഷലക്ഷണമായിട്ടും ആ പ്രഭുവര്യൻ അനാഡംബരമായ വേഷങ്ങൾ മാത്രംസ്വീകരിച്ചു. ജീവിതരീതിയിലുള്ള ലാളിത്യംപോലെതന്നെ സ്വാശ്രയശീലത്തെ പ്രോത്സാഹിപ്പിക്കുന്നതിലും അദ്ദേഹത്തിന്റെ വിദഗ്ദ്ധമായ തൂലിക പ്രവൎത്തിച്ചിട്ടുണ്ടു്. മനുഷ്യൻ പരാശ്രയബദ്ധനാണെങ്കിലും പരസഹായം കൂടാതെ കഴിക്കാവുന്ന പല സംഗതികളും ദൈനംദിനജീവിതത്തിൽ ഉണ്ടെന്നുള്ളതു് ഒരു വാസ്തവ വസ്തുത

യാണു്. സ്വാശ്രയശീലത്തിന്റെ സിദ്ധികൾ പ്രവൃത്തിരൂപത്തിലാണു ടോൾസ്റ്റായി ജനസാമാന്യത്തിനു മനസ്സിലാക്കി കൊടുത്തതു്. ആഹാരസാധനങ്ങൾ സ്വയം പാകം ചെയ്യുന്നതിനും സ്വയം ഉണ്ടാക്കി ഉപയോഗിക്കാവുന്ന സാധനങ്ങൾ നിർമ്മിക്കുന്നതിനും പാടങ്ങളിൽ കൃഷീവലന്മാരോടൊപ്പം പണിയെടുക്കുന്നതിനും അദ്ദേഹം പ്രവൃത്തിരൂപത്തിൽ ഉപദേശിച്ചു. ഈ വിഷയത്തിൽ പരിഷ്കാരപ്രവാഹത്തിൽപെട്ടു സുഖലോലുപതയിലേയ്ക്കു് അതിശീഘ്രം നീങ്ങിക്കൊണ്ടിരിക്കുന്ന ഒരു ജനസമുദായത്തെയാണു അദ്ദേഹം നേരിട്ടതെന്നുള്ള സംഗതി വിസ്മരിക്കത്തക്കതല്ല. കായികാധ്വാനം തന്ദ്രിയെ ദൂരീകരിക്കുമെന്നും ധനികന്മാരുടെ അലസതയാണു ദാരിദ്ര്യത്തിനു നിദാനമെന്നും അദ്ദേഹം സ്ഫടികസ്ഫുടമായി പ്രസ്താവിച്ചിട്ടുണ്ടു്. സുഖഭോഗങ്ങളുടെ ഉന്നതശൃംഗങ്ങളിൽ നിന്നുകൊണ്ടു് ഉപദേശങ്ങളെ ഉച്ചൈസ്തരം ഉൽഘോഷണം ചെയ്യുകയല്ല അദ്ദേഹം ചെയ്തതു്. പതിത സാമാന്യജനങ്ങൾ വസിക്കുന്ന അധിത്യകകളിലേയ്ക്കിറങ്ങിവന്നു് അവരുടെ ജീവിത സാഹചര്യങ്ങളിൽ സഹകരിച്ചു് ആത്മാർത്ഥതയോടു കൂടി പ്രവർത്തിക്കുകയാണു് ആ മഹാനുഭാവൻ ചെയ്തിട്ടുള്ളതു്.

ഉന്നതങ്ങളായ ആദർശങ്ങളുടെ പ്രഖ്യാപനംകൊണ്ടു പ്രവർത്തിക്കുന്ന മഹാത്മാക്കൾക്കു് അഭിപ്രായധീരത അനപേക്ഷണീയമാണെന്നുള്ളതിനു ടോൾസ്റ്റായിയുടെ ജീവിതംതന്നെ ഒരു പ്രത്യക്ഷോദാഹരണമാണു്. മതസഭയുടെ നിശിതമായ അമർഷവും ഗവൺമെന്റിന്റെ കർക്കശമായ മർദ്ദനവും ഒരേ സമയം നേരിടുന്നതിനു് അസാ

മാന്യ വൈഭവവും ധീരതയുമുള്ള ഒരു വ്യക്തിക്കല്ലാതെ അന്നത്തെ സ്ഥിതിക്കു റഷ്യയിൽ ആൎക്കും സാധിക്കുമായിരുന്നില്ലെന്നുള്ളതു പ്രത്യേകം സ്മരണീയമാണ്. ജീവനെ കേവലം 'കേളീകന്ദുകംപോലെ പരിഗണിച്ചിരുന്ന ആ ധീരപുരുഷന് ദുസ്തരമായ യാതൊരു പ്രതിബന്ധങ്ങളുമുണ്ടായിരുന്നില്ല. മതസഭയുടെ ഉഗ്രനിയമങ്ങളെ ലംഘിക്കുവാനും മതസഭാനുഷ്ഠാനങ്ങളിലുള്ള വൈകല്യങ്ങളെ പരസ്യമായി എതിൎക്കുവാനും ടോൾസ്റ്റോയി മുതിൎന്നതു് ഭയരാഹിത്യവും സത്യബോധവുംകൊണ്ടാണെന്നേ പ്രസ്താവിപ്പാൻ തരമുള്ളൂ. ഡൌക്കോബാഴ്സ് പ്രസ്ഥാനത്തോടുള്ള അനുഭാവപ്രകടനം, ഏതു പ്രതികൂലസന്ധിയിലും ചക്രവൎത്തിയെ അഭിസംബോധന ചെയ്യുന്നതിനുള്ള സന്നദ്ധത മുതലായവ ആ മഹാപുരുഷന്റെ നിൎഭയസ്വഭാവത്തിനു മകുടോദാഹരണങ്ങളാണു്. ഒരു സാമാന്യജനനേതാവു് അസ്തപൌരുഷനായി അധഃപതിക്കുമായിരുന്ന കരാളമായ ആ കാലഘട്ടത്തിൽ പ്രവൃദ്ധോന്മേഷത്തോടും ആൎജ്ജവശീലത്തോടുംകൂടി സ്വേച്ഛാപ്രമത്തതയെ സധീരം എതിൎത്തുനിന്നു ലോകത്തിന്റെ അഭിനന്ദനാദരങ്ങൾ സമ്പാദിച്ച ആ മഹാത്മാവു മാനവസമുദായചരിത്രത്തിൽ ഹിമാലയശൃംഗംപോലെ ഉയൎന്നുനിൽക്കുന്നു എന്നു പറഞ്ഞാൽ അതിശയോക്തിയല്ല. റഷ്യയിലെ ആത്മീയലോകത്തിന്റെ അനഭിഷിക്തചക്രവൎത്തിയായി ആരോഹണം ചെയ്തിരുന്ന ആ മഹാപുരുഷന്റെ മുമ്പിൽ മൃഗീയബലം സൂൎയ്യപ്രകാശത്തിൽ അന്ധകാരമെന്നപോലെ അന്തൎദ്ധാനം ചെയ്തു.

നിയമത്താലോ ഭരണക്രമത്താലോ ബദ്ധമാകാത്ത അകൃത്രിമരമണീയമായ ഒരു ജനസമുദായത്തെയാണു് ടോൾസ്റ്റായി വിഭാവന ചെയ്തുകാണുന്നതു്. വ്യവസ്ഥാപിതഭരണക്രമങ്ങളോടും സംഘടിതമായ സംഘങ്ങളോടും ആ മഹാനുഭാവനു വിപ്രതിപത്തിയുണ്ടായിരുന്നു. നിയമപാലനോദ്യോഗസ്ഥന്മാർ സമാധാനഭഞ്ജകരായി അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ പ്രത്യക്ഷപ്പെട്ടു. അഭിനവശാസ്ത്രങ്ങളോടും യന്ത്രസാമഗ്രികളോടും അദ്ദേഹത്തിനു് അതിയായ വെറുപ്പാണുണ്ടായിരുന്നതു്. വൈദ്യശാസ്ത്രത്തിന്റെ നേട്ടങ്ങളിൽപോലും അദ്ദേഹം വിശ്വസിച്ചില്ല. അനാരോഗ്യം നിമിത്തം ഒന്നുരണ്ടു സന്ദർഭങ്ങളിൽ ഡാക്ടരുടെ സേവനം അത്യന്താപേക്ഷിതമായെങ്കിലും പ്രകൃതിയുടെ നിയമങ്ങൾകൊണ്ടു രോഗശമനം നേടണമെന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസപദ്ധതി. നാഗരികസൗകര്യങ്ങളേക്കാൾ നൈസർഗ്ഗികമായ ഗ്രാമഭംഗികൊണ്ടു് അദ്ദേഹം മന്മ കൽപിച്ചിരുന്നതു്. യാന്ത്രികയുഗത്തിൽനിന്നും പ്രകൃതിയിലേയ്ക്കു മടങ്ങണമെന്നു് ടോൾസ്റ്റായി ജനസമുദായത്തെ ഉൽബോധിപ്പിച്ചു.

അക്രമത്തിൽ ആസക്തമായിരുന്ന ലോകത്തിനു മഹാനായ ടോൾസ്റ്റായി ഒരു ദിവ്യസന്ദേശം പ്രക്ഷേപണം ചെയ്തു. അതു് അക്രമരാഹിത്യസിദ്ധാന്തമായിരുന്നു. ബലത്തെ ബലംകൊണ്ടു മത്തണമെന്നുള്ള വിശ്വാസപ്രമാണം ദൃഢമൂലമായിരുന്ന ഒരു കാലഘട്ടത്തിലാണു ആദർശവാദം പുറപ്പെടുവിക്കാൻ ടോൾസ്റ്റായി മുതി

ന്നു്. ബലപ്രയോഗത്തെ സ്നേഹംകൊണ്ടു തിക്കണമെന്നും സ്നേഹംകൊണ്ടു് അതിനെ കീഴടക്കണമെന്നും അദ്ദേഹം ഉപദേശിച്ചു. ഈ ഉപദേശത്തിന്റെ വിശദീകരണത്തിൽ സൈന്യസംരക്ഷണം അനാവശ്യമാണെന്നും യുദ്ധം മാനവപുരോഗതിയെ സ്തംഭിപ്പിക്കുന്നു എന്നും അദ്ദേഹം സമർത്ഥിച്ചു. രക്തപങ്കിലമായ റഷ്യയിലെ മണ്ണിൽ ഈ നൂതനസിദ്ധാന്തം വേരൂന്നിയില്ലെങ്കിലും അതു തിരയിൽനിന്നും ദാക്ഷിണാത്യനായ മഹാത്മഗാന്ധി കൊളുത്തിയ പന്തം ഇന്നും ഭാരതവർഷത്തെ പ്രകാശമാനമാക്കി തീർക്കുന്നുണ്ടു്. ടോൾസ്റ്റോയിയുടെ മഹത്വമറിഞ്ഞു് അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങൾ ജീവിതപരിപാടികളിൽ സ്വീകരിച്ചു പ്രയോഗക്ഷമമാക്കുന്നതിൽ മഹാത്മജി നിതരാം വിജയിയാകുക തന്നെ ചെയ്തു. സത്യബോധത്തോടുകൂടിയ സിദ്ധാന്തപരതകൊണ്ടു ടോൾസ്റ്റോയിക്കുപോലും അലഭ്യമായിരുന്ന ഫലവിശേഷങ്ങൾ ഗാന്ധിജി സമ്പാദിച്ചു. മതാന്ധതയിലും അനാചാരത്തിലും ആണ്ടുകിടന്നിരുന്ന ഒരു ജനസമുദായത്തെ തട്ടിയുണർത്തുവാൻ ടോൾസ്റ്റോയിക്കു സാധിച്ചില്ലെങ്കിൽ രാഷ്ട്രീയാസമത്വങ്ങൾകൊണ്ടും സാമ്പത്തിക പരാധീനതകൊണ്ടും പതിതമായിരുന്ന ഒരു രാഷ്ട്രത്തെ വിദേശാധിപത്യത്തിൽനിന്നും വിമുക്തമാക്കി ആത്മാഭിമാനത്തോടുകൂടി ജീവിക്കുവാനും സ്വാതന്ത്ര്യമായി നിൽക്കുവാനും ശക്തമാക്കുന്നതിൽ മഹാത്മജി വിജയശ്രീലാളിതനായി. സത്യവും അക്രമരാഹിത്യവും ലോകത്തിന്റെ ശാശ്വത നിലനില്പിനു അത്യന്താപേക്ഷിതമായ രണ്ടു ഘടകങ്ങളാണു്. ആറ്റംബോംബിനെക്കാളും

സ്ഫോടകശക്തിയുള്ള ഈ രണ്ടു് ആയുധങ്ങളും മഹാനായ ടോൾസ്റ്റോയി നിർദ്ദേശിച്ചെങ്കിലും പ്രയോഗംകൊണ്ടു പ്രയോജനപ്പെടുത്തുവാൻ മഹാത്മജിക്കു മാത്രമേ സാധിച്ചിട്ടുള്ളു. 'ശാലീനതയും നന്മയും സത്യവും കൂടാതെ യാതൊരു മഹത്വവുമില്ല' (There is no greatness without simplicity, goodness and truth) എന്നിപ്രകാരമാകുന്നു ടോൾസ്റ്റോയി മഹത്വത്തിനു ലക്ഷണനിർദ്ദേശം ചെയ്യുന്നതു്. ഈ നിർവചനം ഗാന്ധിജിയെ സംബന്ധിച്ചിടത്തോളം എത്രമാത്രം അനുയോജ്യമാണെന്നുള്ളതു് അനുഭവസിദ്ധമാണ്. ദക്ഷിണാഫ്രിക്കയിൽ സമാരംഭിച്ച സത്യാഗ്രഹസമരത്തിനു ടോൾസ്റ്റോയിയുടെ ആശീർവ്വാദം മഹാത്മജിക്കു ലഭിച്ചിരുന്നു. ആ മഹാത്മാവിനോടുള്ള ബഹുമാനാദരങ്ങൾ ഗാന്ധിജി ആത്മചരിത്രത്തിൽ പ്രകടിപ്പിച്ചിട്ടുണ്ടു.

മഹാനായ ടോൾസ്റ്റോയി മൺമറഞ്ഞിട്ടു ദശവർഷങ്ങൾ പലതു കഴിഞ്ഞെങ്കിലും ആ തുംഗദീപസ്തംഭത്തിൽ നിന്നും പ്രവഹിക്കുന്ന പ്രഭാപ്രസരം അന്ധതയിലുഴലുന്ന മാനവസമുദായത്തിന് അനന്തമായ ശാന്തി നൽകുമെന്നുള്ളതു നിശ്ചയമാണ്. സാധാരണ മനുഷ്യനു ദുഷ്പ്രാപമായ ചിന്താമണ്ഡലത്തിൽ ആ മഹാത്മാവ് ഉയർന്നു പറന്നു. ശാന്തവും നിർമ്മലവുമായി പ്രവഹിച്ചിരുന്ന ആ നിമ്നഗ എത്രയെത്ര മരുഭൂമികളെയാണ് മനോജ്ഞവും ഫലഭൂയിഷ്ഠവുമാക്കി തീർത്തതു്. അക്രമരാഹിത്യവും സർവ്വസാഹോദര്യവും നീണാൾ വിജയിക്കട്ടെ.

# “ ഉദയകാന്തി ”

പതിനഞ്ചു ലഘുകവിതകളുടെ സമാഹാരം

*By*

## ചിറയിൻകീഴ് ഭാസ്കരപിള്ള.

വില അണ പന്ത്രണ്ട്.

“ ‘ ഉദയകാന്തി ’ ശ്രീ. ഭാസ്കരപിള്ള രചിച്ചിട്ടുള്ള ലഘുകവിതകളുടെ പ്രഥമസമാഹാരമാണ്. വിടർന്നു വരുന്ന ഒരു ഭാവനാചക്രവാളം സ്വാനുഭവത്തിന്റെ കിരണകന്ദളങ്ങളാൽ തിളങ്ങിത്തുടങ്ങിയിരിക്കുന്ന വികാരാർദ്രമായ ഒരന്തരീക്ഷം, അതിൽ സ്വച്ഛന്ദം വിഹരിക്കുന്ന ജീവിതച്ഛായകളുടെ സുഭഗചലനം, ഇതെല്ലാം ഉദയകാന്തിയുടെ മനോരഞ്ജകത വർദ്ധിപ്പിക്കുന്നു. ശ്രവണമധുരങ്ങളായ ആലാപങ്ങളാൽ ഇതിലെ അന്തരീക്ഷം ആകർഷകമായിരിക്കുന്നു.

ശ്രീ. ഭാസ്കരപിള്ളയുടെ കവിത ചെറുപ്പത്തിൽത്തന്നെ ചിന്താപരയാണ്; ആദർശപ്രവണയാണ്, വികാരമുഗ്ദ്ധയാണ്. പദവിന്യാസത്തിന് ഇപ്പോഴേ ഉണ്ട് ഒരു വെടുപ്പും, അടുക്കും, ചന്തവും ..........”

മഹാകവി ജി. ശങ്കരക്കുറുപ്പ്.


അപേക്ഷിക്കേണ്ടും മേൽവിലാസം:

**കെ. ബി. പബ്ലിക്കേഷൻസ്,**

വഞ്ചിയൂർ, തിരുവനന്തപുരം.

ചിറയിൻകീഴ്.


NOW!
NEW
NEW
Pepsodent
TOOTHPASTE
GERM CHECK

one toothpaste
at effectively
s away germs